# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാസറഗോഡ് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121

ഇ-മെയിൽ: mlksd.ksad@kerala.gov.in

ഫോൺ : 04994-230051

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KSM2/100/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കാസർഗോഡ്-671121
തീയ്യതി: 31/03/2023
ഇ-മെയിൽ: mlksd.ksad@kerala.gov.in
ഫോൺ: 04994-230051

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കാസറഗോഡ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12,1-22,1-23,1-26,1-27,1-29,1-30,1-35,1-45 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.ഡയറക്ടർ,നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4.റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യവകുപ്പ്,കോഴിക്കോട്(ഉപരിപത്രം സഹിതം)

5. കാര്യാലയ പ്രതി

നമ്പർ: KSA/KSM2/100/2023 തീയ്യതി: 31/03/2023

## കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കുമാർ .സി. | ഡെപ്യൂട്ടി ഡയറക്ടർ | 01-07-2022 | 17-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-07-2022 | 17-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുധീഷ് എം. പി,ഓഡിറ്റ് ഓഫീസർ, 01.07.2022 മുതൽ 17.03.2023 വരെ
ശ്രീ. ശിവശങ്കര. കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ, 01.07.2022 മുതൽ 17.03.2023 വരെ
ശ്രീ. സുധീഷ്. എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ, 01.07.2022 മുതൽ 17.03.2023 വരെ
ശ്രീമതി.ശരണ്യ.കെ.വി, ഓഡിറ്റർ, 07.07.2022 മുതൽ 10.03.2023 വരെ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. വി.എം. മുനീർ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ.കെ. മനോഹർ | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീമതി ഷർമിള.പി | സെക്രട്ടറി | 02-07-2021 | 23-09-2021 |
| ശ്രീ. ബിജു എസ്. | സെക്രട്ടറി | 24-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അനിൽകുമാർ.എ.ജി | ഫിഷറീസ് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ. വിജയ കുമാർ. | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| രാജറാം.കെ.കെ | സൂപ്രണ്ടന്റ് ജനറൽ ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ഡോ. സ്മിത വേലായുധൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| മുരളീധരൻ | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 01-04-2021 | 16-01-2022 |
| ശ്രീജ.എം.പി | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 17-01-2022 | 31-03-2022 |
| ശ്രീ. കെ. മനോഹർ | സെക്രട്ടറി, കാസറഗോഡ് നഗരസഭ | 01-04-2021 | 01-07-2021 |
| ഷർമിള.പി | സെക്രട്ടറി, കാസറഗോഡ് നഗരസഭ | 02-07-2021 | 23-09-2021 |
| ബി.ജു.എസ് | സെക്രട്ടറി, കാസറഗോഡ് നഗരസഭ | 24-09-2021 | 31-03-2022 |
| ഡോ. റോഷൻ.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 10-11-2021 |
| ഡോ. വീണ.പി.എസ് | വെറ്ററിനറി സർജൻ | 11-11-2021 | 31-03-2022 |
| എ.ആർ.അജീഷ് | പ്രൊജക്ട് ഓഫീസർ, സി.ഡി.എസ് | 01-04-2021 | 16-07-2021 |
| സുധീർ.ടി | പ്രൊജക്ട് ഓഫീസർ, സി.ഡി.എസ് | 17-07-2021 | 31-03-2022 |
| ധനലക്ഷ്മി എം | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശരത്ത് ടി.വി | എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| വിൻസന്റ് സി.എ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 18-06-2021 |
| മധുസുദനൻ എ.വി | ഹെൽത്ത് | 19-06-2021 | 04-07-2021 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| രഞ്ജിത്ത് കുമാർ എ.പി | ഹെൽത്ത് സൂപ്പർവൈസർ | 05-07-2021 | 31-03-2022 |
| പ്രിൻസിപ്പാൾ ജി.എച്ച്. എസ്.എസ് | ഗീത. ജി തോപ്പിൽ | 01-04-2021 | 31-05-2021 |
| പ്രിൻസിപ്പാൾ ജി.എച്ച്. എസ്.എസ്. | ഡോമിനിക്ക് അഗസ്റ്റിൻ | 01-06-2021 | 31-03-2022 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കാർത്ത്യായനി.എ | 01-04-2021 | 31-03-2022 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഉപേന്ദ്രൻ വി.വി | 01-04-2021 | 31-03-2022 |
| ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | വി.കെ.മിലൻ | 01-04-2021 | 04-03-2022 |
| ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | നജില.ടി.കെ | 05-03-2022 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ. | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം). | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 10 | ക്യാഷ് ബാലൻസ് ഭൗതിക പരിശോധന - തുകയിൽ വ്യത്യാസം | 1-10 |
| 11 | രസീതി പരിശോധന-അപാകതകൾ | 1-11 |
| 12 | കെട്ടിട നിർമ്മാണ ലൈസൻസ് -അധിക ഫീസ് ഈടാക്കിയില്ല- ലൈസൻസ് ഫീ ഇനത്തിൽ 11,13,385 രൂപ നഷ്ടം | 1-12 |
| 13 | നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 14 | കുറഞ്ഞ നിരക്കിൽ സേവന ഉപനികുതി ഈടാക്കി പോരുന്നു. | 1-14 |
| 15 | കണ്ടിജന്റ് ചെലവുകൾ - അർഹമായ പരിധിയിൽ കൂടുതൽ തുകകൾ ചെലവഴിച്ചു. | 1-15 |
| 16 | നഗരസഭയിൽ ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപികരിച്ചിട്ടില്ല. | 1-16 |
| 17 | നഗരസഭയിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ ഓഡിറ്റർ ലോഗിൻ അനുവദിച്ചിട്ടില്ല. | 1-17 |
| 18 | ശമ്പള പരിഷ്കരണ ഉത്തരവിന് വിരുദ്ധമായി അധിക നിരക്കിൽ വീട്ടു വാടക ബത്ത നൽകി | 1-18 |
| 19 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-19 |
| 20 | പേ വാർഡ് കെട്ടിടത്തിന് വസ്തു നികുതി ചുമത്തിയിട്ടില്ല. | 1-20 |
| 21 | പട്ടിക ജാതി / പട്ടിക വർഗക്കാർക്കായി നീക്കി വച്ചിരിക്കുന്ന മുറികൾ ഒഴിഞ്ഞു കിടക്കുന്നു. | 1-21 |
| 22 | വിദ്യാനഗർ വ്യവസായ എസ്റ്റേറ്റ് - സ്ഥലം കയ്യേറി തടി സൂക്ഷിച്ചിരിക്കുന്നു. | 1-22 |
| 23 | വിദ്യാനഗർ വ്യവസായ എസ്റ്റേറ്റ് - മലിനമായി കിടക്കുന്നു. | 1-23 |
| 24 | പ്രീ-മെടിക്ക് ഹോസ്റ്റൽ ചെലവുകൾ - 2,88,575/- രൂപയുടെ രേഖകൾ ഇല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-24 |

| | | |
|---|---|---|
| 25 | വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും-വിതരണ രേഖകളില്ല- 5000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | നഗരസഭയുടെ കൈവശത്തിലുള്ള ഭൂരിഭാഗം വസ്തുക്കൾക്കും വില്ലേജ് ഓഫീസുകളിൽ രേഖകളില്ല | 1-26 |
| 27 | നഗരസഭ ഏല്പിച്ച വാർഷിക വികസന പദ്ധതികൾ ഒന്നും തന്നെ വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയിട്ടില്ല. | 1-27 |
| 28 | പെൻഷൻ ഫണ്ട് കുടിശ്ശിക ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-28 |
| 29 | വിവിധ പ്രവ്യത്തികൾക്കായി ജീവനക്കാർക്ക് നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല- 14,60,840/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 30 | നഗരസഭയിൽ മാലിന്യ സംസ്കരണം കാര്യക്ഷമമല്ല- തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-30 |
| 31 | ഗ്രൗണ്ട് വാട്ടർ വകുപ്പ് കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 32 | PMAY ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 1-32 |
| 33 | മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്യതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല- 1,29,500/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 34 | താളിപ്പടപ്പ് മൈതാനത്തിന്റെ 2021-22 വർഷത്തെ പാട്ട തുക ഒടുക്കിയത് - 2,80,750/- രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 35 | വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- പൂർത്തീകരണ,വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല- 40,70,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 36 | കോവിഡ് പ്രതിരോധ പ്രവർത്തനം-ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കൽ - തുടർ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. | 1-36 |
| 37 | ഇൻഫർമേഷൻ കേരള മിഷന് തുക നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-37 |
| 38 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ നീട്ടൽ - പ്രവ്യത്തി പൂർത്തീകരിച്ച വിവരം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 299713/- രൂപ തടസ്സപ്പെടുത്തുന്നു. | 1-38 |
| 39 | സർവ്വശിക്ഷാ അഭിയാൻ -നഗരസഭ വിഹിതം നൽകൽ- തുടർ പ്രവർത്തനം നിരീക്ഷിക്കുന്നില്ല. | 1-39 |
| 40 | അനുബന്ധ രേഖകളില്ല - 45309 രൂപ തടസ്സപ്പെടുത്തുന്നു | 1-40 |
| 41 | നഗരസഭയിൽ സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല | 1-41 |
| 42 | പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഒടുക്കിയത് - കുടിശ്ശിക തുക സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. | 1-42 |

| | | |
|---|---|---|
| 43 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തനത്ഫണ്ടിലേക്ക് തിരികെ ലഭിച്ചില്ല | 1-43 |
| 44 | ബിറ്റുമിൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാതെ ഫൈനൽ ബിൽ തുക നൽകി- സർക്കാർ ഉത്തരവിന്റെ ലംഘനം - 638776/- രൂപ തടസ്സപ്പെടുത്തുന്നു | 1-44 |
| 45 | ഉപയോഗിക്കാത്ത പൊതു കിണറിന് റീചാർജിംഗ് - പാഴ്ച്ചെലവ് | 1-45 |
| 46 | സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ - കരാറുകാരന് അധിക പ്രതിഫലം നൽകി | 1-46 |
| 47 | കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തിയില്ല. | 1-47 |
| 48 | നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-48 |
| 49 | കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്ക് വരുത്തയില്ല | 1-49 |
| 50 | പിഴ ചുമത്തിയ തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തില്ല – നഗരസഭാ ഫണ്ടിന് നഷ്ടം | 1-50 |
| 51 | ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തിയില്ല | 1-51 |
| 52 | തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവർ നിരവധി - ധനസഹായം സംബന്ധിച്ച് നഗരസഭയുടെ ഭാഗത്ത് നിന്നും ബോധവത്ക്കരണം ഇല്ല | 1-52 |
| 53 | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം- മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല | 1-53 |
| 54 | നഗരസഭയിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ- പദ്ധതി പൂർത്തിയാക്കിയില്ല- അക്രഡിറ്റഡ് ഏജൻസിയുടെ കരാർ ലംഘനം. | 1-54 |
| 55 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ് | 1-55 |
| 56 | അർബൻ പ്രൈമറി ഹെൽത്ത് സെന്റർ - ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് പത്രികകൾ ഹാജരാക്കിയിട്ടില്ല. | 1-56 |
| 57 | പണമാക്കാനായി ബാങ്കിൽ നൽകിയ ചെക്കുകളുടെ തുകകൾ ബാങ്കിൽ വരവ് വന്നിട്ടില്ല | 1-57 |
| | ഭാഗം **2** | |
| 1 | കെട്ടിട നിർമ്മാണ ലൈസൻസ് -അധിക ഫീസ് ഈടാക്കിയില്ല- ലൈസൻസ് ഫീ ഇനത്തിൽ 11,13,385 രൂപ നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | ഉപയോഗിക്കാത്ത പൊതു കിണറിന് റീചാർജിംഗ് - പാഴ്ച്ചെലവ് | 3-1 |
| 2 | സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ - കരാറുകാരന് അധിക പ്രതിഫലം നൽകി | 3-2 |

| | | |
|---|---|---|
| 3 | നഗരസഭയിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ -പദ്ധതി പൂർത്തീകരിച്ചില്ല- അക്രഡിറ്റഡ് ഏജൻസിയുടെ കരാർ ലംഘനം. | 3-3 |
| 4 | നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 3-4 |
| 5 | കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്ക് വരുത്തയില്ല | 3-5 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് . | 4-5 |
| 6 | സ്ഥിര നിക്ഷേപം. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്. | |
| 5 | ബാലൻസ് ഷീറ്റ് | |
| 6 | വീട്ടുവാടക ബത്ത - അധിക നിരക്കിൽ നൽകിയതിന്റെ വിവരം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

22.02.2021 തീയ്യതിയിലെ തീരുമാന 1 പ്രകാരം 2021-22 വർഷത്തേയ്ക്കുള്ള മതിപ്പു ബജറ്റും 26.03.2022ലെ തീരുമാന നമ്പർ 1 പ്രകാരം 2021-22 വർഷത്തെ പുതുക്കിയ/പരിഷ്ക്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

| | മതിപ്പ് ബജറ്റ് | പുതിക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 8,62,61,908/- | 9,13,39,924/- |
| വരവ് | 35,64,85,626/- | 41,95,83,911/- |
| ആകെ | 44,27,47,534/- | 51,09,23,835/- |
| ചെലവ് | 38,08,24,326/- | 42,15,41,652/- |
| നീക്കിയിരിപ്പ് | 6,19,23,208/- | 8,93,82,183/- |

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ.

നഗരസഭയുടെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയിൽ നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വർഗ്ഗീകരണം, മൂല്യ നിർണ്ണയം, എന്നിവ പൂർത്തിയാക്കി ആസ്തി രജിസറ്ററുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ആസ്തി രജിസ്റ്റർ പ്രകാരമുള്ള തുകകൾ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

2) ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂളിലും റസീറ്റ് & പേയമെന്റ് അക്കൗണ്ടിലെ RP-40(b) ഷെഡ്യൂളിലും കാണിച്ചിട്ടുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ കാലങ്ങളായി ഉപയോഗിക്കുന്നില്ല.

| ബാങ്ക് അക്കൗണ്ട് | 31.03.2022ലെ നീക്കി ബാക്കി |
|---|---|
| കോർപ്പറേഷൻ ബാങ്ക് സാക്ഷരത അക്കൗണ്ട് നം. 6966 | 13088.50 |
| ഐസിഐസിഐ ബാങ്ക് 022005000925 | 18586 |
| കോർപ്പറേഷൻ ബാങ്ക് 6423-എഞ്ചിനീയറിംഗ് സെക്ഷൻ | 954147 |
| എച്ച്.ഡി.എഫ്.സി തനത് ഫണ്ട് - 6702 | 2809 |

ആയതിന്റെ ആവശ്യകത പരിശോധിച്ച് ആവശ്യമില്ലാത്തവ ക്ലോസ്സ് ചെയ്യേണ്ടതാണ്.

3) ബേങ്ക് റീ കൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4) അഡ്വാൻസ് രജിസ്റ്ററിൽ തുകകളുടെ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂളിലെ തുകകളുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

5) ഡെപ്പോസിറ്റ് രജിസ്റ്റർ ഏഴുതി പൂർത്തിയാക്കി സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ B7 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6) തൊഴിൽ നികുതി , ലൈസൻസ് ഫീസ് വരവ്, വാടക വരവ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. ആയതിനാൽ AFS ലെ ബാലൻസ് ഷീറ്റിലെ B15 ഷെഡ്യൂൾ പ്രകാരമുള്ള കുടിശ്ശിക തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

7) സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ,

എന്റർടെയ്ൻമെന്റ് ടാക്സ് തുടങ്ങിയ വരവുകളുടെ രജിസ്റ്റർ തുടങ്ങിയവ DCB എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട AFS തുകകളുടെ ആധികാരികത പരിശോധിക്കാനായില്ല.

8) ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള 36,49,507/- രൂപ ഏത് പദ്ധതികൾക്ക് വേണ്ടി പിരിച്ചെടുത്തതിന്റെ ബാക്കിയാണെന്നുള്ള വിവരം കാണിക്കുന്ന രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

9) ബാലൻസ് ഷീറ്റിലെ B14 ഷെഡ്യൂൾ പ്രകാരം Closing Stock -Store ആയി 489267 രൂപ കാണിച്ചിട്ടുണ്ട്. ഇത് സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

10) ബാലൻസ് ഷീറ്റിലെ ബി12 ഷെഡ്യൂൾ - പ്രകാരം Investment-Equity Shares ഇനത്തിൽ 2029000 രൂപ കാണിച്ചിട്ടുണ്ട്. ആയിതന്റെ Original ഷെയർ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

11) റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് RP-5 ഷെഡ്യൂൾ പ്രകാരം 845678 രൂപ ടെണ്ടർ ഫോമുകളുടെ വിറ്റു വരവായി വന്നിട്ടുണ്ട്. ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12) റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് RP-24 ഷെഡ്യൂൾ പ്രകാരം കാണിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനവിഷ്കൃത പദ്ധതികൾ, പ്രത്യേക പദ്ധതി ഗ്രാന്റുകൾ എന്നീ ഗ്രാന്റ് വരവുകളുടെ കൃത്യത പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

13) Sankhya (Web) സഞ്ചയ (വസ്തു നികുതി), സഞ്ചയ (ലൈസൻസ്) , സഞ്ചയ (തൊഴിൽ നികുതി), സുലേഖ (Plan Monitoring) IBPMS (Building Permit) തുടങ്ങിയ സോഫ്റ്റ്‌വെയറുകളിൽ ഓഡിറ്റർ ലോഗിൻ സൗകര്യം ലഭ്യമല്ലാത്തതിനാൽ റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് RP-37 ഷെഡ്യൂൾ പ്രകാരമുള്ള നികുതി, ഫീസ്, സെസ്സ്, എന്നീ ഇനങ്ങളിലുള്ള വരവിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

14) ബാലൻസ് ഷീറ്റിലെ B11 Schedule ൽ Capital Work In Progress ഇനത്തിൽ 7452439 രൂപ നിലനിൽക്കുന്നുണ്ട്. പാർട്ട് ബിൽ കൊടുത്തിട്ടുള്ള വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ (Ongoing & Completed) സൂക്ഷിക്കുന്നതിന് വാച്ച് രജിസ്റ്ററോ മറ്റ് രേഖകളോ പരിപാലിക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കില്ല.

15) ബാലൻസ് ഷീറ്റിലെ B11 ഷെഡ്യൂളിൽ അക്യുമിലേറ്റഡ് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. പലയിനങ്ങളും കഴിഞ്ഞ വർഷത്തെ ഡിപ്രിസിയേഷൻ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | 2020-21 ലെ ഡിപ്രിസിയേഷൻ തുക | 2021-22 ലെ ഡിപ്രിസിയേഷൻ തുക | റിമാർക്സ് |
|---|---|---|---|
| Water Ways | 5087624 | 5087624 | ഒരേ തുകയാണ് കാണിച്ചിരിക്കുന്നത് |
| Public Lighting | 313036 | 768527 | ഭീമമായ വ്യത്യാസം കാണുന്നു. |
| Vehicles | 2269712 | 910589 | ഭീമമായ വ്യത്യാസം കാണുന്നു. |

16) മുനിസിപ്പൽ എഞ്ചിനീയറുടെ എക്കൗണ്ടിലുള്ള തുകകൾ യഥാസമയം തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നില്ല.

| എക്കൗണ്ട് നം. | 31.03.2022ലെ നീക്കി ബാക്കി |
|---|---|
| SBI A/c. No. 67211536921 | 1626419 |
| Corporation Bank A/c. No. 7423 | 954147 |

മേൽപ്പടി തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയ ശേഷം വാർഷിക ധനകാര്യ പത്രികയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

17) Other Tax (RP-1 Tax Revenue Schedule) ഇനത്തിൽ 163230/- രൂപ വരവുണ്ട്. ഇതിൽ 159800/- രൂപ ലേലം ഇനത്തിലുള്ള വരവും 1000/- രൂപ ഡൈനിംഗ് ഹാൾ വാടക ഇനത്തിലുള്ള വരവും തെറ്റായി ക്രഡിറ്റ് ചെയ്തത്

ഉൾപ്പെട്ടിട്ടുണ്ട്.

18) 2021-22 വർഷത്തെ വിവിധ ഫണ്ടുകളുടെ വരവ് വാർഷിക ധനകാര്യ പത്രികയും ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഫണ്ടിനം | AFS പ്രകാരം വരവ് | ACR പ്രകാരം വരവ് |
|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 36016005 | 36112939 |
| | വികസന ഫണ്ട് (SCP) | 2856304 | 3199055 |
| | സംരക്ഷണ ഗ്രാന്റ് (റോഡ്) | 17027721 | 20091818 |
| | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 8050690 | 8538464 |

19) CFC ഫണ്ട് വരവിന്റെ ACR പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).

പദ്ധതി അവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 8,53,66,479/- |
| വരവ് | 26,19,55,973/- |
| ആകെ | 34,73,22,452/- |
| ചെലവ് | 25,50,82,544/- |
| നീക്കിയിരിപ്പ് | 9,22,39,908/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി/ നഷ്ടമായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | ഇല്ല. | 36179800 | 36179800 | 36112939 | 66861 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | ഇല്ല. | 8046140 | 8046140 | 3199055 | 4847085 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | ഇല്ല. | 801100 | 801100 | 40000 | 761100 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | ഇല്ല. | 44845600 | 44845600 | 20091818 | 24753782 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | ഇല്ല. | 20687828 | 20687828 | 8538464 | 12149364 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | ഇല്ല. | 65593288 | 65593288 | 15078375 | 50514913 |
| കെ.എൽ.എസ്.ജി.ഡി.പി. (എ.സി.ആർ പ്രകാരം) | | | | | | |
| സാക്ഷരത | | 12705 | 383 | 13088 | - | 13088 |
| ദുരിതാശ്വാസ നിധി | | | | | | |
| എം.ജി.എൻ. ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ്. | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | പി.എം.എ.വൈ | 20471233 | 713685 | 21184918 | 3022400 | 18162518 |
| | എസ്.ഡബ്യൂ.എഫ് | 25944118 | 723208 | 26667326 | 18101076 | 8566250 |
| | ഐഎസ്.എസ്.യു.ഐ | 4898963 | 145338 | 5044301 | 0 | 5044301 |
| | എൻ.യു.എം.എൽ | 2162464 | 663062 | 2825526 | 2825526 | 0 |
| | എസ്.ഡബ്ല്യൂ.എ.സി.എച്ച് | 6676339 | 168808 | 6845147 | 6093748 | 751399 |
| | ഒ.ഡി.എഫ്. | 1427857 | 43321 | 1471178 | 0 | 1471178 |
| | ഐ.സി.ഡി.എസ് | 4690460 | 660021 | 5350481 | 2590204 | 2760277 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ. | 66271434 | 3117443 | 69388877 | 32632954 | 36755923 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ഇനം തിരിച്ച് ചേർക്കുക (അയ്യങ്കാളി) | | 961069 | 7553907 | 8514976 | 8509159 | 5817 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. |
| | ജില്ലാ പഞ്ചായത്ത് | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. |
| ബി ഫണ്ട് | | ഇല്ല. | 86979444 | 86979444 | 86979444 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | ഇല്ല. | 29229000 | 29229000 | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 17822940 | 97692878 | 115515818 | 96409154 | 19106664 |
| | ട്രഷറി അക്കൗണ്ട് | 983926 | 37182952 | 38166878 | 37084868 | 1082010 |

വികസന ഫണ്ട് മെയിന്റൻസ് ഗ്രാന്റ്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ തൻ വർഷം 93,093,105/- ചെലവഴിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യമാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാത്ത തുക പൂർണ്ണമായും അടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യാവുന്നതാണ്. വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടിക വർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാത്ത ഫണ്ട്(അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ) ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്.മെയിന്റനൻസ് ഫണ്ട് റോഡ്, റോഡിതര ഫണ്ട് എന്നിവയിലും ആ വർഷം ചെലവഴിക്കാത്ത ഫണ്ട്(അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ) ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. ബാക്കി ചെലവഴിക്കാത്ത തുക നഗരസഭക്ക് നഷ്ടമാകുന്നു. ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം. |
|---|---|---|---|---|---|
| 310 | 213777375 | 144 | 83355244 | 92 | 46.45% |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം .

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതി കളുടെ വിവരം. | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം. | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം. | അടങ്കൽ. | എണ്ണം. | ചെലവ് | |
| 1 | സെക്രട്ടറി, കാസറഗോഡ് മുനിസിപ്പാലിറ്റി. | 22 | 16903638 | 19 | 14671059 | 87% |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 222 | 119563114 | 84 | 30469840 | 25% |
| 3 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 1780737 | 2 | 967142 | 54% |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 3249516 | 3 | 3167361 | 97% |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 50000 | 1 | 43151 | 86% |
| 6 | അഗ്രികൾച്ചർ ഓഫീസർ | 6 | 5322038 | 6 | 4285982 | 81% |
| 7 | വെറ്റിനറി സർജൻ | 5 | 1598400 | 3 | 1518642 | 95% |
| 8 | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമാർജന മിഷൻ/സെൽ. | 7 | 24024993 | 4 | 11288395 | 47% |

| | | | | | | |
|---|---|---|---|---|---|---|
| 9 | പട്ടികജാതി വികസന ഓഫീസർ | 7 | 4083445 | 6 | 2492304 | 61% |
| 10 | ഹെൽത്ത് ഓഫീസർ | 12 | 23019865 | 6 | 3679306 | 16% |
| 11 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി. | 4 | 3100000 | 3 | 2301062 | 74% |
| 12 | പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ. | 3 | 90001 | 2 | 90000 | 100% |
| 13 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 7 | 9751641 | 4 | 8341000 | 86% |
| 14 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 40000 | 1 | 40000 | 100% |
| 15 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ. | 5 | 1200000 | 0 | 0 | 0% |
| | ആകെ. | 310 | 213777388 | 144 | 83355244 | |

2021-22 സാമ്പത്തിക വർഷം ആകെ 310 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 144 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത് (46.45%). ആകെ അടങ്കൽ തുകയായ അസിസ്റ്റന്റ് എഞ്ചനീയർക്ക് അംഗീകാരം ലഭിച്ച 222 പദ്ധതികളിൽ 10 പദ്ധതികളും പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമാർജന മിഷൻ/സെൽ എന്നിവർക്ക് അംഗീകാരം ലഭിച്ച 7 പദ്ധതികളിൽ 2 പദ്ധതികൾ വീതവും പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, കാസറഗോഡിന് അംഗീകാരം ലഭിച്ച 3 പദ്ധതികളിൽ ഒരു പദ്ധതിയും ബഹു വർഷ പദ്ധതികളാണ്. പ്രസ്തുത പദ്ധതികളിൽ തൻവർഷം ചെലവ് നടത്തിയിട്ടില്ല. ആകെ അംഗീകാരം ലഭിച്ച 310 പദ്ധതികളിൽ മേൽ പറഞ്ഞ 13 ബഹു വർഷ പദ്ധതികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 222 പൊതുമരാമത്ത് പ്രവൃത്തികളിൽ 84 പ്രവൃത്തികൾ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയത്. ആകെ അടങ്കൽ തുകയായ 11,95,63,114/-രൂപയിൽ 3,04,69,840/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (ചെലവ് ശതമാനം 25) ഹെൽത്ത് ഓഫീസർ ആകെ അംഗീകാരം ലഭിച്ച 12 പദ്ധതികളിൽ 6 പദ്ധതികൾ മാത്രവും (ചെലവ് ശതമാനം 16). പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമാർജന മിഷൻ അംഗീകാരം ലഭിച്ച 7 പദ്ധതികളിൽ 4 പദ്ധതികൾ മാത്രവുമാണ് (ചെലവ് ശതമാനം 47) നടപ്പിലാക്കിയത് . മേൽ പരാമർശിച്ച നിർവ്വഹണ ഉദ്യോഗസ്ഥരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവിഷ്കരിച്ച വികസന പദ്ധതികൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)

| ക്രമ നമ്പർ. | പ്രോജക്റ്റ് നമ്പർ. | പ്രോജക്റ്റിന്റെ പേര്. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക |
|---|---|---|---|---|
| 1 | 10 | നഗരസഭയിലേക്ക് കമ്പ്യൂട്ടറുകൾക്ക് ആവശ്യമായ യു.പി.എസ് സംവിധാനം ഒരുക്കൽ | SEC (MTY) | 100000 |
| 2. | 12 | നഗരസഭയിലേക്ക് പ്രൊജക്റ്ററും സ്ക്രീനും വാങ്ങൽ | SEC (MTY) | 125000 |
| 3. | 14 | പള്ളി വളപ്പിൽ ക്രോസ് റോഡ് നവീകരണം വാർഡ് -2 | AE (LSGD) | 300000 |
| 4. | 15 | നഗരസഭയിലേക്ക് അലമാരകൾ വാങ്ങൽ | SEC (MTY) | 150000 |
| 5. | 20 | നഗരസഭയിൽ ഏകജാലക സംവിധാനം ഒരുക്കൽ | SEC (MTY) | 50000 |
| 6. | 25 | നേതാജി റസിഡൻഷ്യൽ കന്നട ഭവൻ ട്രോഫി മാൾ റോഡ് ടാറിംഗ് പാച്ചിംഗ് വാർഡ് -7 | AE (LSGD) | 100000 |
| 7. | 26 | ബട്ടംപാറ ഗണേഷ് ക്ലബിന് | AE (LSGD) | 100000 |

| | | | | |
|---|---|---|---|---|
| | | എതിർവശത്തെ റോഡ് കോൺക്രീറ്റിംഗ് വാർഡ് -7 | | |
| 8. | 28 | രാമനാഥ ടെമ്പിൾ റോഡ് കോൺക്രീറ്റിംഗ് വാർഡ് -7 | AE (LSGD) | 100000 |
| 9. | 30 | നേതാജി റസിഡൻഷ്യൽ ഏരിയ 5-ാം മത് ക്രോസ്റോഡ് കോൺക്രീറ്റിംഗ് വാർഡ് -7 | AE (LSGD) | 100000 |
| 10 | 39 | ബാങ്കോട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൻ | MO(HOM) | 15000 |
| 11 | 40 | ശിവ നിലയ ക്രോസ്റോഡ് നടപ്പാത ഉയരം കുറച്ച് കല്ലുപാകൽ (ചന്ദ്രകാന്ത എന്നയാളുടെ വീട്ടുമുതൽ ജനന്നാഥ എന്നയാളുടെ വീട്ടുവരെ) വാർഡ് -9 | AE (LSGD) | 100000 |
| 12 | 48 | വിദ്യാനഗർ ഹൗസിംഗ് കോളനി റോഡ് ഡ്രെയിനേജിന് കവറിംഗ് സ്ലാബ് സ്ഥാപിക്കൽ - വാർഡ് -10 | AE (LSGD) | 100000 |
| 13 | 56 | ഡയാലിസിസിന് ധനസഹായം | MO (TH) | 500000 |
| 14 | 58 | പെരുമ്പള റോഡ് പഴയ പള്ളി ക്വാർട്ടേഴ്സിന്റെ സമീപം നടപ്പാത നിർമ്മാണം - വാർഡ് -13 | AE (LSGD) | 200000 |
| 15 | 59 | നായന്മാർമൂല മർച്ചന്റ് ഓഫീസിന് മുൻവശം നടപ്പാത നിർമ്മാണം | AE (LSGD) | 100000 |
| 16 | 65 | കൊല്ലമ്പാടി ജുമാമസ്ജിദ് റോഡിന്റെ ആദ്യത്തെ ക്രോസ് നടപ്പാത കോൺക്രീറ്റ് ചെയ്യൽ- വാർഡ്-15 | AE (LSGD) | 120000 |
| 17 | 67 | കൊല്ലമ്പാടി ജുമാമസ്ജിദ് റോഡിന്റെ രണ്ടാമത്തെ ക്രോസ് നടപ്പാത കോൺക്രീറ്റ് ചെയ്യൽ- വാർഡ്-15 | AE (LSGD) | 120000 |
| 18 | 68 | കൊല്ലമ്പാടി ജുമാമസ്ജിദ് റോഡിന്റെ പുറകുവശത്ത് ഓവുചാൽ നിർമ്മാണം- വാർഡ്-15 | AE (LSGD) | 120000 |
| 19 | 70 | കൊല്ലമ്പാടി അറഫാ റോഡിനോട് ബന്ധിപ്പിക്കുന്ന കോൺക്രീറ്റ് റോഡിന്റെ സൈഡിലുള്ള നടപ്പാത കോൺക്രീറ്റ് ചെയ്യൽ - വാർഡ് -15 | AE (LSGD) | 120000 |
| 20 | 71 | കൊല്ലമ്പാടി ജുമാമസ്ജിദ് റോഡിന് സൈഡിൽ നടപ്പാത ഇന്റർലോക്ക് ടൈൽ പതിക്കൽ - വാർഡ് -15 | AE (LSGD) | 120000 |
| 21 | 73 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ | Sup. (ICDS) | 200000 |
| 22 | 74 | പരമ്പരാഗത കൈത്തൊഴിൽ ചെയ്യുന്നവർക്ക് | IEO | 150000 |

| | | | | |
|---|---|---|---|---|
| | | ധനസഹായം നൽകൽ (വനിത) | | |
| 23 | 75 | അബ്ദുള്ളയുടെ വീടിന്റെ എതിർവശത്തുള്ള ഫുട്പാത്തിന് രാധാകൃഷ്ണന്റെ വീട് വരെ സംരക്ഷണ ബിത്തി കെട്ടൽ – വാർഡ് -17 | AE (LSGD) | 250000 |
| 24 | 79 | അപ്പയ്യയുടെ വീട്ടിലേക്ക് ഫുട്പാത്ത് നിർമ്മാണം – വാർഡ് -17 | AE (LSGD) | 100000 |
| 25 | 80 | സുരേന്ദ്രന്റെ വീടിന്റെ എതിർവശത്തുള്ള ഫുട്പാത്ത് നവീകരിക്കൽ – വാർഡ് -17 | AE (LSGD) | 150000 |
| 26 | 82 | അമെയ്- ഷൺമുഖ ഭജന മന്ദിരം റോഡ് കോൺക്രീറ്റ് ചെയ്യൽ - വാർഡ് -18 | AE (LSGD) | 200000 |
| 27 | 84 | ബദിബാഗില്യ ഡ്രൈയിനേജ് കവറിംഗ് സ്ലാബ് സ്ഥാപിക്കൽ – വാർഡ് -18 | AE (LSGD) | 200000 |
| 28 | 88 | വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകൽ | IEO | 300000 |
| 29 | 89 | കൊറക്കാട് ബയൽ റോഡ് കോൺക്രീറ്റ് ചെയ്യൽ – വാർഡ് -19 | AE (LSGD) | 120000 |
| 30 | 98 | പുലിക്കുന്ന് ഡൈനിംഗ് ഹാളന്ദ താഴെ ഫെറി റോഡ് കോൺക്രീറ്റ് ചെയ്യൽ -വാർഡ് -21 | AE (LSGD) | 600000 |
| 31 | 101 | വനിതാ സ്വയം സഹായ സംഘത്തിന് റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം | IEO | 300000 |
| 32 | 102 | സർക്കാർ സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ | P(GHSS) | 50000 |
| 33 | 104 | നഗരസഭയിലെ സർക്കാർ സ്കൂളുകൾക്ക് വിദ്യാർത്ഥികൾക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ | P(GHSS) | 1296000 |
| 34 | 105 | സിറാമിക്സ് റോഡ് നവീകരണം- വാർഡ് -24 | AE (LSGD) | 600000 |
| 35 | 106 | വനിതാ സ്വയം സഹായ സംഘത്തിന് ബ്യൂട്ടി പാർലർ യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകൽ | IEO | 300000 |
| 36 | 108 | വനിതാ സ്വയം സഹായ സംഘത്തിന് സംഘത്തിന് ഹെൽത്ത് ക്ലബ്ബ് യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകൽ | IEO | 300000 |
| 37 | 110 | നഗരസഭാതല ഗെയിംസ് ഫെസ്റ്റ് വെൽ നടത്തൽ | P(GHSS) | 50000 |
| 38 | 111 | വനിതകൾക്ക് ടാക്സി കാർ വാങ്ങുന്നതിന് ധന | IEO | 150000 |

| | | | | |
|---|---|---|---|---|
| | | സഹായം നൽകൽ | | |
| 39 | 112 | ബാങ്കോട് ഇണ്ടി റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യൽ - വാർഡ് -25 | AE (LSGD) | 100000 |
| 40 | 116 | വനിതാ സ്വയം സഹായ സംഘത്തിന് ബേക്കറി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ധന സഹായം നൽകൽ | IEO | 300000 |
| 41 | 118 | വനിതകൾക്ക് സ്വയം സഹായ സംഘത്തിന് അലക്ക് യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകൽ | IEO | 300000 |
| 42 | 130 | തളങ്കര ഹൈഡ്രോസ് പള്ളി റോഡ് ക്രോസ് റോഡും ഡ്രൈനേജും നിർമ്മാണം- വാർഡ് -29 | AE (LSGD) | 600000 |
| 43 | 131 | ഭിന്നശേഷിക്കാരുടെ സഗ്ഗോത്സവം നടത്തൽ | Sup. (ICDS) | 50000 |
| 44 | 134 | തായ്ലങ്ങാടി പഴയ റെയിൽവെ സ്റ്റേഷൻ റോഡ് കോൺക്രീറ്റിംഗ് - വാർഡ് -31 | AE (LSGD) | 200000 |
| 45 | 141 | കെ.കെ.പുറം പള്ളിക്ക് സമീപം റോഡിന് ഓവുചാൽ നിർമ്മാണം- വാർഡ് -28 | AE (LSGD) | 400000 |
| 46 | 143 | തൊട്ടിയിൽ റോഡ് ഡ്രൈനേജിന് കവറിംഗ് സ്ലാബ് - വാർഡ് -28 | AE (LSGD) | 50000 |
| 47 | 145 | നഗരസഭയിലേക്ക് വാഹനം വാങ്ങൽ | AE (LSGD) | 1000000 |
| 48 | 148 | ഷീലോഡ്ജി നിർമ്മാണം രണ്ടാം ഘട്ടം | AE (LSGD) | 1000000 |
| 49 | 151 | അണങ്കൂർ പ്രീമെട്രിക്ക് ഹോസ്റ്റലിലെ കിണർ റീ ചാർജ്ജ് സംവിധാനം ഒരുക്കൽ | AE (LSGD) | 20001 |
| 50 | 153 | അംബേദ്ക്കർ എസ്സി കോളനിയിൽ കവറിംഗ് സ്ലാബോട് കൂടിയ ഡ്രൈയിനേജ് നിർമ്മാണം | AE (LSGD) | 500000 |
| 51 | 155 | താളിപ്പടപ്പ് എസ്സി കോളനിയിൽ റോഡ് ഡ്രൈയിനേജ് നിർമ്മാണം | AE (LSGD) | 400001 |
| 52 | 157 | ഹൊന്നമൂല പട്ടികജാതി കോളനിയിൽ ഡ്രൈയിനേജ് നിർമ്മാണം | AE (LSGD) | 700001 |
| 53 | 162 | 131-ാം അങ്കണവാടിക്ക് മേൽക്കൂര നിർമ്മാണം - വാർഡ് -8 | AE (LSGD) | 300000 |
| 54 | 168 | വിവിധ പട്ടികജാതി കോളനികളിലെ കുടിവെള്ള പമ്പ് സെറ്റ് അറ്റകുറ്റ പ്രവൃത്തി (ഹൊന്നമൂല എം.ജി.കോളനി -അണങ്കൂർ -പി.എസ് ഉഡ്ലെ - താളിപ്പടപ്പ് -അമെയ്) | AE (LSGD) | 150001 |
| 55 | 173 | 134-ാം നമ്പർ അങ്കണവാടി കെട്ടിയം അറ്റകുറ്റ പ്രവൃത്തി - | AE (LSGD) | 200000 |

| | | | | |
|---|---|---|---|---|
| | | വാർഡ് -35 | | |
| 56 | 174 | മിനിസിപ്പൽ റോഡ് നവീകരണം. | AE (LSGD) | 100 |
| 57 | 182 | 12 ഇന പരിപാടി-ശുചിത്വ കേരളം -ഗാർഹിക മാലിന്യം സംസ്കരണ സംവിധാനം നൽകൽ | HO(Mu) | 1999500 |
| 58 | 185 | വനിതകൾക്ക് തൊഴിലുകൾ ആരംഭിക്കുന്നതിന് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കൽ | AE (LSGD) | 1703978 |
| 59 | 191 | ഖരമാലിന്യ സംസ്കരണ പദ്ധതി | HO(Mu) | 11250000 |
| 60 | 193 | നഗരസഭയിലേക്ക് ബെയിലിങ് മെഷീൻ വാങ്ങൽ | HO(Mu) | 600000 |
| 61 | 199 | നഗരസഭയിലെ സർക്കാർ സ്കൂളുകൾക്ക് വിദ്യാർത്ഥികൾക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ | P(GHSS) | 1200000 |
| 62 | 201 | നഗരസഭ ബീരാന്ത്ബയൽ സുനാമി ഫ്ളാറ്റ് കോളനിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ | AE (LSGD) | 1200000 |
| 63 | 204 | 12 ഇന പരിപാടി -ടേക്ക് എ ബ്രേക്ക് - ജനറൽ ആശുപത്രി പരിസരത്ത് വിശ്രമകേന്ദ്രം നിർമ്മാണം | AE (LSGD) | 3087244 |
| 64 | 212 | പൊതുസ്ഥലങ്ങളിൽ കളിസ്ഥലം നിർമ്മാണം -നവീകരണം. | AE (LSGD) | 1539604 |
| 65 | 216 | കൽമാടി തോട് സംരക്ഷണം ബോധവൽക്കരണ ഫലകങ്ങൾ സ്ഥാപിക്കൽ | AE (LSGD) | 200000 |
| 66 | 217 | നഗരസഭ ടൗൺഹാൾ നവീകരണം വൈദ്യുതീകരണം അനുബന്ധ പ്രവൃത്തികൾ | AE (LSGD) | 450000 |
| 67 | 221 | നഗരസഭ വനിതാഭവൻ റീ വയറിംഗ് | AE (LSGD) | 200000 |
| 68 | 229 | വാർഡ് 27 റോഡ് കോൺക്രീറ്റിംഗ്നിയർ ബസ് സ്റ്റോപ്പ് | AE (LSGD) | 500000 |
| 69 | 236 | ചെന്നിക്കര ശ്മശാനം റോഡ് അറ്റകുറ്റപണി വാർഡ് -17 | AE (LSGD) | 100000 |
| 70 | 238 | കടവത്ത് ക്രോസ് റോഡ് നിയർ മാഹിൻ മാസ്റ്റർ വാർഡ് -28 | AE (LSGD) | 200000 |
| 71 | 239 | സിറാജ് മദ്രാസ ഡ്രെയിനേജ് മെയിന്റനൻസ് & കോൺക്രീറ്റിംഗ് വാർഡ് -29 | AE (LSGD) | 100000 |
| 72 | 243 | തളങ്കര പടിഞ്ഞാർ പാർക്ക് നവീകരണം (ടോയിനറ്റ് ബ്ലോക്ക്) | AE (LSGD) | 500000 |
| 73 | 249 | ബാങ്കോട് മമ്മിണി റോഡ് ഫസ്റ്റ് ക്രോസ്സ് റോഡ് കോൺക്രീറ്റിംഗ് -25 | AE (LSGD) | 6538 |

| | | | | |
|---|---|---|---|---|
| 74 | 294 | ബഡ്സ് സ്കൂൾ അണങ്കൂരിലേക്ക് മാറ്റി സ്ഥാപിക്കൽ അടിസ്ഥാന സൗകര്യം ഒരുക്കൽ - അടുക്കള ടോയ്‌ലറ്റ് റാമ്പ് | AE (LSGD) | 775000 |
| 75 | 301 | നഗരസഭ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലേക്ക് പ്രിന്റർ സ്കാൻ | MO(HOM) | 30000 |
| 76 | 305 | വാർഡ് 6-ദ്വാരക നഗർ റോഡ് നവീകരണം | AE (LSGD) | 450000 |
| 77 | 307 | വാർഡ് 13-പെരുമ്പള റോഡ് പഴയപള്ളി ക്വാർട്ടേഴ്സിന്റെ സമീപം റോഡ് നവീകരണം. | AE (LSGD) | 200000 |
| 78 | 321 | നഗരസഭാ വിദ്യാനഗർ ഹൗസിംഗ് കോളനി അംഗണവാടി മദ്രാസ എന്നിവയുടെ സമീപത്തുകൂടിയുള്ള ഡ്രൈനേജിന് കവറിംഗ് സ്ലാബ് പാകൽ | AE (LSGD) | 1500000 |
| 79 | 327 | വാർഡ് -28 കടവത്ത് ക്രോസ്സ് റോഡിന് ഡ്രൈനേജ് നിർമ്മിക്കൽ | AE (LSGD) | 290000 |
| 80 | 331 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം നിർമ്മാണം. | AE (LSGD) | 2000000 |
| 81 | 334 | സബ്ജയിൽ റോഡ് നവീകരണം | AE (LSGD) | 450000 |
| 82 | 340 | കൗൺസിലേഴ്സ് റൂം നവീകരണം | AE (LSGD) | 120000 |
| 83 | 346 | പുതിയ ബസ്സ് സ്റ്റാന്റ് കോംപ്ലക്സിന് സമീപമുള്ള ഡ്രെയിനേജ് അറ്റകുറ്റ പ്രവൃത്തി. | AE (LSGD) | 450000 |
| 84 | 347 | ജി.എം.വി.എച്ച്.എസ്.എസ് ഡൈനിംഗ് ഹാളിനേക്ക് ഫർണ്ണിച്ചറുകൾ വാങ്ങൽ | P(GHSS) | 100000 |
| 85 | 352 | 14-ാം വാർഡിൽ ചാല മഖാം റോഡ് സൈഡ് പ്രൊട്ടക്ഷൻ വാൾ | AE (LSGD) | 1435868 |
| 86 | 363 | കോസ്റ്റൽ പോലീസ് സ്റ്റേഷനു സമീപമുള്ള റോഡ് കോൺക്രീറ്റ് ചെയ്യണം. | AE (LSGD) | 600000 |
| 87 | 374 | ഷീ ലോഡ്ജ് നിർമ്മാണം ബാക്കി പ്രവൃത്തികളും കുടിവെള്ളം ലഭ്യമാക്കലും | AE (LSGD) | 500000 |
| 88 | 385 | നഗരസഭാ സീവ്യൂ പാർക്ക് പരിസരത്ത് തുമ്പൂർമൊഴി മാതൃക മാലിന്യ സംസ്കരണം സംവിധാനം ഒരുക്കൽ | AE (LSGD) | 268863 |
| 89 | 392 | ജി.എം.വി.എച്ച്.എസ്. സ്കൂൾ കെട്ടിയം നവീകരണം അറ്റകുറ്റ പ്രവൃത്തി | AE (LSGD) | 1400000 |
| 90 | 393 | ജി.എൽ.പി.എസ്. തളങ്കര പടിഞ്ഞാർ നവീകരണം അറ്റകുറ്റപ്രവൃത്തി. | AE (LSGD) | 700000 |
| 91 | 396 | 113-ാം നമ്പർ അങ്കണവാടി കെട്ടിടം റി വയറിംഗ് | AE (LSGD) | 100000 |
| 92 | 403 | വാർഡ് 16 ലെ അണങ്കൂർ അങ്കൺ വാടിക്ക് (നം. 118) | Sup. (ICDS) | 600000 |

| | | | | |
|---|---|---|---|---|
| | | ചുറ്റമതിൽ ഇന്റർലോക്ക് കളിസ്ഥലം നിർമ്മാണം. | | |

വരും വർഷങ്ങളിൽ അംഗീകാരം ലഭിച്ച എല്ലാ വികസന പദ്ധതികളും നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഭരണ സമിതി ഉറപ്പു വരുത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ .

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതല. എന്നാൽ 2021-22 വർഷത്തെ കോവിഡ് മഹാമാരിയുടെ വ്യാപനത്തെ തുടർന്ന് യഥാസമയം വർക്കിംഗ് ഗ്രൂപ്പുകൾക്ക് യോഗം ചേരുന്നതിന് സാധിച്ചിട്ടില്ല. നഗരസഭയിൽ ആകെയുള്ള 18 വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങളും ചർച്ചയും തീരുമാനങ്ങളും മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല (മത്സ്യബന്ധനം വർക്കിംഗ് ഗ്രൂപ്പ് മിനട്സ് എഴുതി പൂർത്തിയാക്കിയിട്ടുണ്ട്.) 2021-22 വർഷത്തിലെ പദ്ധതി രൂപീകരണ ചർച്ചയ്ക്കായി 2021 ഫെബ്രുവരി മാസത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിയുടെ നിർവഹണ ഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണമായ വിജയം കൈവരിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്. നടപ്പു വർഷം കൊറോണ മഹാമാരിയുടെ ദുരന്തം ബാധിച്ചതിനാലാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ കാര്യമായ പരിമിതികൾ ഉണ്ടായിട്ടുള്ളത് എന്ന് മനസ്സിലാക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം. | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ്. | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1109779 | 7548907 | 8658686 | 546006 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 8089400 | 23280 |

തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ഭരണ ചെലവായ 5,46,006/- രൂപ ആകെ വരവിന്റെ 6.3 ശതമാനത്തോളം വരുന്നുണ്ട് . ഭരണ ചെലവ് ആകെ ചെലവിന്റെ 6 ശതമാനത്തിൽ അധികരിക്കരുത് എന്ന പൊതു നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 4,68,800/- | 27 |
| വിധവാപെൻഷൻ | 3,88,72,300/- | 2076 |
| വാർദ്ധക്യകാല പെൻഷൻ | 5,28,00,400/- | 2926 |
| വികലാംഗ പെൻഷൻ | 1,19,95,700/- | 642 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായം ഉള്ള സ്ത്രീകൾക്കുള്ള ധനസഹായം. | 7,31,200/- | 41 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന താഴെ പറയുന്ന തീയ്യതികളിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

| പരിശോധന | നീക്കിയിരിപ്പ് |
|---|---|

| നടത്തിയ തീയ്യതി | തുക |
|---|---|
| 25.07.2022 | 74074 |
| 22.08.2022 | 152512 |
| 20.09.2022 | 328155 |
| 14.11.2022 | 246549 |
| 25.11.2022 | 166028 |
| 10.01.2023 | 194892 |

## 1-9 ആഭ്യന്തര നിയന്ത്രണം.

നഗരസഭയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നതിന് ആഭ്യന്തര നിയന്ത്രണം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. സ്ഥാപനത്തിലെ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

A) സ്റ്റാഫ് മീറ്റിംഗ്

എല്ലാ മാസവും 10-ാം തീയ്യതിക്ക് മുമ്പായി നഗരസഭാ സെക്രട്ടറി സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കേണ്ടതും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കുന്നതിലൂടെയാണ് ഓഫീസ് പ്രവർത്തനം സുഗമമാവുന്നത്. 2021-22 വർഷം ഒരു തവണ പോലും ഓഫീസ് മീറ്റിംഗ് കൂടിയിട്ടില്ല.

B) ഓഫീസ് ഓർഡർ

2021-22 വർഷത്തെ ഓഫീസ് ഓർഡർ പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ജീവനക്കാർക്ക് കൃത്യമായ ജോലി വിഭജനം വഴി ചുമതലകൾ നൽകിയിട്ടുണ്ടോ എന്നും സ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിവ ഉണ്ടാകുമ്പോൾ സെക്ഷൻ ചുമതലകൾ കൈമാറിയിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

C) ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ഓഡിറ്റ് വർഷം ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി യോഗം കൂടിയിട്ടില്ല. ഓഫീസിന്റെ പൊതുജനങ്ങളുമായുള്ള ഇടപാടുകളിലും അവർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനും കാര്യക്ഷമത ഉണ്ടാവാൻ ഫ്രണ്ട് ഓഫീസ് നല്ല രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്. ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് ചുമതല ഏല്പിക്കേണ്ടതും ഇവരെ സഹായിക്കുന്നതിനായി ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെ നിയമിക്കേണ്ടതുമുണ്ട്. ഈ കാര്യങ്ങൾ ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് കൃത്യമായി വിലയിരുത്തേണ്ടതും സമിതിയുടെ ശുപാർശകൾ നഗരസഭ ഭരണ സമിതി യോഗത്തിൽ ചർച്ച് ചെയ്യേണ്ടതുമാണ്.

D) എല്ലാ വരവിനങ്ങൾക്കും ഡി.സി.ബി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല .

സ്ഥാപനത്തിലെ വിവിധ വരവ് ഇനങ്ങളുടെ കൃത്യമായ ഡിമാന്റ് കളക്ഷൻ, ബാലൻസ് എന്നിവ DCB രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്. പല DCB ഇനങ്ങൾക്കും വാർഷിക ധനകാര്യ പത്രിക പ്രകാരം ഭീമമായ കുടിശ്ശിക ഉണ്ട്. DCB രജിസ്റ്ററുകൾ പൂർണ്ണമല്ലാത്തതിനാൽ ഇവയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി (സ്ഥാപന ട്രേഡേഴ്സ് ) രജിസ്റ്ററിൽ വാർഡുകൾ തിരിച്ച് സ്ഥാപനങ്ങളുടെ പേര് വിവരം എഴുതിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വ്യാപാരികളിൽ നിന്നും നികുതി പിരിച്ചെടുത്തതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

E) എഞ്ചിനീയറിംഗ് സെക്ഷൻ

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ ഇ7/11350/2015/സി.ഇ/ത.സ്വ.ഭ.വ/19.01.2-17 സർക്കുലർ പ്രകാരം

സൂക്ഷിക്കേണ്ട രജിസ്റ്ററുകളിൽ താഴെ പറയുന്നവ എഞ്ചിനീയറിംഗ് സെക്ഷനിൽ സൂക്ഷിക്കുന്നില്ല.

1. ക്യാഷ് ബുക്ക്
2. കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ
3. പ്രൊജക്ട് രജിസ്റ്റർ
4. എസ്റ്റിമേറ്റ് രജിസ്റ്റർ
5. വെൽഫയർ ഫണ്ട് രജിസ്റ്റർ

F) സേവന പുസ്തകങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധക്കുറവ്

റഗുലർ ജീവനക്കാരുടെയും കണ്ടിജന്റ് ജീവനക്കാരുടെയും സേവന പുസ്തകങ്ങളും പെൻഷൻ പുസ്തകങ്ങളും പോലുള്ള പ്രധാനപ്പെട്ട രേഖകൾ കൈകാര്യം ചെയ്യുന്നതിലും ഓഡിറ്റിന് അംഗീകാരത്തിന് ഹാജരാക്കുന്നതിലും ശ്രദ്ധക്കുറവ് കാണുന്നു. ശമ്പള നിർണ്ണയം, പെൻഷൻ എന്നിവ കണക്കാക്കുന്നതിലും ലീവ് എക്കൗണ്ട് ശരിയാക്കുന്നതിലും സ്ഥിരമായി അപാകതകൾ ഉണ്ടാകാറുണ്ട്. ഇത്തരം അപാകതകൾ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാവുന്നതിന് തടസ്സമുണ്ടാക്കുന്നു.

G) സ്റ്റാഫ് പാറ്റേൺ

നഗരസഭയിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ താഴെപ്പറയും പ്രകാരമാണ് .

| തസ്തികയുടെ പേര്. | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം. |
|---|---|
| പിഎ റ്റു സെക്രട്ടറി. | 1 |
| റവന്യൂ ഓഫീസർ ഗ്രേഡ് II | 1 |
| ഹെൽത്ത് സൂപ്പർവൈസർ | 1 |
| സൂപ്രണ്ട് | 3 |
| റവന്യൂ ഇൻസ്പെക്ടർ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 4 |
| ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്. | 1 |
| സീനിയർ ക്ലാർക്ക് | 13 |
| ക്ലാർക്ക്/ബിസി. | 15 (2 സൂപ്പർ ന്യൂമററി) |
| ടൈപ്പിസ്റ്റ്. | 3 |
| ഡ്രൈവർ ഗ്രേഡ് I (എച്ച് ഡി വി) | 1 |
| ഡ്രൈവർ ഗ്രേഡ് II (എൽ ഡി വി) | 3 |
| ലൈബ്രേറിയൻ ഗ്രേഡ് IV | 1 |
| ഓഫീസ് അറ്റൻഡന്റ് | 8 |
| ദഫേദാർ | 1 |
| ചെയിൻമാൻ | 1 |

H) ആസ്തികളുടെ പരിപാലനം :-

നഗരസഭയുടെ നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിറ്ററിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിലെ മുഴുവൻ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ടതും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-10 ക്യാഷ് ബാലൻസ് ഭൗതിക പരിശോധന - തുകയിൽ വ്യത്യാസം

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 6(4) പ്രകാരം 25.07.2022 തീയതി 04.30 Pmന് ക്യാഷ്യറായ സോമശേഖര എസ് ന്റെ സാനിധ്യത്തിൽ നഗരസഭ ഫ്രണ്ട് ഓഫീസിൽ വച്ച് ഈ കാര്യാലയത്തിലെ ഓഡിറ്റ് ടിം നടത്തിയ ക്യാഷ് ബാലൻസിന്റെ ഭൗതിക പരിശോധനയിൽ ഫ്രണ്ട് ഓഫീസ് കളക്ഷനായി നേരിട്ട്

കണ്ടത് 73,699/- രൂപയാണ്. എന്നാൽ അന്നേ ദിവസത്തെ Day Book, കൗണ്ടർ റിപ്പോർട്ട് എന്നിവ പ്രകാരമുള്ള കളക്ഷൻ തുക 74,074/- രൂപയാണ്. കുറവ് വന്ന 375/- രൂപയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 01/2021-22 തീയതി. 27.07.2022) അന്നേ ദിവസം ഫീസ് അടയ്ക്കാൻ വന്ന ഒരു വ്യക്തിയുടെ കയ്യിൽ മതിയായ തുക ഇല്ലാത്തതിനാൽ മുഴുവൻ തുകയും അടവാക്കിയതിന്റെ രശീതി പ്രസ്തുത വ്യക്തിക്ക് നൽകുകയും ക്യാഷ് കൗണ്ടർ ക്ലോസ് ചെയ്തതിന് ശേഷം ബാക്കി തുക ഏൽപ്പിച്ചതായും ക്യാഷ്യറായ സോമശേഖര എസ് 30.07.2022ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കുറവ് വന്ന തുകയ്ക്ക് ക്യാഷ് ബാലൻസ് പരിശോധന സമയത്ത് തന്നെ ഓഡിറ്റർ വാക്കാൽ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഇക്കാരണം വ്യക്തമാക്കിയിരുന്നില്ല. സുതാര്യത ഇല്ലാത്ത പ്രസ്തുത വിശദീകരണത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഭാവിയിൽ ഫ്രണ്ട് ഓഫീസിൽ വരവ് വന്ന നികുതി തുകകളുടെ കൃത്യത ഉറപ്പു വരുത്തുവാൻ മേലുദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതുമാണ്.

## 1-11 രസീതി പരിശോധന-അപാകതകൾ

1.രശീതി ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നികുതി പിരിവിനായി നൽകിയ താഴെ പറയുന്ന രശീതി ബുക്കുകളും ആയതിന്റെ കളക്ഷൻ രജിസ്റ്ററുകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | രശീതി ബുക്ക് നമ്പർ | കൈപറ്റിയ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1 | 361 | സോമശേഖര എസ് |
| 2 | 381 | സോമശേഖര എസ് |
| 3 | 392 | സോമശേഖര എസ് |
| 4 | 395 | മധു കെ |
| 5 | 407 | സോമശേഖര എസ് |
| 6 | 424 | സോമശേഖര എസ് |
| 7 | 436 | സോമശേഖര എസ് |
| 8 | 444 | സോമശേഖര എസ് |

ഈ കാര്യം ഗൗരവകരമായി കാണേണ്ടതും ലഭ്യമാക്കാൻ അവശേഷിക്കുന്ന രശീതി ബുക്കുകൾ എത്രയും പെട്ടെന്ന് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. പിരിച്ചെടുത്ത നികുതി അടവാക്കിയതിൽ കുറവ്.

30.11.2022 തീയതിയിൽ 93 നം രശീതി ബുക്കിലെ 4630-4638 രശീതി പ്രകാരം വിനേഷ് കുമാർ, ക്ലർക്ക് പിരിച്ചെടുത്ത കളക്ഷൻ തുക 3338/- രൂപയാണ്. എന്നാൽ 3158/- രൂപ മാത്രമാണ് ഇദ്ദേഹം മുനിസിപ്പൽ ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളൂ (Rt 01/122030115885 ). 180/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. കുറവ് വന്ന 180/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഗരസഭ ഫണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കെട്ടിട നിർമ്മാണ ലൈസൻസ് -അധിക ഫീസ് ഈടാക്കിയില്ല- ലൈസൻസ് ഫീ ഇനത്തിൽ 11,13,385 രൂപ നഷ്ടം

കാസറഗോഡ് നഗരസഭയിലെ കാസറഗോഡ് വില്ലേജിലെ റീ-സർവ്വേ നം.76/9 ൽപ്പെട്ട 37 സെന്റ് സ്ഥലത്ത് (1497.39 Sq.Mtr) Residential Appartment നിർമ്മിക്കുന്നതിന് മുഹമ്മദ് ടി എ, മാനേജിംഗ് ഡയറക്ടർ, മെറിഡിയൻ ബിസിനസ് അപ്പാർട്ട്മെന്റ് ഫേം, ഫോർട്ട് റോഡ്, കാസറഗോഡ് എന്നവരുടെ അപേക്ഷയിൻ മേൽ BA/106/202-13 തീ.16.05.2013 പ്രകാരം 07.05.2016 തീയ്യതി വരെ പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. ചാലാൻ നം. 1060/15.05.2013 പ്രകാരം പെർമിറ്റ് ഫീസ് ഇനത്തിൽ 37,500/- രൂപ ഈടാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| Basement | 69.54 $M^2$ |
| Ground Floor | 209.69 $M^2$ |

| | |
|---|---|
| First Floor | 570.73 $M^2$ |
| Second Floor | 570.73 $M^2$ |
| Third Floor | 570.73 $M^2$ |
| Fourth Floor | 570.73 $M^2$ |
| Fifth Floor | 570.73 $M^2$ |
| Sixth Floor | 570.73 $M^2$ |
| Stair Case & LM Room | 30.21 $M^2$ |
| Total | 3733.82 $M^2$ |

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31(2) ലെ പട്ടിക 2 അനുസരിച്ച് Residential A1 ഗണങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് അധിക ഫീസ് കൂടാതെ അനുവദിക്കാവുന്ന പരമാവധി തറ വിസ്തീർണ്ണാനുപാതം (FAR) 1.5 ആണ്. അധികം വരുന്ന ഓരോ ചതുരശ്രമീറ്ററിനും 500/- രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2' വരേയും 1000/- രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി 2.75 വരേയും തറ വിസ്തീർണ്ണാനുപാതം (FAR) അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് (ജി.ഒ(എം.എസ്) നം.128/2010/LSGD തീയ്യതി 21.06.2010 As SRO No. 591/2010) അനുവദനീയമായ തറവിസ്തീർണ്ണാനുപാതത്തിലും അധികരിച്ച തറവിസ്തീർണ്ണാനുപാതത്തിന് ചട്ടങ്ങളിലെ പട്ടിക '2' കോളം 5,6 എന്നിവ പ്രകാരം അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല.

പെർമിറ്റ് അനുവദിക്കുന്നതിന് മുന്നോടിയായി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണാനുപാതം കണക്കു കൂട്ടുകയോ തറവിസ്തീർണ്ണാനുപാതം ചട്ടപ്രകാരമുള്ള പരാവധിക്കുള്ളിൽ നിൽക്കുന്നുവെന്ന് ഉറപ്പുവരുത്തുകയോ ചെയ്തതായി ഫയൽ പരിശോധിച്ചതിൽ കാണാൻ സാധിച്ചിട്ടില്ല. തറവിസ്തീർണ്ണാനുപാതം കണക്കു കൂട്ടാതെയും പരമാവധി അനുവദനീയമായ തറവിസ്തീർണ്ണാനുപാതത്തിന് ചട്ടപ്രകാരമുള്ള അധിക ഫീസ് ഈടാക്കാതെയും നിർമ്മാണ പെർമിറ്റ് നൽകിയതിനാൽ താഴെ കൊടുത്തിരിക്കും വിധം നഷ്ടം സംഭവിച്ചിട്ടുണ്ട്.

സമർപ്പിച്ച പ്ലാൻ പ്രകാരം എല്ലാ നിലകളുടേയും ആകെ വിസ്തീർണ്ണം - 3733.82 $M^2$

പുരയിട വിസ്തീർണ്ണം - 1497.39 $M^2$ (37സെന്റ്)

കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതം = എല്ലാ നിലകളുടേയും ആകെ വിസ്തീർണ്ണം / പുരയിട വിസ്തീർണ്ണം

= 3733.82 / 1497.39

= 2.49

മേൽ ചട്ടപ്രകാരം അധിക ഫീസ് കൂടാതെ അനുവദിക്കാവുന്ന നില വിസ്തീർണ്ണം 2246.09 $M^2$ (1497.39x1.5)ഉം 500/- രൂപ അധിക ഫീസ് ഈടാക്കി അനുവദിക്കാവുന്ന പരമാവധി വിസ്തീർണ്ണം 2994.78 $M^2$ (1497.39x2)ഉം 1000/- രൂപ ആധിക ഫീസ് ഈടാക്കി അനുവദിക്കാവുന്ന പരമാവധി തറ വിസ്തീർണ്ണം 4117.82 $M^2$ ഉം ആണ്.

മേൽ വിശദാംശങ്ങൾ പ്രകാരം പെർമിറ്റ് ഫീസിന് പുറമേ ഈടാക്കേണ്ടിയിരുന്ന അധിക ഫീസിനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ആകെ നില വിസ്തീർണ്ണം - 3733.82 $M^2$

ഫീസില്ലാതെ അനുവദിക്കാവുന്ന ആകെ നില വിസ്തീർണ്ണം - 2246.09 $M^2$

ചട്ടപ്രകാരം അനുവദനീയമായ അളവിലും അധികമുള്ള നില വിസ്തീർണ്ണം - 1487.73 $M^2$

(3733.82-2246.09)

500 രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് - 748.69 (2994.78-2246.09) X 500

- 3,74,345/-

1000 രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് - 739.04 (3733.82-2994.78) X 1000

- 7,39,040/-

അധിക ഫീസിനത്തിൽ ഈടാക്കേണ്ടിയിരുന്ന ആകെ തുക – 11,13,385/- (374345 + 739040)

പെർമിറ്റ് അനുവദിക്കുന്ന വേളയിൽ അധിക ഫീസിനത്തിൽ ഈടാക്കേണ്ടിയിരുന്ന 11,13,385/- രൂപ ഈടാക്കാതെ പെർമ്മിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം.40/06.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടതുക പിഴ പലിശ ഉൾപ്പെടെ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ വരവ് വച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കെട്ടിട നമ്പർ ലഭിക്കുന്നതിന് മുമ്പായി തന്നെ മുറികൾ വാടകയ്ക്ക് നൽകിയതിനാൽ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് വിധേയമായ പ്രസ്തുത കെട്ടിടത്തിന് Partial Occupancy ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ നില വിസ്തീർണ്ണം നഗരസഭാ എഞ്ചിനീയറിങ് വിഭാഗത്തെ കൊണ്ട് ഭൗതിക പരിശോധന നടത്തി കൃത്യമായ നികുതി നിർണ്ണയം ഉറപ്പ് വരുത്തുവാനും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 1-13 നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

2.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|---|
| 1 | 6 | കാർവി സ്റ്റോക്ക് ഡാറ്റ മാനേജ്മെന്റ് ലിമിറ്റഡ്. | ഒന്നാം അർദ്ധവർഷം<br>രണ്ടം അർദ്ധവർഷം. |
| 2 | 6 | അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി | ഒന്നാം അർദ്ധവർഷം |
| 3 | 6 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് | ഒന്നാം അർദ്ധവർഷം |

| | | | |
|---|---|---|---|
| 4 | 6 | കെ.പി.പി.നിധി ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 5 | 6 | കാസറഗോഡ് ജനറൽ വർക്കേഴ്സ് കോർപ്പറേറ്റീവ് സൊസൈറ്റി, ദിനേശ് ബീഡി ബിൽഡിംഗ് | ഒന്നാം അർദ്ധവർഷം |
| 6 | 6 | മൂവി മാക്സ് തീയേറ്റർ | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 7 | 6 | പ്രൈം ലൈഫ് മെഡിക്കൽ | ഒന്നാം അർദ്ധവർഷം |
| 8 | 6 | പ്രൈം ലൈഫ് ഹെൽത്ത് മാൾ | ഒന്നാം അർദ്ധവർഷം |
| 9 | 6 | പ്യൂപ്പിൾ ബസാർ സൂപ്പർ മാർക്കറ്റ് | ഒന്നാം അർദ്ധവർഷം |
| 10 | 6 | ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 11 | 6 | സെഞ്ച്വറി പാർക്ക് | ഒന്നാം അർദ്ധവർഷം, രണ്ടാം അർദ്ധവർഷം. |
| 12 | 6 | സ്മാർടെക്സ് സാംസങ് | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 13 | 7 | ടിഎ അഹമ്മദ് ബ്രദേഴ്സ് ഇൻഡ്യൻ ഓയിൽ ഡീലർ | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 14 | 7 | നാഷണൽ റേഡിയോ ഇലക്ട്രോണിക്സ് കമ്പനി | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 15 | 7 | നമൻസ് മോർട്ടേഴ്സ് കാസറഗോഡ് | ഒന്നാം അർദ്ധവർഷം |
| 16 | 8 | ഹോട്ടൽ ഹൈവേ കാസ്റ്റിൽ | ഒന്നാം അർദ്ധവർഷം |
| 17 | 9 | കാസറഗോഡ് താലൂക്ക് ബസ്സ് ട്രാൻസ്പോർട്ട് ഓണേഴ്സ് | രണ്ടാം അർദ്ധവർഷം |

| | | | |
|---|---|---|---|
| | | കോർപ്പറേറ്റീവ് സൊസൈറ്റി. | |
| 18 | 9 | പ്രീ മെട്രിക്ക് ഹോസ്റ്റൽ ഫോർ ബോയ്സ് | ഒന്നാം അർദ്ധവർഷം<br>രണ്ടം അർദ്ധവർഷം. |
| 19 | 9 | ഓൾ ഇന്ത്യ റേഡിയോ | ഒന്നാം അർദ്ധവർഷം |
| 20 | 10 | ഗവ. സ്കൂൾ ഫോർ ബ്ലൈൻഡ്, കാസറഗോഡ് | ഒന്നാം അർദ്ധവർഷം<br>രണ്ടം അർദ്ധവർഷം. |
| 21 | 10 | കാസറഗോഡ് സർവ്വീസ് കോർപ്പറേറ്റീവ് ബാങ്ക്, വിദ്യാനഗർ | ഒന്നാം അർദ്ധവർഷം<br>രണ്ടം അർദ്ധവർഷം. |
| 22 | 10 | ഡിസ്ട്രിക്റ്റ് ടൂറിസം പ്രമോഷൻ കൗൺസിൽ | രണ്ടം അർദ്ധവർഷം. |
| 23 | 12 | എബിസി കാസറഗോഡ് ട്രേഡേഴ്സ് | ഒന്നാം അർദ്ധവർഷം |
| 24 | 18 | ഡിസ്ട്രിക്റ്റ് ലൈബ്രറി | ഒന്നാം അർദ്ധവർഷം |
| 25 | 18 | ഗവ. റസ്റ്റ് ഹൗസ് | ഒന്നാം അർദ്ധവർഷം<br>രണ്ടം അർദ്ധവർഷം. |
| 26 | 18 | ഗവ. ഗസ്റ്റ് ഹൗസ് | രണ്ടം അർദ്ധവർഷം. |
| 27 | 18 | തമിഴ്നാട് മർച്ചന്റെൽ ബാങ്ക് | ഒന്നാം അർദ്ധവർഷം<br>രണ്ടം അർദ്ധവർഷം. |
| 28 | 18 | നാഷണൽ ഇൻഷൂറൻസ്, ഹൈ ലൈൻ പ്ലാസ്സ. | ഒന്നാം അർദ്ധവർഷം |
| 29 | 18 | റിയ ട്രാവൽ ആന്റ് ടൂറിസം പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം<br>രണ്ടം അർദ്ധവർഷം. |
| 30 | 18 | ഹാജി സിടിഎം ബ്രേദേഴ്സ് എച്ച് പിസി ഡീലർ | ഒന്നാം അർദ്ധവർഷം<br>രണ്ടം അർദ്ധവർഷം. |

| | | | |
|---|---|---|---|
| 31 | 19 | സ്റ്റോക്ക് കീപ്പർ ,ഗവ. ടെക്സ്റ്റ് ബുക്ക് ഡിപ്പോ | ഒന്നാം അർദ്ധവർഷം |
| 32 | 19 | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷി ഭവൻ, കാസറഗോഡ് | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 33 | 19 | ഡിഡിസി ലബോറട്ടറി, ടൈഗർ ഹിൽസ് | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 34 | 19 | ലൈഫ് സ്കാനിംഗ് സെന്റർ, ടൈഗർ ഹിൽസ് | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 35 | 19 | സിറ്റി ഹൈപ്പർ മാർക്കറ്റ് | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 36 | 19 | വിശ്വാസ് അസോസിയേറ്റ്, മാർജ്ജൻ ഫ്രീ മാർക്കറ്റ് | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 37 | 20 | ഡിസ്ട്രിക്റ്റ് പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.കെ, ഫോർട്ട് റോഡ് | രണ്ടാം അർദ്ധവർഷം. |
| 38 | 22 | റെയ്ഡ്കോ കേരള | രണ്ടാം അർദ്ധവർഷം. |
| 39 | 22 | എഡിഇസിഒ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 40 | 26 | വില്ലേജ് ഓഫീസ്, തളങ്കര | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |
| 41 | 30 | ദക്കീരത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ, | ഒന്നാം അർദ്ധവർഷം |
| 42 | 30 | ദക്കീരത്ത് വുമൺസ് കോളേജ് | ഒന്നാം അർദ്ധവർഷം |
| 43 | 30 | മാലിക്ക് ദിനാർ അക്കാദമി | ഒന്നാം അർദ്ധവർഷം രണ്ടാം അർദ്ധവർഷം. |

| | | | |
|---|---|---|---|
| 44 | 32 | മെഹബൂബ് തീയേറ്റേഴ്സ് | ഒന്നാം അർദ്ധവർഷം |
| 45 | 32 | സിറ്റി ഗോൾഡ് | രണ്ടം അർദ്ധവർഷം. |
| 46 | 32 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ , എം.ജി റോഡ്. | ഒന്നാം അർദ്ധവർഷം |
| 47 | 32 | കാസറഗോഡ് അഗ്രിക്കൾച്ചറിസ്റ്റ് വെൽഫയർ കോർപ്പറേറ്റീവ് സൊസൈറ്റി. | ഒന്നാം അർദ്ധവർഷം |
| 48 | 32 | കാസറഗോഡ് താലൂക്ക് എഡ്യൂക്കേഷണൽ ഡിപ്പാർട്ട്മെന്റ് കോർപ്പറേറ്റീവ് സൊസൈറ്റി. | ഒന്നാം അർദ്ധവർഷം രണ്ടം അർദ്ധവർഷം. |
| 49 | 32 | ബിഎസ്എൻഎൽ എംപ്ലോയീസ് കോർപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധവർഷം രണ്ടം അർദ്ധവർഷം. |
| 50 | 32 | ആന്ധ്രാബാങ്ക് | ഒന്നാം അർദ്ധവർഷം രണ്ടം അർദ്ധവർഷം. |
| 51 | 32 | കാസറഗോഡ് കോർപ്പറേറ്റീവ് സ്റ്റോർസ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം രണ്ടം അർദ്ധവർഷം. |
| 52 | 32 | റവന്യൂ ഡിവിഷൻ ഓഫീസർ, കാസറഗോഡ് | രണ്ടം അർദ്ധവർഷം. |
| 53 | 32 | ബൈജൂസ് ആപ്പ് തിങ്ക് ആന്റ് ലേൺ | രണ്ടം അർദ്ധവർഷം. |
| 54 | 32 | സമഗ്ര ശിക്ഷാ കേരള, ഡിസ്ക്രിക്റ്റ് കോർഡിനേറ്റർ | ഒന്നാം അർദ്ധവർഷം രണ്ടം അർദ്ധവർഷം. |

മേൽ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 13/27.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല.

2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിലെ പല പേജുകളിലും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതു പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതാണ്.

## 1-14 കുറഞ്ഞ നിരക്കിൽ സേവന ഉപനികുതി ഈടാക്കി പോരുന്നു.

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 235-ാം പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥതയിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് പുതിയ സേവനങ്ങൾ ഏർപ്പെടുന്നതിലേക്കായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഏറ്റവും കുറവുള്ള സേവന ഉപനികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ശുചിത്വ പരിപാലനം | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| ജലവിതരണം | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| തെരുവു വിളക്കുകൾ | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| ഡ്രൈയിനേജ് | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

ഇതിന് പുറമേ മുനിസിപ്പാലിറ്റി പൊതുവായി ഏർപ്പെടുത്തിയിട്ടുള്ള സേവനങ്ങൾക്ക് ഉപരിയായി ഏതെങ്കിലും കെട്ടിടത്തിന് പ്രത്യേകമായി ഒരു സേവനം ഏർപ്പെടുത്തിയിട്ടുള്ള പക്ഷം അതിന്റെ ചെലവിന് ആനുപാതികമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിട ഉടമസ്ഥനിൽ നിന്നും ഫീസ് ഈടാക്കാവുന്നതാണെന്നും ചട്ടം 29 ൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം വ്യത്യസ്ത സേവന ഉപനികുതികളിലായി ആകെ 10 ശതമാനം വരെ സേവന ഉപനികുതിയായി പിരിച്ചെടുക്കാമെന്നിരിക്കെ വെറും 3% മാത്രമേ സേവന ഉപനികുതിയായി നഗരസഭ ഈടാക്കുന്നുള്ളൂ എന്ന് വസ്തു നികുതി വരവ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.27/2021-22 തീയ്യതി.08.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഈടാക്കുന്ന 3% സേവന ഉപനികുതി തെരുവു വിളക്ക് സേവനത്തിന് വേണ്ടിയാണെന്ന് സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ കാണാൻ കഴിഞ്ഞു. നിലവിൽ കാസറഗോഡ് നഗരസഭയിൽ പ്രസ്തുത സേവനത്തിന് ഉപനികുതി നിരക്ക് നിശ്ചയിച്ച് കൊണ്ടുള്ള കൗൺസിൽ തീരുമാനത്തിന്റെ വിശദാംശങ്ങളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചട്ടത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള നികുതി തെരുവു വിളക്ക് സേവനത്തിന് 2% ആണെന്നിരിക്കെ 3% സേവന ഉപനികുതി ചുമത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുണ്ട്. ചട്ടത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ബാക്കി സേവനങ്ങൾ നൽകുന്നതിന് നികുതി ചുമത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുനിസിപ്പൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-15 കണ്ടിജന്റ് ചെലവുകൾ - അർഹമായ പരിധിയിൽ കൂടുതൽ തുകകൾ ചെലവഴിച്ചു.

കാസറഗോഡ് നഗരസഭയുടെ 2021-22 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ടിജന്റ് ചെലവുകൾക്കായി തുക ചെലവഴിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ജി.ഒ. (എം.എസ്) നം. 47/12/തസ്വഭവ തീയ്യതി 25.02.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പൽ ചെയർമാന് കണ്ടിജന്റ് ചെലവിനത്തിൽ ഒരു സമയം ചെലവാക്കാവുന്ന പരമാവധി തുക 15000/- രൂപയും പ്രതിമാസ പരിധി 20000/- രൂപയുമാണ്. എന്നാൽ നഗരസഭയിൽ 2021-22 വർഷത്തിൽ വിവിധ കണ്ടിജന്റ് ചെലവുകൾക്കായി പരിധിയിൽ കൂടുതൽ തുകകൾ ചെലവഴിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | ചെലവിനം | തുക |
|---|---|---|
| 455/2021-22 | സ്റ്റേഷനറി സാധനം | 49605 |
| 103/2021-22 | വാഹന വാടക ഏപ്രിൽ | 23800 |

| | | |
|---|---|---|
| | (KL-14P 4784) | |
| 104//2021-22 | വാഹന വാടക ഏപ്രിൽ (KL-14S 7209) | 24900 |
| 137/6/2021-22 | വാഹന വാടക മേയ് (KL-14S 7209) | 24900 |
| 138/6//2021-22 | വാഹന വാടക മേയ് (KL-14P 4784) | 23800 |
| 199/7//2021-22 | വാഹന വാടക ജൂൺ (KL-14P 4784) | 23800 |
| 200/7/2021-22 | വാഹന വാടക ജൂൺ (KL-14S 7209) | 24900 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം :30/14.02.2023) മുനിസിപ്പൽ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ ഭാവിയിൽ ഉണ്ടാകുന്ന കണ്ടിജന്റ് ചെലവുകൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധി കർശനമായി പാലിക്കേണ്ടതാണ്.

## 1-16 നഗരസഭയിൽ ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപികരിച്ചിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 284 ാം വകുപ്പ് പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബഡ്ജറ്റിൽ, മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം ദാരിദ്ര്യ ലഘൂകരണഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും അത് അതതു സമയം സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഓരോ വർഷവും ആകെ റവന്യൂ പ്രതീക്ഷിത വരുമാനത്തിന്റെ 2% തുക ദാരിദ്ര ലഘൂകരണ ഫണ്ടിലേക്ക് വകയിരുത്തുന്നുണ്ട്. എന്നാൽ യഥാർത്ഥ റവന്യൂ വരുമാനത്തിന്റെ 2% തുക ദാരിദ്ര ലഘൂകരണ ഫണ്ട് രൂപീകരിച്ച് അതിലേക്ക് നിക്ഷേപിക്കുകകയോ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കുകയോ ചെയ്തിട്ടില്ല. നഗരസഭ ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപികരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-17 നഗരസഭയിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ ഓഡിറ്റർ ലോഗിൻ അനുവദിച്ചിട്ടില്ല.

നഗരസഭയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഡി സി ബി ഇനങ്ങളുടെ കൈകാര്യം എളുപ്പമാക്കുന്നതിനുമായി നിലവിൽ നഗരസഭയിൽ താഴെ പറയുന്ന സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്.ഇവ ഉപയോഗിച്ച് കൂടുതൽ പരിശോധനകൾ നടത്തുന്നതിനായി ഈ ഓഫീസിന് ലോഗിൻ ഐഡിയും പാസ്സ് വേർഡും ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഇതുവരെ ലഭ്യമാക്കിയിട്ടില്ല. സോഫ്റ്റ് വെയറുകൾ താഴെ പറയുന്നവയാണ്.

1. സാംഖ്യ

2.സാംഖ്യ(വെബ്)

3.സഞ്ചയ (വസ്തു നികുതി)

4. സഞ്ചയ (ലൈസൻസ്)

5. സഞ്ചയ (തൊഴിൽ നികുതി ട്രേഡേഴ്സ്)

6. സുലേഖ (പ്ലാൻ മോണിറ്ററിംഗ്)

7. സങ്കേതം(ബിൽഡിംഗ് പെർമിറ്റ്)

8. ഐ.ബി.പി.എം.എസ് (ഇൻറലിജൻ്റ് ബിൽഡിംഗ്

പെർമിറ്റ് മാനേജ്മെൻ്റ് സിസ്റ്റം)

9. പ്രൈസ്

മേൽ സോഫ്റ്റ് വെയറുകളിൽ ലോഗിൻ ലഭ്യമാക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നൽകിയ കെ എസ് എ/ കെ എസ് എം3/09/2023 നം കത്തിനു മറുപടി ലഭ്യമാക്കുകയോ ലോഗിൻ അനുവദിക്കുകയോ ചെയ്തിട്ടില്ല.നഗരസഭയിൽ ഉപയോഗിക്കുന്ന മുഴുവൻ സോഫ്റ്റ്‌വെയറുകളിലും ഓഡിറ്റ് സെക്ഷന് ലോഗിൻ ഐഡിയും പാസ്സ്‌വേർഡും ലഭിച്ചാൽ മാത്രമെ നഗരസഭയിലെ വരവ് ചെലവുകളുടെ ഓഡിറ്റ് ഓൺലൈനായി നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ലോഗിൻ ലഭ്യമാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ശമ്പള പരിഷ്ക്കരണ ഉത്തരവിന് വിരുദ്ധമായി അധിക നിരക്കിൽ വീട്ടു വാടക ബത്ത നൽകി

പതിനൊന്നാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം (ജി.ഒ.(പി) നം. 27/2021/ധന. തീയ്യതി 10.02.2021) ശമ്പള പരിധി അടിസ്ഥാനമാക്കിയുള്ള നിലവിലുള്ള രീതി ഉപേക്ഷിക്കുകയും ശമ്പളത്തിന്റെ നിശ്ചിത ശതമാനം അടിസ്ഥാനമാക്കി വീട്ടുവാടക ബത്ത അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി വീട്ടുവാടക ബത്ത കണക്കാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്ഥലങ്ങളെ 4 ക്ലാസ്സുകളായി തിരിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ക്ലാസ്സ് എ | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകൾ. കൂടാതെ ഫോറസ്റ്റ് കോംപ്ലക്സ് മാത്തോട്ടം, കോഴിക്കോട് , കാക്കനാട് സിവിൽ സ്റ്റേഷനിൽ നിന്നും 3 കിലോമീറ്റർ ചുറ്റളവിനുള്ളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്ഥാപനങ്ങൾ. |
| ക്ലാസ്സ് ബി | ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന മുനിസിപ്പാലിറ്റികൾ |
| ക്ലാസ്സ് സി | ജില്ലാ ആസ്ഥാനത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന എല്ലാ മുനിസിപ്പാലിറ്റികളും |
| ക്ലാസ്സ് ഡി | എല്ലാ ഗ്രാമ പഞ്ചായത്തുകളും |

ഏറ്റവും കുറഞ്ഞ നിരക്കിലും കൂടിയ നിരക്കിലുമുള്ള വീട്ടുവാടക ബത്തയുടെ നിരക്ക് താഴെ കൊടുക്കുന്നു.

| ക്ലാസ്സ് | അടിസ്ഥാന ശമ്പളത്തിന്റെ ശതമാനാടിസ്ഥാനത്തിലുള്ള നിരക്ക് | കുറഞ്ഞ തുക | കൂടിയ തുക |
|---|---|---|---|
| ക്ലാസ്സ് എ | 10% | 2300 | 10000 |
| ക്ലാസ്സ് ബി | 8% | 2000 | 8000 |
| ക്ലാസ്സ് സി | 6% | 1500 | 6000 |

| | | | |
|---|---|---|---|
| ക്ലാസ്സ് ഡി | 4% | 1200 | 4000 |

(പ്രാബല്യ തീയ്യതി - 01.03.2021)

മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ അനുസരിച്ച് കാസറഗോഡ് നഗരസഭ കാര്യാലയം സ്ഥിതി ചെയ്യുന്നത് ക്ലാസ്സ് സി യിൽ ഉൾപ്പെടുന്ന ജില്ലാ ആസ്ഥാനമല്ലാത്ത മുനിസിപ്പാലിറ്റിയിലാണ്. ആയതിനാൽ നഗരസഭാ കാര്യാലയത്തിലെ ജീവനക്കാർക്ക് ക്ലാസ്സ് സി യിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റികൾക്ക് ബാധകമായ 6% വീട്ടുവാടക ബത്ത മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ നഗരസഭാ ജീവനക്കാരുടെ ശമ്പള ബിൽ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം സെക്രട്ടറി ഒഴികെയുള്ള മുഴുവനും ജീവനക്കാർക്കും 8% നിരക്കിൽ വീട്ടുവാടക ബത്ത അനുവദിച്ചതായി കാണുന്നു. സ്പാർക്ക് മുഖേന ട്രഷറിയിൽ നിന്നും ശമ്പളം പിൻവലിക്കുന്ന സെക്രട്ടറിക്ക് 6% നിരക്കിലാണ് വീട്ടുവാടക ബത്ത അനുവദിച്ചിരിക്കുന്നത്. കാസറഗോഡ് ജില്ലാ ട്രഷറി ഓഫീസറുടെ 03.08.2022ലെ നം. എ3/15/HRA/2022 നമ്പർ കത്ത് പ്രകാരം കാസറഗോഡ് നഗരസഭാ കാര്യാലയത്തിലെ ജീവനക്കാർക്ക് ക്ലാസ്സ് സി യിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റികൾക്ക് ബാധകമായ 6% വീട്ടുവാടക ബത്ത മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മറിച്ച് 8% വീട്ടുവാടക ബത്തയ്ക്ക് അർഹതയുള്ള പക്ഷം സർക്കാരിനെ സമീപിച്ച് ഇക്കാര്യത്തിൽ നിവൃത്തി വരുത്താവുന്നതാണെന്നും പ്രസ്തുത കത്തിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഒരേ കാര്യാലയത്തിൽ ജോലി ചെയ്യുന്ന സെക്രട്ടറിക്ക് 6% നിരക്കിലും മറ്റ് ജീവനക്കാർക്ക് 8% നിരക്കിലും വീട്ടുവാടക ബത്ത അനുവദിച്ചതിലെ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ ആസ്ഥാനം ഉൾപ്പെടുന്ന ക്ലാസ്സ് ബി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാത്രം അർഹതയുള്ള 8% നിരക്കിലുള്ള വീട്ടുവാടക ബത്ത കാസറഗോഡ് നഗരസഭാ കാര്യാലയത്തിലെ ജീവനക്കാർക്ക് അനുവദിച്ചതിൽ വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 31/15.02.2023). കാസറഗോഡ് നഗരസഭ ജീവനക്കാർ അധികമായി നൽകിയ വീട്ടുവാടക ബത്തയുടെ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധം 6 ആയി ചേർത്തിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിൽ ആകെ 6,94,296.92/- രൂപ (528844.92+165452) HRA ഇനത്തിൽ അധികമായി നഗരസഭ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് നിന്നും 5 കിലോമീറ്റർ ദൂര പരിധിയിൽ സ്ഥിതി ചെയ്യുന്ന കാസർഗോഡ് മുനിസിപ്പാലിറ്റിയെ ജില്ലാ ആസ്ഥാന പരിധിയിലുള്ള മുനിസിപ്പാലിറ്റിയായി പരിഗണിച്ച് ക്ലാസ്സ് B മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ചിട്ടുള്ള 8% നിരക്കിൽ വീട്ടു വാടക ബത്ത അനുവദിച്ചുകൊണ്ട് ടി ശമ്പള പരിഷ്കരണ ഉത്തരവ് സർക്കാർ പുന:പരിശോധിക്കാത്ത പക്ഷം ടി ജീവനക്കാർക്ക് അധികമായി നൽകിയ വീട്ട് വാടക ബത്ത തനത് ഫണ്ടിലേക്ക് തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

കാസറഗോഡ് നഗരസഭയുടെ 2021-22 വർഷത്തെ വസ്തു നികുതി പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ പ്രവൃത്തിക്കുന്ന 12 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്ററിന് തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ എസ്. ആർ.ഒ. നം.34/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. സർക്കാർ ഉത്തരവ് (അച്ചടി) നം. 17/2011/തസ്വഭവ തീയ്യതി 14.01.2021 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതി ചതുരശ്ര മീറ്ററിന് പരമാവധി 500/- രൂപയായി നിർണ്ണയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടവറുകൾക്ക് നഗരസഭ 500 രൂപ നിരക്ക് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്.നഗരസഭ പരിധിയിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവറുകളിൽ നിന്ന് 2021-22 വർഷത്തിൽ വസ്തു നികുതി പിരിച്ചെടുക്കാനുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഓപ്പറേറ്റർ/ ഉടമയുടെ പേര് | വാർഡ് നം./ കെട്ടിട നം. | ഡിമാന്റ് നോട്ടീസ് നമ്പർ | തറവിസ്തീർണ്ണം (ച മീ) | കുടിശ്ശിക ഡിമാന്റ് | തൻവർഷം ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|---|---|---|
| 1 | ഇൻഡസ് ടവർ ലിമിറ്റഡ് | 26/89 | 9207 | 19.22 | 0 | 8304 | 0 | 8304 |
| 2 | ടി.എൻ.എസ്. ഐയർ | 3/459A | 18223 | 23.72 | 176898 | 15371 | 0 | 192269 |
| 3 | കെ.എം. അബ്ദുള്ള അബ്ദുൾ ഹമീദ് | 6/716 | 17532 | 33 | 175680 | 19603 | 0 | 195283 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | എം. അബൂബക്കർ | | | | | | | |
| 4 | റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ | 10/732 | 2937 | 28.05 | 61335 | 13634 | 0 | 74969 |
| 5 | സി.വി. സന്തോഷ് കുമാർ | 12/242A | 19885 | 42.35 | 190168 | 25157 | 0 | 215325 |
| 6 | ഡിഷ്നെറ്റ് വയർലസ്സ് ലിമിറ്റഡ് | 18/763B | 21707 | 34 | 253152 | 22032 | 0 | 275184 |
| 7 | ടി.എ. ജമീല | 20/1097A | 2102 | 33 | 176886 | 19603 | 0 | 196489 |
| 8 | ജനറൽ മാനേജർ ബി.എസ്.എൻ.എൽ കണ്ണൂർ | 21/92A | 2103 | 22.1 | 0 | 13128 | 0 | 13128 |
| 9 | റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 26/107 | 100220 | 20 | 54972 | 8640 | 0 | 63612 |
| 10 | ഭാരതി എയർടെൽ ലിമിറ്റഡ് | 27/13A | 100263 | 12.6 | 0 | 8165 | 0 | 8165 |
| 11 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 32/2007A | 18225 | 9.37 | 10763 | 6073 | 0 | 16836 |
| 12 | സുധേവൻ.വി.ഒ മാനേജർ, വയർലസ്സ് ടിടി ഇൻഫോ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി. | 32/2034A | 18226 | 14.95 | 101320 | 9689 | 0 | 111009 |
| | Total | | | | 12,01,174/- | 1,69,399/- | 0 | 13,70,573/- |

2021-22 സാമ്പത്തിക വർഷം മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഡിമാന്റ് 12,01,174/- രൂപയും തൻവർഷ ഡിമാന്റ് 1,69,399/- രൂപയും ഉൾപ്പെടെ 13,70,573/- രൂപയുടെ ആകെ കുടിശ്ശികയുണ്ട്.കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 29/2021-22 തീയ്യതി 14.02.2023). കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 1-20 പേ വാർഡ് കെട്ടിടത്തിന് വസ്തു നികുതി ചുമത്തിയിട്ടില്ല.

കാസറഗോഡ് ഗവ. ജനറൽ ആശുപത്രി-കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി - പേ വാർഡ് കെട്ടിട മുറികൾക്ക് വസ്തു നികുതി ചുമത്തിയിട്ടില്ല. കേരള ഹെൽത്ത് വെൽഫയർ സൊസൈറ്റിയുടെ കീഴിലുള്ള പേ വാർഡുകളുടെ കെട്ടിടം 1976 മുതൽ ആരംഭിച്ചതാണെന്ന് 29.12.2022-ലെ സി1-8261/2022-ാം നമ്പർ കത്ത് പ്രകാരം കാസറഗോഡ് ഗവ. ജനറൽ ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിലെ 11 മുറികളാണ് 29.10.1976 മുതൽ പേ വാർഡ് ആയി ഉപയോഗിച്ച് തുടങ്ങിയത്. എന്നാൽ നഗരസഭ നാളിതുവരെയായി വസ്തു നികുതി ചുമത്തി ഈടാക്കിയതായി കാണുന്നില്ല. സർക്കാർ ലെറ്റർ 11493/ബി2/97/തസ്വഭവ 20.05.2009 പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച സ്പഷ്ടീകരണ കത്തിൽ KHRWS ന്റെ കീഴിലുള്ള പേ വാർഡുകളിലെ താമസക്കാരിൽ നിന്നും സൊസൈറ്റി വാടക ഈടാക്കുന്ന സാഹചര്യത്തിൽ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടങ്ങളിലെ ചട്ടം 233 (വസ്തു നികുതി) പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടത്തിനും വസ്തു നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭ

മേൽപറഞ്ഞ പേ വാർഡ് കെട്ടിടം ആരംഭിച്ച് 47 വർഷം കഴിഞ്ഞിട്ടും വസ്തു നികുതി ചുമത്തുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/2021-22) നഗരസഭ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മേൽ വിഷയത്തിലെ കെട്ടിടം സർക്കാർ വകയാണെന്നും നഗരസഭക്ക് വിട്ടു നൽകിയ സ്ഥാപനമായതിനാൽ നികുതി ഒഴിവാക്കിയതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും എന്നാൽ സർക്കാരിന്റെ 20.05.2009ലെ 11493/ആർ/2 ത.സ്വ.ഭവ നമ്പർ കത്ത് പ്രകാരം മേൽ കെട്ടിടത്തിന് നികുതി ചുമത്തേണ്ടതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതം നികുതി അസസ്സ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നുള്ള മറുപടിയാണ് നൽകിയത്. നികുതി ചുമത്താത്തത് മൂലം നഗരസഭയ്ക്ക് വസ്തു നികുതി ഇനത്തിൽ ലക്ഷങ്ങളുടെ തുക നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി ചുമത്തുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 പട്ടിക ജാതി / പട്ടിക വർഗക്കാർക്കായി നീക്കി വച്ചിരിക്കുന്ന മുറികൾ ഒഴിഞ്ഞു കിടക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കാസറഗോഡ് പഴയ ബസ് സ്റ്റാന്റിലെ ഷോപ്പിങ് കോംപ്ലക്സ് ഒന്നാം നിലയിലെ 17.29 $M^2$ വിസ്തീർണ്ണമുള്ള റൂം നം.17 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്കും വിദ്യാനഗർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 70.85 $M^2$ വിസ്തീർണ്ണമുള്ള ഷെഡ് നം.3 പട്ടിക ജാതി / പട്ടിക വർഗക്കാർക്കും മാത്രമായി നീക്കി വച്ചിരിക്കുകയാണ്. ലേലം ചെയ്യുന്ന വേളയിൽ ഈ വിഭാഗത്തിൽപ്പെട്ട ആൾക്കാർ ആരും തന്നെ ലേലം കൊള്ളാത്തതിനാൽ പ്രസ്തുത മുറികൾ ഒഴിഞ്ഞു കിടക്കുകയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത മുറികൾക്ക് ലേല സമയത്ത് ആവശ്യക്കാരില്ലാത്ത പക്ഷം മുറികൾ പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തി ലേലം ചെയ്യാൻ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുമെന്ന് ഇത് സംബന്ധിച്ച നിയമാവലിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം മേൽ പരാമർശിച്ച മുറികൾ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് ഈയിനത്തിൽ വാടക വരവ് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 വിദ്യാനഗർ വ്യവസായ എസ്റ്റേറ്റ് - സ്ഥലം കയ്യേറി തടി സൂക്ഷിച്ചിരിക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിദ്യാനഗർ വ്യവസായ കേന്ദ്ര കോംമ്പൗണ്ടിനു പുറത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ തടിമില്ലിലെ തടികളിൽ നല്ലൊരു ശതമാനവും വ്യവസായ കേന്ദ്ര കോംമ്പൗണ്ടിനകത്ത് കൂട്ടിയിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ വ്യവസായ കേന്ദ്രത്തിൽ പണി കഴിപ്പിച്ച 170 മീറ്റർ നീളം വരുന്ന കോൺക്രീറ്റ് റോഡിലൂടെയുള്ള സുഗമമായ സഞ്ചാരം തടസ്സപ്പെടുത്തുന്ന രീതിയിലാണ് മരങ്ങൾ കൂട്ടിയിട്ടിരിക്കുന്നത്. പ്രസ്തുത മില്ലിന്റെ മുൻവശത്തായി മെക്കാർഡം ടാറിങ്ങ് ചെയ്ത PWD റോഡ് സൗകര്യം നിലവിലുണ്ടായിട്ടും വ്യവസായ കേന്ദ്രത്തിന് ഉൾവശത്തായുള്ള റോഡ് ഉപയോഗിച്ചാണ് മില്ലിന്റെ ആവശ്യത്തിനായി വാഹനങ്ങൾ കടന്നു പോകുന്നത്. തടികൾ സൂക്ഷിക്കുന്നതിനായി വ്യവസായ കേന്ദ്രത്തിനുള്ളിലെ സ്ഥലവും റോഡും സ്വകാര്യ മില്ലിന് പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 41 /2021-22 തീ.09.03.2023) ആയത് ലഭ്യമാക്കിയിട്ടില്ല. പാട്ടത്തിന് നൽകിയിട്ടില്ലെങ്കിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 376 പ്രകാരവും 1998 ലെ കേരള മുനിസിപ്പാലിറ്റി(പുറമ്പോക്ക് കൈയ്യേറ്റത്തിന് പിഴ ചുമത്തൽ) ചട്ടപ്രകാരവും കൈയ്യേറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.





## 1-23 വിദ്യാനഗർ വ്യവസായ എസ്റ്റേറ്റ് - മലിനമായി കിടക്കുന്നു.

കാസറഗോഡ് നഗരസഭയുടെ ഉടമസ്ഥതയിൽ വിദ്യാനഗറിൽ സ്ഥിതി ചെയ്യുന്ന വ്യവസായ കേന്ദ്രത്തിൽ 07.03.2023 തീയ്യതിയിൽ ഈ കാര്യാലയത്തിൽ നിന്നും നടത്തിയ പ്രാദേശിക പരിശോധനയിൽ കോമ്പൗണ്ടിനു മധ്യഭാഗത്തുള്ള 2 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾക്ക് മുമ്പിലായി പ്ലാസ്റ്റിക് മാലിന്യങ്ങളും കോമ്പൗണ്ടിന് ഏറ്റവും ഉൾവശത്തായുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി

ചെയ്ത എം സി എഫ് ന മുന്നിലായി തുണികൾ ഉൾപ്പെടെയുള്ള മാലിന്യങ്ങളും കുമിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ കേന്ദ്രത്തിന് തൊട്ടരികിലായി സ്ഥിതി ചെയ്യുന്ന ഫ്ലാറ്റിൽ നിന്നുള്ള മലിനജലം വ്യവസായ കേന്ദ്ര മതിലിന്റെ ഇടയിലൂടെ ദ്വാരം ഉണ്ടാക്കി കോമ്പൗണ്ടിനുൾവശത്തായുള്ള ഓടയിലൂടെ ഒഴുക്കി വിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ മാലിന്യങ്ങൾ കുന്ന് കൂട്ടിയിട്ടിരിക്കുന്നത് കൊണ്ടും മലിനജലം കെട്ടികിടക്കുന്നത് കൊണ്ടും തീ പിടിത്തം, പകർച്ച വ്യാധികൾ എന്നിവ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. . 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 30(1) പ്രകാരം ഇക്കാര്യം മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നതിനാൽ പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.






1-24 പ്രീ-മെട്രിക്ക് ഹോസ്റ്റൽ ചെലവുകൾ - 2,88,575/- രൂപയുടെ രേഖകൾ ഇല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടിക ജാതി വികസന ഓഫീസർ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 186/2021-22, പട്ടിക ജാതി ഹോസ്റ്റൽ ചെലവുകൾ |
| അടങ്കൽ തുക | SCP – 3,00,000/- |
| ചെലവ് | 2,88,575/- |
| ചെലവാക്കിയ തുകകൾ | 1) കമ്പ്യൂട്ടർ - 120016/- , 04/2021-22, 17/02/2022<br>2) വാഷിംഗ് മെഷീൻ - 99740/-<br>09/2021-22, 24/03/2022<br>3) റഫ്രിജറേറ്റർ - 68819/-,<br>06/2021-22, 24/02/2022. |

മേൽ പദ്ധതി പ്രകാരം അണങ്കൂർ പ്രിമെട്രിക്ക് ഹോസ്റ്റൽ , വിദ്യാനഗർ പ്രിമെട്രിക്ക് ഹോസ്റ്റൽ, എന്നിവിടങ്ങളിലെ ആവശ്യത്തിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ കീഴിലുള്ള CRCPS പോർട്ടൽ വഴി 4 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി സപ്ലൈ ഏജൻസിയായ Keltron നൽകിയ പ്രൊഫോർമ ഇൻവോയിസ് നം (TVM/ITBG/PI/RC/33920/20-21) പ്രകാരമുള്ള തുകയ്ക്ക് കേരള സ്റ്റേറ്റ് ഐ.ടി മിഷന് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറുകൾ ലഭ്യമായതിന്റെ TAX Invoice / Bill, കമ്പ്യൂട്ടർ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല.

2) GEM പോർട്ടൽ വഴി TAX Invoice No. GST/21-22/1281 തീയ്യതി 02.02.2022 പ്രകാരം 68,819/- രൂപയ്ക്ക് 2

റഫ്രിജറേറ്ററുകളും Tax Invoice No. 3412 Dated 17 Feb 2022 പ്രകാരം 99,740/- രൂപയ്ക്ക് 4 വാഷിംഗ് മിഷനുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ എന്നിവ സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ, വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/08.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ആകെ ചെലവാക്കിയ 2,88,575/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും-വിതരണ രേഖകളില്ല- 5000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 167/2021-22, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും. |
| നിർവഹണം | പട്ടിക ജാതി വികസന ഓഫീസർ |
| അടങ്കൽ തുക | SCP – 125,000/- |
| ചെലവ് | 1,19,992/- |
| ബിൽ നം/തീയ്യതി | 13/2021-22, 30/03/2022 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി Tax Invoice No:- NRO/SALES/879 തീയ്യതി 22/03/2022 പ്രകാരം 24 മേശയും കസേരയും (Steel Table & Steel Chair Armless) Regional Office കാഡ്‌കോ കോഴിക്കോട് നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ,വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 23ഗുണഭോക്താക്കൾക്ക് മാത്രമാണ് ഓരോ മേശയും കസേരയും വീതം വിതരണം ചെയ്തിട്ടുള്ളത്. ബാക്കിയുള്ള ഒരു മേശയും കസേരയും വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/08.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഒരു മേശയും കസേരയും വാങ്ങുന്നതിനായി (വിതരണം ചെയ്തതായി രേഖകളില്ലാത്ത)നികുതി ഉൾപ്പടെ ചെലവഴിച്ച 5000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 നഗരസഭയുടെ കൈവശത്തിലുള്ള ഭൂരിഭാഗം വസ്തുക്കൾക്കും വില്ലേജ് ഓഫീസുകളിൽ രേഖകളില്ല

കാസറഗോഡ് നഗരസഭയുടെ 2021-22 വർഷത്തെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ കൈവശമുള്ളതായി രേഖപ്പെടുത്തിയ സ്ഥല ആസ്തികളുടെ വിശദവിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | ഭൂമികളുടെ വിവരം | സർവ്വെ നം. | വിസ്തീർണ്ണം( Area) | | |
|---|---|---|---|---|---|
| | | | ഹെക്ടർ | ആർ | സ്ക്വയർ മീറ്റർ |
| 1 | ഫിഷ് മാർക്കറ്റ് | 77/6 | 0 | 10 | 25 |
| 2 | ഫിഷ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 77/12 | 0 | 22 | 93 |
| 3 | പുതിയ ബസ്സ് സ്റ്റാന്റ് | 95/1A<br>95/34B<br>95/4A | 1 | 11 | |
| 4 | ടൗൺ പഴയ ബസ്റ്റ്സ്റ്റാന്റ് | 46/3b | 0 | 13 | |
| 5 | ടൗൺ പഴയ ബസ്റ്റ്സ്റ്റാന്റ് | 81/1 Pt | 0 | 11 | |
| 6 | ബസ്റ്റ്സ്റ്റാന്റ് ബിൽഡിംഗ് | 87/1 Pt | 0 | 1 | |
| 7 | നള്ളിപ്പാടി | 127/5 | 0 | 32 | |

| | | | | | |
|---|---|---|---|---|---|
| | ശ്മശാനം | | | | |
| 8 | നള്ളിപ്പാടി ശ്മശാനം | 49/3A | 0 | 28 | |
| 9 | കന്നുകാലി പൗണ്ട് | 149/3A | 0 | 28 | |
| 10 | പള്ളം ശ്മശാനം | 26/6 | 0 | 6 | 48 |
| 11 | തളങ്കര കുട്ടികളുടെ പാർക്ക് | 126 PT | 0 | 45 | 50 |
| 12 | അങ്കണവാടി കടപ്പുറം | 1 | 0 | 1 | 1 |
| 13 | എസ്.സി.ഓഫീസ് ബിൽഡിംഗ് | 115 | 0 | 57 | 50 |
| 14 | ഗവ.ഐ.ടി.ഐ. കാസറഗോഡ് | 206/1 (Pt) 286/2c | 2 | 51 | 25.660 |
| 15 | കെ.എ.ഇ.പി ക്വാർട്ടേഴ്സ് | 100/2A | 0 | 2 | 28 |
| 16 | കെ.എ.ഇ.പി. ക്വാർട്ടേഴ്സ് | 107/1B | 0 | 3 | 50 |
| 17 | ഇ.എം.എസ്.ഭവന നിർമ്മാണത്തി നുള്ള സ്ഥലം | ലഭ്യമല്ല | - | - | 2832.600 |
| 18 | എസ് സി ഫ്ലാറ്റ് അണങ്കൂർ | 167/3pt | 0 | 0 | 2832.900 |
| 19 | താഴലങ്ങാടി അങ്കണവാടി | 56/01 | 0 | 0 | 80.940 |
| 20 | ബ്യൂരിയൽ ഗ്രൗണ്ട് (പുറമ്പോക്ക്) 1.14 ഏക്കർ | 0 | 0 | 46 | 14 |
| 21 | അട്ടുക്കത്ത് ബയൽ അങ്കണവാടി കേളുഗുഡ്ഡെ | 54/pt | 0 | 1 | 21 |
| 22 | കമ്മ്യൂണിറ്റി ഹാൾ കേളുഗുഡ്ഡെ | 111/1 | 0 | | 37 |
| 23 | ട്രഞ്ചിംഗ് ഗ്രൗണ്ട് | 111/3 | 0 | 64 | 35 |
| 24 | ഐസോലേഷൻ ഗ്രൗണ്ട് | 111/1 | 0 | 28 | 86 |
| 25 | അട്ടുക്കത്ത് ബയൽ ജി.യു.പി. സ്കൂൾ | 63/1 63/3 63/4b/B 63/4b 2 | 0 | 46 | 95 |
| 26 | അശോക് നഗർ ക്വാർട്ടേഴ്സ് | 77/ 4b | 0 | 16 | 19 |
| 27 | അശോക് നഗർ അങ്കൺവാടി | 97/PT | 0 | 1 | 21 |
| 28 | ആയുർവേദ ആശുപത്രി | 176/3 | 0 | 24 | 28 |

| | | | | | |
|---|---|---|---|---|---|
| 29 | പ്രീ-മെട്രിക്ക് ഹോസ്റ്റൽ ഹോസ്റ്റൽ ഫോർ ഗേൾസ് കാസറഗോഡ്, നുള്ളിപ്പാടി | 213/2a | 0 | 9 | 72 |
| 30 | അണങ്കൂർ അങ്കൺവാടി | 211/pt | 0 | 1 | 21 |
| 31 | വർക്ക് ഷെഡ്ഡ് നെൽക്കള | 227/pt | 0 | 3 | 12 |
| 32 | നെൽക്കള അങ്കൺവാടി | 226/E | 0 | 1 | 21 |
| 33 | പോസ്റ്റ് മെട്രിക്ക് ബോയ്സ് ഹോസ്റ്റൽ | 226/bpt | 0 | 35 | 40 |
| 34 | എസ്.സി.എസ്.ടി കമ്മ്യൂണിറ്റി ഹാൾ, നെൽക്കള | 226/bpt | 0 | 40 | 47 |
| 35 | മുനിസിപ്പാലിറ്റി സ്റ്റേഡിയം | 205/pt | 4 | 61 | 36 |
| 36 | മുനിസിപ്പാലിറ്റി വ്യവസായ വികസന കേന്ദ്രം | 237/1A3B1 | 0 | 80 | 93 |
| 37 | സാംസ്കാരിക കേന്ദ്രം, ചാലക്കുന്ന്. | 294/2 | 0 | 2 | 2 |
| 38 | ചാലക്കുന്ന് അങ്കൺവാടി | 289/2pt | 0 | 2 | 23 |
| 39 | ചാല അങ്കൺവാടി | 00 | 0 | 1 | 21 |
| 40 | ചാല വോളിബോൾ സ്റ്റേഡിയം | 203/pt | 0 | 7 | 82 |
| 41 | ടിവി സ്റ്റേഷൻ അങ്കൺവാടി | 277/pt | 0 | 1 | 66 |
| 42 | ടിവി സ്റ്റേഷൻ റോഡ് കമ്മ്യൂണിറ്റി ഹാൾ | 277/pt | 0 | 2 | 2 |
| 43 | പ്രൈമറി എഡ്യൂക്കേഷൻ സെന്റർ | 178/1pt | 0 | | 58 |
| 44 | കാസറഗോഡ് മുനിസിപ്പാലിറ്റി കമ്മ്യൂണിറ്റി ഹാൾ | 0 | 0 | 1 | 21 |
| 45 | ജി.എൽ.പി. സ്കൂൾ അണങ്കൂർ | 178/1b 178/2 | 0 | 22 | 54 |
| 46 | ചെന്നിക്കര അങ്കണവാടി | ലഭ്യമല്ല | 0 | 1 | 21 |

| | | | | | |
|---|---|---|---|---|---|
| 47 | അങ്കണവാടി പുലിക്കുന്ന് | 0 | 0 | 1 | 21 |
| 48 | ഡൈനിംഗ് ഹാൾ | 8 | 0 | 44 | 52 |
| 49 | നഗരസഭ വിദ്യാഭ്യാസ മ്യൂസിയം | 4/4A<br>4/5A | 0 | 2 | 54 |
| 50 | സന്ധ്യാരാഗം ഓപ്പൺ ഓഡിറ്റോറിയം | 3/16bpt | 0 | 19 | 16 |
| 51 | മുനിസിപ്പൽ കോൺഫറൻസ് ഹാൾ | 0 | 0 | 40 | |
| 52 | മുനിസിപ്പൽ ഓഫീസ് ബിൽഡിംഗ് | 83/2 | 0 | 41 | |
| 53 | മുനിസിപ്പൽ കോൺഫറൻസ് ഹാൾ | 3/16b | 0 | 40 | |
| 54 | മുനിസിപ്പൽ ഓഫീസ് ബിൽഡിംഗ് | 4/1 | 0 | 41 | |
| 55 | ക്വാർട്ടേഴ്സ് | 4/3 | 0 | 40 | |
| 56 | നഗരസഭ ലൈബ്രറി | 84/2 | 0 | 4 | 45 |
| 57 | ഗവ. ഹയർ സെക്കൻഡറി സ്കൂൾ കാസറഗോഡ് | 0/9<br>1/10<br>3/1<br>83/1<br>83/1/9<br>83/B<br>85/1A | 1 | 92 | |
| 58 | കൊറക്കോട് അങ്കൺവാടി | 23/12b | 0 | 1 | 24 |
| 59 | കുട്ടികളുടെ പാർക്ക് മഡോണ സ്കൂൾ സമീപം | 68/pt | 0 | 5 | 86 |
| 60 | അങ്കൺവാടി ഫോർട്ട് റോഡ് | ലഭ്യമല്ല | 0 | 1 | 23 |
| 61 | മുനിസിപ്പൽ എൽ പി സ്കൂൾ തെരുവ് | 65/6 | 0 | 4 | 4 |
| 62 | മാലിക്ക് ദിനാർ പള്ളിക്ക് സമീപത്തുള്ള ഗ്രൗണ്ട് | 56/pt | 58 | 50 | |
| 63 | പവലിയൻ | ലഭ്യമല്ല | 0 | | 18 |
| 64 | ഗവ. മുസ്ലീം ഹയർ | 56/4 | 1 | 1 | 7 |

| | | | | | |
|---|---|---|---|---|---|
| | സെക്കൻഡറി സ്കൂൾ തളങ്കര | | | | |
| 65 | കമ്മ്യൂണിറ്റി ഹാൾ (തെരുവത്ത്) | 50/pt | 0 | 4 | 53 |
| 66 | പൊയക്കര പാർക്ക് | 50/pt | 0 | 4 | 53 |
| 67 | സ്വീവീവ് പാർക്ക് തയ്യലങ്ങാടി | 11/1 64/2 | 0 | 77 | |
| 68 | ഫീഷറീസ് യു പി സ്കൂൾ കടപ്പുറം | 4/3b/5b | 0 | 8 | 10 |
| 69 | അങ്കൺവാടി കടപ്പുറം | ലഭ്യമല്ല | 0 | 1 | 21 |
| 70 | കസബ കടപ്പുറം ആരോഗ്യ കേന്ദ്രം | ലഭ്യമല്ല | 0 | 1 | 45 |
| 71 | ഖാൻ ബഹദൂർ ഷംനാദ് പാർക്ക് | 70/2 | 0 | 1 | 21 |
| 72 | മുനിസിപ്പൽ ലോഡ്ജ് | 41/12 | 0 | 3 | |
| 73 | ടൗൺ ജി യു പി സ്കൂൾ ഫസ്റ്റ് വിംഗ് | 45/6A 45/6b 45/6b 2 | 0 | 53 | 83 |
| 74 | സെക്കൻഡ് വിംഗ് | 39/1b 39/2b | 0 | 16 | 18 |
| 75 | ജി ഡബ്ല്യൂയു എൽ.പി സ്കൂൾ | 24/12pt | 0 | 3 | |
| 76 | അങ്കൺവാടി (ബീരാന്തവയൽ) | ലഭ്യമല്ല | 0 | 1 | 21 |
| 77 | ഗവ. വൊക്കേഷണൽ ഗേൾസ് ഹൈസ്കൂൾ നെല്ലിക്കുന്ന് | 21/2b 21/3A 21/3b | 0 | 48 | 80 |
| 78 | കമ്മ്യൂണിറ്റി ഹാൾ കടപ്പുറം | ലഭ്യമല്ല | 0 | | 81 |
| 79 | അടുക്കത്തബയൽ ബീച്ച് അങ്കൺവാടി റീഡിംഗ് റൂം | ലഭ്യമല്ല | 0 | | 50 |

എന്നാൽ മേൽ വിശദമാക്കിയ ഭൂമികളുടെ ആധാരം, കരം ഒടുക്കിയതിന്റെ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാകണമെന്ന് അറിയിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (36/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ ഭൂ രജിസ്റ്റർ, റിലിംഗ്വിഷ്മെന്റ് രജിസ്റ്റർ എന്നിവ പ്രത്യേകമായി സൂക്ഷിക്കുന്നില്ല. പ്രസ്തുത ഭൂമികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കാസറഗോഡ്, തളങ്കര, മധൂർ എന്നീ വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തിന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമികളുടെ വിശദാംശങ്ങൾ ലഭ്യമല്ല എന്ന് കാസറഗോഡ്, തളങ്കര വില്ലേജ് ഓഫീസുകളിൽ നിന്നും അറിയിച്ചിട്ടുണ്ട്. മധൂർ വില്ലേജ് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെക്കൊടുത്തിരിക്കുന്ന ഭൂമികൾക്ക് നാളിത് വരെയായി ഭൂനികുതി ഒടുക്കിയിട്ടില്ല എന്ന് മധൂർ വില്ലേജ് ഓഫീസിൽ നിന്നും ഈ കാര്യാലയത്തെ

അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | സർവ്വേ നം. | പഴയ റീ സർവ്വേ നം. | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 423/1 | 336/1, 337/2 | 2.18.50 Ha | സംസ്ഥാന സർക്കാർ |
| 2 | 424/3 | 337/2 | 0.94.34 Ha | മുനിസിപ്പാലിറ്റി |
| 3 | 425/8 | 337/2 | 0.08.89 Ha | സ്ഥലം |

ഈ സാഹചര്യത്തിൽ നഗരസഭയുടെ കീഴിലുള്ള പുറമ്പോക്ക് ഭൂമി, നഗരസഭ പല ആവശ്യങ്ങൾക്കായി ആർജ്ജിച്ച ഭൂമി എന്നിവയുടെ വിശദമായി പട്ടിക തയ്യാറാക്കി സ്വയം ആർജ്ജിച്ച ഓരോ ഭൂ സ്വത്തും ഏത് സാമ്പത്തിക വർഷത്തിലാണ് ആർജ്ജിച്ചതെന്നുള്ള വിവരം സഹിതം അതാത് വില്ലേജ് ഓഫീസർക്ക് നൽകി ആസ്തി രജിസ്റ്ററിലുള്ള ഭൂമികൾ ചേർത്ത് പുതിയ തണ്ടപ്പേർ നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭ പ്രവർത്തനമാരംഭിച്ചിട്ട് 44 വർഷം കഴിഞ്ഞിട്ടും നഗരസഭയുടെ കൈവശമുള്ളതും ആസ്തി രജിസ്റ്ററിലുള്ളതുമായ ഭൂമികൾ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പുതിയ തണ്ടപ്പേർ നമ്പർ ലഭ്യമാക്കുന്നതിനും കരം ഒടുക്കുന്നതിനുള്ള യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ മുഴുവൻ ഭൂമികളുടെയും ബന്ധപ്പെട്ട വില്ലേജിൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ലെങ്കിൽ ഭൂമികൾ അന്യാധീനപ്പെട്ടു പോകുവാനുള്ള സാധ്യതയുണ്ട്. ആയതിനാൽ മേൽ വിഷയത്തിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 നഗരസഭ ഏല്പിച്ച വാർഷിക വികസന പദ്ധതികൾ ഒന്നും തന്നെ വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയിട്ടില്ല.

നഗരസഭയുടെ 2021-22 വർഷത്തെ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വ്യവസായ വികസന ഓഫീസർ വികസന പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ വ്യവസായ വികസന ഓഫീസർ നടപ്പിലാക്കേണ്ട പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നം | പ്രോജക്ടിന്റെ പേര് | പദ്ധതി തുക (SCP) | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 118 | വനിത സ്വയം സംഘത്തിന് അലക്ക് യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകൽ | 3,00,000 | 0 |
| 2 | 74 | പരമ്പരാഗത കൈത്തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം നൽകൽ (വനിത) | 1,50,000 | 0 |
| 3 | 108 | വനിത സ്വയം സഹായ സംഘത്തിന് ഹെൽത്ത് ക്ലബ്ബ് യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകൽ | 3,00,000 | 0 |
| 4 | 111 | വനിതകൾക്ക് | 1,50,000 | 0 |

| | | | | |
|---|---|---|---|---|
| | | ടാക്സി കാർ വാങ്ങുന്നതിന് ധനസഹായം നൽകൽ | | |
| 5 | 116 | വനിത സ്വയം സഹായം സംഘത്തിന് ബേക്കറി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകൽ | 3,00,000 | 0 |
| ആകെ | | | 12,00,000/- | 0 |

വികസന ഫണ്ട് (എസ് സി പി) വകയിരുത്തിക്കൊണ്ടുള്ള മേൽ പറഞ്ഞ 5 വികസന പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതികൾ ഒന്നും തന്നെ പ്രസ്തുത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. 2020-21 വർഷത്തിലും വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ഏക പദ്ധതിയായ വനിതാ സ്വയംസഹായ സംഘത്തിന് സ്വയംതൊഴിൽ നൽകുന്നതുമായി ബന്ധപ്പെട്ട 2,95,000/- രൂപ വകയിരുത്തി അംഗീകാരം ലഭിച്ച പദ്ധതിയും നടപ്പാക്കിയിട്ടില്ല. സമൂഹത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ ഉള്ള പട്ടിക ജാതി വിഭാഗത്തിന്റെ ഉന്നമനത്തിനും ക്ഷേമത്തിനുമായുള്ള പദ്ധതികൾ നടപ്പാക്കി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തമാണെന്നിരിക്കെ ചെലവഴിക്കേണ്ട പദ്ധതി വിഹിതം നഷ്ടപ്പെടുത്തിയത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതി നടപ്പാക്കാതിരിക്കാനുള്ള കാരണം നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 പെൻഷൻ ഫണ്ട് കുടിശ്ശിക ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

നഗരസഭയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നത് നിലവിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നാണ്.

1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ അനുസരിച്ച് എല്ലാ നഗരസഭ ജീവനക്കാരുടെയും പ്രതിമാസ വേതനത്തിന്റെ 15% വീതം എല്ലാ മാസവും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നുണ്ട്. എന്നാൽ പെൻഷൻ നൽകുന്നതിന് ആവശ്യമായ തുകയുടെ ചെറിയൊരു ശതമാനം മാത്രമാണ് അലോട്ട്മെന്റായി നഗരസഭക്ക് തിരികെ ലഭിക്കുന്നത്. ബാക്കി വരുന്ന തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നു.

2021-22 ലെ കണക്കുകൾ താഴെ കൊടുക്കുന്നു.

| പെൻഷൻ ആനുകൂല്യം നൽകാൻ ചെലവഴിച്ച തുക | അലോട്ട്മെന്റായി ലഭിച്ച തുക | കുറവ് |
|---|---|---|
| 21620025 | 4708647 | 16911378 |

ആകെ ആവശ്യമായ തുകയുടെ 21.78% മാത്രമാണ് ലഭിച്ചത് . പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക നൽകുന്നതിനായി നിലവിൽ തനത് ഫണ്ടിൽ നിന്നും വലിയ തുക ചെലവഴിക്കേണ്ടി വരുന്നു. കുടിശ്ശികയില്ലാതെ ആവശ്യമായ മുഴുവൻ തുകയും അലോട്ട്മെന്റായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത നഗരകാര്യ ഡയറക്ടറെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-29 വിവിധ പ്രവൃത്തികൾക്കായി ജീവനക്കാർക്ക് നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല- 14,60,840/- രൂപ തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി നഗരസഭയിലെ താഴെ പറയുന്ന ഉദ്യോഗസ്ഥൻമാർക്ക് മുൻകൂറായി തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിപൂർത്തീകരിച്ചതിന്റെയോ അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നം. തീയ്യതി/ഫയൽ നം. | തുക | കൈപ്പറ്റിയ ജീവനക്കാരന്റെ പേര് വിവരങ്ങൾ | ഉദ്ദേശം |
|---|---|---|---|---|
| 1. | 58/22.4.21 PW1/1802/21 | 45,000 | ശ്രീമതി. ജയന്തി.എ ഓവർസിയർ | ചെയർമാന്റെ ക്യാബിനിൽ അടിയന്തിര അറ്റകുറ്റപ്പണികൾ |
| 2. | 87/18.5.21 PW1/3784/21 | 49,000 | ശ്രീ. ശ്രീജിത്ത് ഓവർസിയർ | പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ മുറിയിൽ അറ്റകുറ്റപ്പണികൾ |
| 3. | 121/15.6.21 PH2/13002/20 | 47,300 | ശ്രീമതി ജയ്നി.എ ഓവർസിയർ | ചെന്നിക്കര ഗ്യാസ് ശ്മശാനം -അടിയന്തിരം. |
| 4. | 135/18.6.21 PW1/9697/21 | 48,700 | ശ്രീ. ശ്രീജിത്ത് ഓവർസിയർ | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ ക്യാബിനിൽ അറ്റകുറ്റപ്പണി |
| 5. | 165/30.6.21 PW1/4361/21 | 44,400 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | വൈസ് ചെയർപേഴ്സണിന്റെ ക്യാബിനിൽ അറ്റകുറ്റപ്പണി. |
| 6. | 180/15.07.21 PW1/10665/21 | 45,000 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ ക്യാബിനിൽ എ.സി. ഘടിപ്പിക്കൽ |
| 7. | 181/15.7.21 PW1/11291/21 | 14,500 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | മിനി കോൺഫറൻസ് ഹാൾ അറ്റകുറ്റപ്പണി |
| 8. | 196/23.7.21 (PH2/18446/18) | 15,000 | ശ്രീ. രാജേഷ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | റൂഫ് കട്ടർ, ഗ്രാസ് കട്ടർ റിപ്പയർ ചെയ്തത്. |
| 9. | 207/28.7.21 PW1/10,094/21 | 49,900 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | മുനിസിപ്പൽ സ്റ്റേഡിയം ഗേറ്റ് പുനസ്ഥാപിക്കുന്നതിന് |
| 10. | 208/28.7.21 PW1/10093/21 | 50,000 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | മുനിസിപ്പൽ സ്റ്റേഡിയം ഗേറ്റിന് ടിൻ ഷീറ്റ് ഉപയോഗിച്ചുള്ള വർക്ക്. |

| | | | | |
|---|---|---|---|---|
| 11. | 234/2.8.21 PW1/13513/21 | 37,000 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | മുനിസിപ്പൽ സ്റ്റേഡിയം അറ്റകുറ്റപ്പണികൾ |
| 12. | 269/19.9.21 PH2/14566/21 | 8500 | ശ്രീ. മധു.കെ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | KL-14J-6021 ലോറിയുടെ ഗ്ലാസ്സ് ഫിറ്റിംഗ് |
| 13. | 290/4.10.21 R4/150142/21 | 49,500 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | പുതിയ ബസ്സ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലസ്സ് റിപ്പയർ വർക്ക്. |
| 14. | 307/5.10.21 PW1/13569/21 | 49,500 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | വിദ്യാഭ്യാസ സ്റ്റാന്റിംഗ് ചെയർമാന്റെ ക്യാബിൻഎ.സി. മറ്റ് അറ്റകുറ്റപ്പ ണികൾ |
| 15. | 308/5.10.21 PW1/15119/21 | 48,000 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ മുറിയിൽ എ.സി. സ്ഥാപി ക്കൽ - റിപ്പയർ വർക്ക്. |
| 16. | 309/5.10.21/ PW1/10385/21 | 34,300 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | ഗവ. ആയുർവേദ ആശുപത്രിയിലെ വാട്ടർ ടാങ്കിന് ഗ്രിൽസ്. |
| 17. | 317/8.10.21 P2/13368/21 | 30,000 | ശ്രീ. ശ്രീജിത്ത് ടി.എം. ഓവർസിയർ | നഗരസഭാ- കൗൺസിലേഴ്സ് മുറിയിൽ അറ്റകുറ്റപ്പണികൾ |
| 18. | 379/5.11.2021 PW1/20242/21 | 27,900 | ജയ്നി ഓവർസിയർ | തളങ്കര പാർക്കിലെ ടോയ്ലറ്റ് മെയിന്റനൻസ്- റിപ്പയർ |
| 19. | 413/20.11.21 PW1/18033/21 | 39,000 | മിഥുൻ സി, ഓവർസിയർ | 33-ാം വാർഡ് സുനാമി കോളനി മതിൽ - പുനർനിർമ്മാണം |
| 20. | 421/26.11.21 PW1/21339/21 | 49,000 | ശ്രീ. ശ്രീജിത്ത് കുമാർ ഓവർസിയർ | വാർഡ് -8- മല്ലൂസ് കോംപൗണ്ട് റോഡ് -റിപ്പയർ വർക്ക് |
| 21. | 422/26.11.21 PW1/21338/21 | 47,000 | ശ്രീ. ശ്രീജിത്ത് കുമാർ ഓവർസിയർ | മല്ലൂസ് കോംപൗണ്ട് റോ് - വെള്ളക്കെട്ട് ഒഴിവാക്കുന്ന തിന് |
| 22. | 432/30.11.21 PW1/20648/21 | 48,900 | ജയ്നി ഓവർസിയർ | അർബൻ പി.എച്ച്.സി. കോംപൗണ്ട് വാൾ പ്രവൃത്തി. |
| 23. | 440/2.12.21 PW3/22002/21 | 29,900 | മിഥുൻ സി, ഓവർസിയർ | ചെയർമാന്റെ ചേമ്പറിൽ ഇൻവെർട്ടർ സ്ഥാപിക്കൽ |
| 24. | 439/2.12.21 | 47,500 | മിഥുൻ സി, | നഗരസഭാ |

| | | | | |
|---|---|---|---|---|
| | PW1-18395/21 | | ഓവർസിയർ | സെക്രട്ടറിയുടെ ക്വാർട്ടേഴ്സിൽ ഫ്രിഡ്ജ്, ഇൻവെർട്ടർ സ്ഥാപിക്കൽ |
| 25. | 447/7.12.21 PW1-22554/21 | 50,000 | ശ്രീജിത്ത് കുമാർ ഓവർസിയർ | ആയുർവേദ ആശുപത്രിയുടെ സ്ഥലത്ത് താൽക്കാലിക റോഡ് നിർമ്മിക്കൽ |
| 26. | 449/8.12.21 PW3-22349/21 | 36,000 | മിഥുൻ സി, ഓവർസിയർ | അർബൻ പി.എച്ച്.സി.യിൽ എ.സി. സ്ഥാപിക്കൽ |
| 27. | 469/17.12.21 PW3-23093/21 | 45,000 | മിഥുൻ സി, ഓവർസിയർ | അർബൻ പി.എച്ച്.സി.യിൽ സൈഡ് വാൾ നിർമ്മാണം. |
| 28. | 477/24.12.21 PW3/23013/21 | 49,400 | മിഥുൻ സി, ഓവർസിയർ | സർക്കാർ ജനറൽ ആശുപത്രി - ഗേറ്റ്, മതിൽ പെയിന്റിംഗ് |
| 29. | 497/3.1.22 PW1/23020/21 | 45,000 | മിഥുൻ സി, ഓവർസിയർ | 3-ാം വാർഡിലെ അടുക്കത്ത് വയൽ -മസ്ജിദ് റോഡ് കോൺക്രീറ്റ്. |
| 30. | 565/28.1.22 PW1/22067/21 | 40,000 | മിഥുൻ സി, ഓവർസിയർ | കോട്ടക്കണ്ണി റോഡ് ഡ്രൈനേജ് കവറിംഗ് സ്ലാബ് |
| 31 | 595/15.2.22 PW1/20045/21 | 24,640 | മിഥുൻ സി, ഓവർസിയർ | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ റൂമിൽ അറ്റകുറ്റപ്പണികൾ |
| 32 | 657/10.3.22 PW1/3636/22 | 49,100 | ശ്രീജിത്ത് കുമാർ പി ഓവർസിയർ | 24-ാം വാർഡ് വാസിലൈൻ - ജദീദ് റോഡ് 10m – കോൺക്രീറ്റ്. |
| 33 | 661/10.3.22 PW1/3635/22 | 46,300 | ശ്രീജിത്ത് കുമാർ പി ഓവർസിയർ | 4-ാം വാർഡ് വാസിലൈൻ - ജദീദ് റോഡ് 10m – കോൺക്രീറ്റ്. |
| 34 | 669/18.3.22 PW1/5304/22 | 49,500 | മിഥുൻ സി, ഓവർസിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്യാബിനിൽ എ.സി. ഘടിപ്പിക്കൽ |
| 35 | 670/18.3.22 PW1/5302/22 | 43,000 | മിഥുൻ സി, ഓവർസിയർ | വനിതാ ഭവൻ ഹാൾ എ.സി. ഘടിപ്പിക്കൽ |
| 36 | 697/25.3.22 PW1/5566/22 | 28,100 | മിഥുൻ സി, ഓവർസിയർ | നഗരസഭയിലെ പോർച്ച് ഷേഡ് റിപ്പയർ, ക്യാബിൻ |

| | | | | |
|---|---|---|---|---|
| | | | | ഡോർ റിപ്പയർ |
| | ആകെ | 14,60,840/- | | |

അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് കൈപ്പറ്റി 3 മാസത്തിനകം ക്രമീകരിക്കാത്തവരിൽ നിന്നും 18% പലിശ സഹിതം മുഴുവൻ തുകയും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (സ.ഉ. ജി.ഒ(പി) 419/2011/ഫിൻ. തീയ്യതി. 4.10.2011, ജി.ഒ. (പി) 390/2012/ഫിൻ. തീയ്യതി 10.07.2012 എന്നിവയിൽ നിർദ്ദേശിച്ചത് പ്രകാരം)

അതോടൊപ്പം മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് കൂടി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഒരേ സ്വഭാവമുള്ള പ്രവൃത്തികൾ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനായി 50,000/- രൂപയിൽ അധികരിക്കാത്ത പല പ്രവൃത്തികളാക്കി മാറ്റി നടപ്പാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ഉദാ: എ) നഗരസഭയിലെ ചെയർമാന്റെയും വിവിധ സ്റ്റാന്റിഗ് കമ്മിറ്റി ചെയർമാൻമാരുടെയും

മുറികളിലെ അറ്റകുറ്റപ്പണികൾ.

ബി) മുനിസിപ്പൽ സ്റ്റേഡിയം അറ്റകുറ്റപ്പണികൾ.

സി) വാർഡ് - 8 മല്ലസ് കോംമ്പൗണ്ട് റോഡ് പ്രവൃത്തി.

ഡി) അർബൻ പി.എച്ച്.സി.യിലെ വിവിധ പ്രവൃത്തികൾ

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. ഓഡിറ്റ് എൻക്വയറി നം.15 /2021-22 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അഡ്വാൻസ് കൈപ്പറ്റി ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ മേൽ പറഞ്ഞ 14,60,840/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 നഗരസഭയിൽ മാലിന്യ സംസ്കരണം കാര്യക്ഷമമല്ല- തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

നഗരസഭയിൽ ഖരമാലിന്യ സംസ്കരണത്തിന് വിവിധ പ്രദേശങ്ങളിലായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്താത്തതിനാൽ നിലവിൽ മാലിന്യ പ്രശ്നം പരിഹരിക്കാൻ ആവാത്ത സ്ഥിതിയാണ്.

(എ) കൊല്ലങ്കാനയിലെ മാലിന്യ സംസ്കരണ പദ്ധതി.

നഗരസഭ 2005-06 വർഷത്തെ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 5.46 ഏക്കർ സ്ഥലം മധൂർ പഞ്ചായത്തിലെ കൊല്ലങ്കാന എന്ന സ്ഥലത്ത് മാലിന്യ സംസ്കരണ യൂനിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി വാങ്ങിയിട്ടുണ്ട്. എന്നാൽ മധൂർ പഞ്ചായത്തിൽ നിന്ന് സൈറ്റ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ പദ്ധതിയുമായി മുന്നോട്ട് പോകാനായില്ല.

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിക്കായി നഗരസഭയ്ക്ക് ശുചിത്വ മിഷനിൽ നിന്നും 2009-10 വർഷത്തിൽ 41.26 ലക്ഷം രൂപയും 2011-12, 2012-13 വർഷങ്ങളിലായി യഥാക്രമം 116.8 ലക്ഷം, 48.92 ലക്ഷം രൂപയുമായി ആകെ 206.98 ലക്ഷം രൂപ ലഭിച്ചിരുന്നു. ഇതിൽ നിന്നും ടിപ്പർ ലോറി ഡബ്ബർ പ്ലെയിസർ, കണ്ടെയ്നറുകൾ എന്നിവ വാങ്ങാനായി ഉപയോഗിച്ച 27.39 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. മറ്റ് തുടർ പ്രവർത്തനങ്ങൾ നടപ്പാക്കാനാവാതെ ബാക്കിയുള്ള 179.59 ലക്ഷം രൂപയും പലിശയും ചേർത്ത് ആകെയുള്ള 1,80,99,643/- രൂപ 10 വർഷത്തിലധികം കൈവശം വച്ച ശേഷം 31.12.2021ൽ മാത്രമാണ് ട്രഷറിയിൽ തിരികെ ഒടുക്കിയത് .

ആവശ്യത്തിന് തുക കൈയ്യിലുണ്ടായിട്ടും കൊല്ലങ്കാനയിലെ ഖരമാലിന്യ സംസ്കരണ പദ്ധതിയുമായി മുന്നോട്ട് പോകാനോ മറ്റ് സാധ്യതകൾ പരിശോധിക്കാനോ ഉള്ള ഗൗരവകരമായ ശ്രമങ്ങൾ നടന്നതായി കാണുന്നില്ല. 2 കോടിയോളം വരുന്ന തുക 10 വർഷത്തിലധികം കൈവശമുണ്ടായിട്ടും തുടർ പ്രവർത്തനങ്ങൾ നടത്താൻ വേണ്ടി സാധിച്ചിട്ടില്ല. നിലവിൽ മാലിന്യ സംസ്കരണ യൂനിറ്റ് നിർമ്മിക്കുന്നതിനായി കൊല്ലങ്കാനയിൽ വാങ്ങിയ സ്ഥലം നിഷ്ക്രീയാസ്തിയായി തുടരുകയാണ്.

 

(ബി) കേളുഗുഡ്ഡെ ഡംപിംഗ് യാർഡ് - മാലിന്യ സംസ്കരണ പദ്ധതി - സർവ്വെ - തുടർ പ്രവർത്തനങ്ങൾ നടത്തിയില്ല.

ഏകദേശം 50 വർഷം മുമ്പ് മുതൽ തന്നെ മാലിന്യം കൂട്ടിയിടാൻ ഉപയോഗിക്കുന്ന നഗരസഭ പ്രദേശമാണ് കേളുഗുഡ്ഡെ. വളരെ അടുത്ത് തന്നെ ധാരാളം വീടുകൾ സ്ഥിതി ചെയ്യുന്നുണ്ട്. 2 കിലോമീറ്ററിൽ താഴെ ദൂരത്തായി ആശുപത്രിയും പൊതു വിദ്യാലയവും ഉണ്ട്. വേസ്റ്റ് കൂട്ടിയിടുന്നതല്ലാതെ ഇവ സംസ്കരിക്കുന്നതിന് 2021-22 വരെ നഗരസഭ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല.

2021-22 വർഷത്തിൽ കേളുഗുഡ്ഡെ ഡംപിംഗ് യാർഡിലെ ലെഗസി വേസ്റ്റ് അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിലേക്കായി സാങ്കേതി പരിജ്ഞാനമുള്ള വ്യക്തികൾ /ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും തുടർന്ന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത 'സ്പ്രെഡ്സ് സർവ്വെയ്ക്ക്' കരാർ നൽകുകയും ചെയ്തു.

| വൗച്ചർ നം/തീയ്യതി | ചെക്ക് നം. | തുക |
|---|---|---|
| 666/16.03.2022 | 344610 | 11800 |

ഖരമാലിന്യ സംസ്കരണ ചട്ടം 2016ലെ വ്യവസ്ഥകൾ അനുസരിച്ച് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലെഗസി മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും അത്തരം ഭൂമി വീണ്ടെടുക്കുന്നതിനും തസ്വദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മാലിന്യത്തിന്റെ സ്വഭാവും അളവും വിലയിരുത്തൽ, ലെഗസി മാലിന്യ നിക്ഷേപങ്ങൾ തുറക്കുന്നതിനുള്ള ഉത്ഖനന പ്രവർത്തനങ്ങൾ , മാലിന്യം തരം തിരിക്കുന്നതിനുള്ള സ്ക്രീനിംഗും സോർട്ടിംഗും, വീണ്ടെടുക്കപ്പെട്ട വസ്തുക്കളുടെ പുനരുപയോഗം, വിൽപന, വിപണനം, തിരസ്കൃത വസ്തുക്കളുടെ ശാസ്ത്രീയ നിർമ്മാർജ്ജനം എന്നിവ ഇതിൽ പെടുന്നു. കൂടാതെ ഇത്തരം സൈറ്റുകൾ വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകത 17.01.2019ന് OA 519/2019 ഉത്തരവിൽ ബഹു: ദേശീയ ഹരിത ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഇത്തരം പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതും ലഭ്യമായ സ്രോതസ്സുകളിൽ നിന്നും ഫണ്ട് വകയിരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കേളുഗുഡ്ഡെ ഡംപിംഗ് യാർഡിലെ ലെഗസി വേസ്റ്റ് അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകിയ ശേഷം മേൽപറഞ്ഞ തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല.




(സി) വ്യവസായ എസ്റ്റേറ്റിൽ മാലിന്യങ്ങൾ കുന്ന് കൂടി കിടക്കുന്നു.

നഗരസഭയുടെ ഹൃദയ ഭാഗത്തുള്ള വ്യവസായ എസ്റ്റേറ്റ് പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്ന് കൂടി കിടക്കുകയാണ് . ഈ കാര്യാലയത്തിൽ നിന്നും 07.03.2023 നടത്തിയ പ്രദേശിക പരിശോധനയിൽ നിലവിൽ ഇവ സംസ്കരിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കുന്നില്ലെന്ന് കണ്ടു. സമീപമുള്ള ഫ്ലാറ്റിൽ നിന്നും വ്യവസായ എസ്റ്റേറ്റിലേക്ക് ഒഴുക്കി വിടുന്ന മലിന ജലം കുടിയാകുമ്പോൾ പകർച്ച വ്യാധി പോലുള്ള അപകടങ്ങൾക്ക് സാധ്യതയുണ്ട്. (ഖണ്ഡിക 1-23 കാണുക)



ഖരമാലിന്യ സംസ്കരണം നഗരസഭയുടെ അനിവാര്യ ചുമതലയാണെന്നിരിക്കെ ഇതിനുള്ള ഒരു സ്ഥിരവും കാര്യക്ഷമവുമായ സംവിധാനം ഏർപ്പെടുത്തേണ്ടത് നഗരസഭയുടെ പ്രാഥമിക ഉത്തരവാദിത്തമാണ്. ആയതിനുള്ള അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ഗ്രൗണ്ട് വാട്ടർ വകുപ്പ് കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കാസറഗോഡ് നഗരസഭ പരിധിയിലെ വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് കേരള ഗ്രൗണ്ട് വാട്ടർ വകുപ്പിൽ 2018-19 വർഷം ( 27.12.2018ൽ) 282/19 നം പ്രോജക്ട് പ്രകാരം 35,00,000/- രൂപ നിക്ഷേപിച്ചിരുന്നു.

(പ്രൊജക്റ്റ് നം. 282/19 നഗരസഭയുടെ വിവിധ വാർഡുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി ഭൂഗർഭ ജലവകുപ്പിൽ തുക നൽകൽ, നിർവ്വഹണം - സെക്രട്ടറി)

ഏതൊക്കെ സ്ഥലങ്ങളിലാണ് കുഴൽ കിണർ കുഴിക്കേണ്ടത് എന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. കാസർഗോഡ് നഗരസഭ കൗൺസിലിന്റെ 30.11.2018 തീയ്യതിയിൽ 9-ാം നമ്പർ തീരുമാനം അനുസരിച്ച് ഭൂഗർഭ ജല വകുപ്പ് ജില്ലാ ഓഫീസർക്ക് നഗരസഭ സെക്രട്ടറി അയച്ച കത്തിൽ താഴെ പറയുന്ന 15 സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. വാർഡ് - ll ബെദിര
2. വാർഡ് - 13 ചാലക്കുന്ന്
3. വാർഡ് - 14 കൊല്ലമ്പാടി സ്കൂൾ
4. വാർഡ് - 15 ജനകീയ റോഡ് കമ്മ്യൂണിറ്റി ഹാളിന് സമീപം
5. വാർഡ് - 19 നാഗരക്കട്ട
6. വാർഡ് - 20 കരിപ്പൊടി റോഡ്
7. വാർഡ് - 21 ഉഡ്യൈമനെ
8. വാർഡ് - 23 കോയാസ് ലൈൻ
9. വാർഡ് - 24 ഖാസി ലൈൻ
10. വാർഡ് - 26 ജദീദ് റോഡ്
11. വാർഡ് - 27 കണ്ടത്തിൽ ഏരിയ
12. വാർഡ് - 28 കെ.കെ.പുറം ജംഗ്ഷൻ
13. വാർഡ് - 31 തായലങ്ങാടി
14. വാർഡ് - 35 പള്ളം പാഥാർ ഏരിയ
15. വാർഡ് - 19 മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ട്.

ആദ്യത്തെ 14 എണ്ണത്തിന് 265000/- രൂപയും ക്രമ നമ്പർ (15) ന് 170000/- രൂപയും ആയി ആകെ 3880000/- രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ജി.ഡബ്ല്യൂ.കെ/3248/2018 തീയ്യതി 24.12.2018 പ്രകാരം ജില്ലാ ഓഫീസർ, ഭൂഗർഭ ജല വകുപ്പ് നഗരസഭ സെക്രട്ടറിക്ക് അയക്കുകയുണ്ടായി . തുടർന്ന് 720011400000032 അക്കൗണ്ടിലേക്ക് 31.12.2018 ന് 35 ലക്ഷം രൂപ നിക്ഷേപിച്ചു.

ഇതിനെ തുടർന്ന് നഗരസഭ സെക്രട്ടറി ജില്ലാ ഓഫീസർ, ഭൂഗർഭ ജല വകുപ്പുമായി 2019 മാർച്ച് മാസത്തിൽ കരാറിൽ ഏർപ്പെട്ടു. കരാറിലെ നിബന്ധന 4 പ്രകാരം മേൽ പറഞ്ഞ 15 സ്ഥാപനങ്ങളിൽ കുഴൽ കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന പ്രവൃത്തി 25.05.2019 ന് ആരംഭിക്കേണ്ടതും 31.03.2021 ന് പൂർത്തിയാക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തിയാക്കിയ ശേഷം പെർഫോമൻസ് റിപ്പോർട്ട് പൂർത്തികരണ സാക്ഷ്യപത്രം നഗരസഭയിൽ ലഭ്യമാക്കേണ്ടതുമാണ്. ഇതിനെ തുടർന്ന് ഭൂഗർഭ ജല വകുപ്പിൽ നിന്നും അറിയിപ്പുകളൊന്നും ലഭിക്കാത്തതിനാൽ നഗരസഭ സെക്രട്ടറിയുടെ P2-11722/18 തീയ്യതി 07.12.2019 നമ്പർ പ്രകാരം പ്രവൃത്തിയുടെ അവസ്ഥാ റിപ്പോർട്ട് ആവശ്യപ്പെട്ടു. മറുപടി ലഭിക്കാത്തതിനാൽ 10.01.2020, 04.01.2021, 26.04.2021, 27.07.2021, 29.04.2022 എന്നീ തീയ്യതികളിൽ ഓർമ്മക്കുറിപ്പുകൾ അയച്ചു. ഇതിനുള്ള മറുപടിയായി ജി.ഡബ്ല്യൂ.കെ/868/2022 തീയ്യതി 23.05.2022 പ്രകാരം ജില്ലാ ഓഫീസർ , ഭൂഗർഭ ജല വകുപ്പ് അയച്ച കത്ത് മേൽ ലിസ്റ്റ് പ്രകാരമുള്ള 15 സ്ഥലങ്ങളിൽ കൊല്ലംമ്പാടി സ്കൂൾ ഒഴികെ മറ്റുള്ളവർ പ്രവൃത്തി നടത്താൻ ജില്ലാ തല വിദഗ്ധ സമിതിയുടെ അനുമതി ലഭിക്കാത്തതിനാൽ നഗരസഭയിൽ നടപ്പാക്കിയ മറ്റു 12 പ്രവൃത്തികൾക്കും മേൽ ലിസ്റ്റിൽ ഉൾപ്പെട്ട കൊല്ലംമ്പാടി സ്കൂളിന് സമീപമുള്ള കുഴൽ കിണറിനുമായി ആകെ 15,35,317/- രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. ആയതിന്റെ ഫൈനൽ ബിൽ ലഭ്യമാക്കിയില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഭൂഗർഭ ജല വകുപ്പ് നടപ്പാക്കിയ 13 പദ്ധതികളിൽ കൊല്ലംമ്പാടി സ്കൂളിനടുത്തുള്ളതും ജനറൽ ആശുപത്രിക്കടുത്തുള്ളതുമായ കുഴൽ കിണറുകൾ ഒഴികെ മറ്റുള്ളവ നടപ്പാക്കുന്നതിന് ഭരണ സമിതിയുടെ അംഗീകാരം ലഭിച്ചതായി ഫയലിൽ ഇല്ല. ജനറൽ ആശുപത്രിക്കടുത്തുള്ള കുഴൽ കിണർ പ്രവൃത്തിയുടെ തുക മേൽ നിക്ഷേപത്തിൽ നിന്നും ചെലവഴിക്കാൻ അനുമതി തേടിയുള്ള ജില്ലാ ഓഫീസർ ഭൂജല വകുപ്പിന്റെ കത്തിന് സെക്രട്ടറി നൽകിയ മറുപടി

ഈ കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചത്. ആയതിനാൽ ഭൂഗർഭ ജല വകുപ്പ് നടപ്പാക്കിയതായി പറയുന്ന 11 കുഴൽ കിണറുകൾക്ക് ആരാണ് അംഗീകാരം നൽകിയെതെന്ന് ഫയലിൽ ഇല്ല.

2) മേൽ പറഞ്ഞ 11 കുഴൽ കിണറുകൾ കുഴിക്കുന്നതിന് സ്ഥലം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3) ഭൂഗർഭ ജല വകുപ്പിൽ ഡെപ്പോസിറ്റായി ഒടുക്കിയ 35 ലക്ഷം രൂപയിൽ ചെലവായ 15,35,317/- രൂപ ഒഴികെ ബാക്കി തുക തിരികെ ഈടാക്കുന്നതിനോ ക്രമീകരിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

35 ലക്ഷം രൂപ ഡെപ്പോസിറ്റ് വർക്ക് നടപ്പാക്കുന്നതിനായി നൽകിയ ശേഷം കൃത്യമായ മോണിറ്ററിംഗ് നടന്നിട്ടില്ല. മേൽ വിഷയത്തിന് ആവശ്യമായ ഗൗരവം നൽകി അപാകതകൾ പരിഹരിക്കുന്നതിനും ബാക്കി തുക ക്രമീകരിക്കുന്നതിനുമുള്ള അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 PMAY ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല

പ്രോജക്റ്റ് നം- 42/2022 പി എം എ വൈ ഭവന നിർമ്മാണം

നിർവ്വഹണോദ്യോഗസ്ഥൻ - പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ

വകയിരുത്തിയ തുക – 1120000/- (പൊതു വിഭാഗം-സാധാ)
1120000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)

'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടേയും നഗരസഭകളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന-ലൈഫ് ഭവന പദ്ധതി. ഓഡിറ്റ് വർഷത്തിൽ ആകെ 25 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരുന്നെങ്കിലും 9 ഗുണഭോക്താക്കൾ മാത്രമേ കരാർ ചമച്ചിട്ടുള്ളു. കെട്ടിട നിർമ്മാണാനുമതി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കണമെന്ന് 04.10.2016ലെ സ.ഉ.(സാധാ)നം.2803/2016/തസ്വഭവ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ഭരണ സമിതി അംഗീകാരം ലഭിച്ച് കരാർ ചമച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താ/വിന്റെ പേര് | മേൽ വിലാസം | ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാന നമ്പർ | കരാർ ചമച്ച തീയ്യതി | നൽകിയ ധനസഹായം |
|---|---|---|---|---|---|
| 1 | ആയിഷത്ത് മിസ്രിയ എ | THAYAL HOUSE, CHALAKUNNU, VIDYA NAGAR P O, Kasaragod-671123 | Date.08/03/2022 Resolution No .12 | 01/02/2023 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 2 | ഇല്ല്യാസ് ടി ഇ | T H HOUSE, THURUTHI, Kasaragod-671121 | Date.08/03/2022 Resolution No .12 | 07/11/2022 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 3 | ഖദീജത്ത് സമീറ | CERAMIC ROAD, ADUKATHBAIL, Kasaragod-671121 | Date.08/03/2022 Resolution No .12 | 07/11/2022 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 4 | നബീസ | 332, CERAMICS ROAD, THERUVATH, | Date.08/03/2022 Resolution No .12 | 13/12/2022 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | Kasaragod-671121 | | | |
| 5 | നഫീസ ടി എ | FATHIMA MANZIL, THURUTHI | Date.08/03/2022 Resolution No .12 | 26/08/2022 | രണ്ട് ഗഡുക്കളായി 200000 രൂപ നൽകിയിട്ടുണ്ട്. |
| 6 | ശബ്ന കെ എ | 217, PONNANTHARA HOUSE, PACHAKKAD, Kasaragod-671121 | Date.08/03/2022 Resolution No .12 | 23/01/2023 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 7 | സഫിയ | 108 A, BADUVANKUNHI COMPOUND, NULLIPADY, Kasaragod-671121 | Date.08/03/2022 Resolution No .12 | 04/11/2022 | രണ്ട് ഗഡുക്കളായി 200000 രൂപ നൽകിയിട്ടുണ്ട്. |
| 8 | സഫിയ പി | PERUMBAL HOUSE, CRESENT ROAD, THALANGARA, Kasaragod-671122 | Date.08/03/2022 Resolution No .12 | 14/12/2022 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 9 | ശിവരാമൻ | 2/239, THAYAL HOUSE, NELLIKUNNU, Kasaragod-671121 | Date.08/03/2022 Resolution No .12 | 26/08/2022 | രണ്ട് ഗഡുക്കളായി 200000 രൂപ നൽകിയിട്ടുണ്ട്. |

മുൻവർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട 264 ഗുണഭോക്താക്കളിൽ ആകെ 244 പേർ മാത്രമാണ് കരാർ ചമച്ചത്. ഇതിൽ 169 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മേൽ വിലാസം | ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാന നമ്പർ | കരാർ ചമച്ച തീയ്യതി | നൽകിയ ധനസഹായം |
|---|---|---|---|---|---|
| 1 | ആശ സി | 338, KASABA, KASABA BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 04/09/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 2 | ഭാനുമതി | 488, KORAKOD KSD, | Date.15/02/2017 Resolution No.16 | 10/02/2017 | നാളിതുവരെ 3 ഗഡുക്കളായി |

| | | | | | |
|---|---|---|---|---|---|
| | | Kasaragod-671121 | | | ആകെ 270000 രൂപ നൽകിയിട്ടുണ്ട്. |
| 3 | ഭുവനേശ്വരി കെ | 78, KORAKOD KSD, Kasaragod-671121 | Date.15/02/2017 Resolution No.16 | 06/06/2017 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 4 | ചിത്ര എൻ | 162, CHITHRA, ADKATHABAIL NORTH BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 01/06/2017 | നാളിതുവരെ 3 ഗഡുക്കളായി ആകെ 270000 രൂപ നൽകിയിട്ടുണ്ട്. |
| 5 | ഗിരിജ | W/O NARAYANAN (LATE), NEAR AYYAPPA BHAJANA MANDHIRAM, KASABA BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 11/09/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 6 | ജയശ്രീ ജി | 316, KASABA BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 03/08/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 7 | കെ. കുശല കുമാരി | YAMUNA,NULLIPADY, Kasaragod-671121 | Date.15/02/2017 Resolution No.16 | 20/06/2019 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 8 | കലാവതി കെ | SHANTHI NA, NORTH BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 10/12/2017 | നാളിതുവരെ 3 ഗഡുക്കളായി ആകെ 270000 രൂപ നൽകിയിട്ടുണ്ട്. |
| 9 | കല്യാണി | W/O BALAN (LATE) AYYAPPA MADAM,159, KASABA BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 18/03/2017 | നാളിതുവരെ 3 ഗഡുക്കളായി ആകെ 270000 രൂപ നൽകിയിട്ടുണ്ട്. |
| 10 | ലക്ഷ്മി | 128, KASAB, KASABA BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 25/10/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 11 | ലീലാവതി പി എൻ | P S GUDDE, P S GUDDE, | Date.15/02/2017 Resolution No.16 | 05/01/2023 | ആദ്യ ഗഡുവായി |

| | | | | | |
|---|---|---|---|---|---|
| | | Kasaragod-671121 | | | 40000 രൂപ നൽകിയിട്ടുണ്ട്. |
| 12 | നഹിമ എം.പി | 18,NIZAR M,കരാർ ചമച്ച ഗുണഭോക്താക്കളിൽ ആരും തന്നെ ഓഡിറ്റ് തീയ്യതി വരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. PACHAKKAD, Kasaragod-671121 | Date.15/02/2017 Resolution No.16 | 07/01/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 13 | രജനി | W/ O RAVEENDRAN, 127, KASABA BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 04/05/2017 | നാളിതുവരെ 3 ഗഡുക്കളായി ആകെ 270000 രൂപ നൽകിയിട്ടുണ്ട്. |
| 14 | രാമ | 343, KASABA, KASABA BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 03/08/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 15 | രോഹിണി | 149, ANANGOOR, Kasaragod-671121 | Date.15/02/2017 Resolution No.16 | 26/09/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 16 | സരോജിനി ജി | SHIVANTHAM, ADKATHABAIL BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 28/02/2021 | നാളിതുവരെ 2 ഗഡുക്കളായി ആകെ 200000 രൂപ നൽകിയിട്ടുണ്ട്. |
| 17 | ശാരദ | 92, KASABA, KASABA BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 14/09/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 18 | ശോഭ | CPCRI, KADA, MOGRAL PUTTUR, Kasaragod-671121 | Date.15/02/2017 Resolution No.16 | 27/09/2017 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 19 | സിന്ധു | 337,KASABA, KASABA BEACH, Kasaragod-671121 | Date.15/02/2017 Resolution No.16 | 12/09/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 20 | സിന്ധു | W/O PRABHAKARAN | Date.15/02/2017 | 12/07/2018 | നാളിതുവരെ 3 |

| | | | | | |
|---|---|---|---|---|---|
| | | 76,KASABA,<br>KASABA BEACH,<br>Kasaragod-671121 | Resolution No.16 | | ഗഡുക്കളായി ആകെ<br>360000 രൂപ നൽകിയിട്ടുണ്ട്. |
| 21 | സോണി കാമി | 199,<br>ADKATHABAIL BEACH,<br>Kasaragod-671121 | Date.15/02/2017<br>Resolution No.16 | 16/09/2017 | നാളിതുവരെ 3 ഗഡുക്കളായി ആകെ<br>350000 രൂപ നൽകിയിട്ടുണ്ട്. |
| 22 | വനജ കെ | 112, KASABA BEACH,<br>Kasaragod-671121 | Date.15/02/2017<br>Resolution No.16 | 17/03/2017 | നാളിതുവരെ 3 ഗഡുക്കളായി ആകെ<br>270000 രൂപ നൽകിയിട്ടുണ്ട്. |
| 23 | വിലാസിനി | S C B B M,<br>KADAPPURAM,<br>Kasaragod-671121 | Date.15/02/2017<br>Resolution No.16 | 29/09/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ<br>360000 രൂപ നൽകിയിട്ടുണ്ട്. |
| 24 | വിനോദ | 67/PUL 5A,<br>KASABA BEACH,<br>Kasaragod-671121 | Date.15/02/2017<br>Resolution No.16 | 19/07/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ<br>360000 രൂപ നൽകിയിട്ടുണ്ട്. |
| 25 | ഷംസാദ് ടി എ | THALANKARA | Date.15/02/2017<br>Resolution No.16 | 19/03/2022 | ആദ്യ ഗഡുവായി<br>40000 രൂപ നൽകിയിട്ടുണ്ട്. |
| 26 | രഘുരാമ എൻ | NELLIKUNNU,<br>Kasaragod | Date.20/11/2017<br>Resolution No .14 | 20/06/2019 | നാളിതുവരെ 3 ഗഡുക്കളായി ആകെ<br>360000 രൂപ നൽകിയിട്ടുണ്ട്. |
| 27 | സുരേഷ് കുമാർകെ.വി | DURGA PRAS,<br>NEAR DEVI TEMPLE,<br>KORAKODE,<br>Kasaragod-671121 | Date.20/11/2017<br>Resolution No .14 | 25/02/2020 | ആദ്യ ഗഡുവായി<br>40000 രൂപ നൽകിയിട്ടുണ്ട്. |
| 28 | ശാരദ | 133, KATTAMBALLI,<br>Kasaragod,Kasaragod | Date.30/12/2018<br>Resolution No .01 | ലഭ്യമല്ല | നാളിതുവരെ 3 ഗഡുക്കളായി ആകെ<br>360000 രൂപ നൽകിയിട്ടുണ്ട്. |
| 29 | ബാലൻ | 147,CHERANGAI,<br>CHERANGAI,<br>KASARAGOD-671121 | Date.17/01/2018<br>Resolution No .24 | 28/12/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ<br>360000 രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകിയിട്ടുണ്ട്. |
| 30 | അബ്ദുൾ റഹിമാൻ | 271, PALLIVALAP, NELLIKUNNU, KASARAGOD-671121 | Date.17/01/2018 Resolution No .24 | 07/06/2018 | നാളിതുവരെ 2 ഗഡുക്കളായി ആകെ 200000 രൂപ നൽകിയിട്ടുണ്ട്. |
| 31 | ജമാലുദ്ദീൻ | 233,PACHAKKAD HOUSE, PACHAKKAD-671121 | Date.17/01/2018 Resolution No .24 | 28/04/2021 | നാളിതുവരെ 2 ഗഡുക്കളായി ആകെ 200000 രൂപ നൽകിയിട്ടുണ്ട്. |
| 32 | കെ.എം. അബ്ബാസ്സ് | 159,THALANGARA, K K PURAM-671122 | Date.17/01/2018 Resolution No .24 | 08/07/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 33 | മാഹിൻ | 54,THALANGARA K K PURAM, K K PURAM PALLI QUARTERS-671122 | Date.17/01/2018 Resolution No .24 | 23/02/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 34 | കല്യാണി | KASABA BEACH-671121 | Date.17/01/2018 Resolution No .24 | ലഭ്യമല്ല | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 35 | നിർമ്മല | W/O SHASHANKAN, NELLIKKUNNU KADAPPURAM, KASABA | Date.17/01/2018 Resolution No .24 | 03/08/2018 | നാളിതുവരെ 2 ഗഡുക്കളായി ആകെ 200000 രൂപ നൽകിയിട്ടുണ്ട്. |
| 36 | രത്നപ്രഭ | 210,CHANDHANA VILLA, KASARGOD-671121 | Date.17/01/2018 Resolution No .24 | 14/08/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 37 | ലക്ഷ്മി | 163,ADKATHBAIL BEACH, KASARAGOD-671121 | Date.17/01/2018 Resolution No .24 | 26/10/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 38 | അനിത എസ് | 142 A,MEENAKSHI, NEAR SREEKURUMBA TEMPLE-671121 | Date.17/01/2018 Resolution No .24 | 25/07/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 39 | മീന കെ | 164, NEAR SATHYANARAYANA MADAM, ADKATHBAIL BEACH-671121 | Date.17/01/2018 Resolution No .24 | 16/08/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 40 | താഹിറ | C H MUHAMMED KOYA ROAD,THALANKARA | Date.17/01/2018 Resolution No .24 | 16/08/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 41 | സുമയ്യ | ZEENATH NAGAR, THALANGARA,KASARGOD | Date.17/01/2018 Resolution No .24 | 06/07/2018 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 42 | രജനി | W/o Prasannan, Kasaba Beach | Date.14/01/2019 Resolution No .6 | 25/03/2019 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 43 | സരസ്സ | W/o Chandran, Kandodi Aythar House, Adkathbail Beach | Date.14/01/2019 Resolution No .6 | 19/05/2019 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 44 | സാവിത്രി | W/o Dasan(l), Fisheries Colony, Adukathbail | Date.14/01/2019 Resolution No .6 | 28/02/2022 | ആദ്യഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 45 | വാണിശ്രീ കെ | W/o Prakashan, Kasaba Beach | Date.14/01/2019 Resolution No .6 | 30/12/2019 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 46 | അച്യുതൻ എൻ | S/o. Kunhiraman, Nellkala | Date.27/12/2019 Resolution No .16 &03/09 /2022.R.N.8 | 31/03/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 47 | അലീമ | W/o. K A Abdulla, KK Puram | Date.27/12/2019 Resolution No .16 &03/09 /2022.R.N.8 | 11/01/2023 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 48 | അനുഷ കെ | W/o Prasanth, Adukkath Bail | Date.27/12/2019 Resolution No .16 &03/09 /2022.R.N.8 | 13/08/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 |
| 49 | അസീസ് ടി എം | S/o Muhammed Kunhi, Kollampadi | Date.27/12/2019 Resolution No .16 &03/09 | 11/02/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ |

| | | | | | |
|---|---|---|---|---|---|
| | | | /2022.R.N.8 | | 360000 രൂപ നൽകിയിട്ടുണ്ട്. |
| 50 | ചന്ദ്രൻ കെ | Nelkala, Vidhyanagar | Date.27/12/2019 Resolution No .16 &03/09 /2022.R.N.8 | 19/05/2022 | നാളിതുവരെ 2 ഗഡുക്കളായി ആകെ 200000 രൂപ നൽകിയിട്ടുണ്ട്. |
| 51 | ചന്ദ്രശേഖരൻ | S/o Raghavan, Puthiyapara Tharavad, Nellikunnu,kasaragod | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 11/01/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 52 | കമല (വാസു) | W/o. Appu Vaidayar, Chennikkara | Date.27/12/2019 Resolution No .16 &03/09 /2022.R.N.8 | 01/02/2023 | ആദ്യഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 53 | കുമാരൻ ടി | Near MG Colony, Anagoor | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 10/03/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 54 | ലീല | W/o.Babu, Adukkath Bail | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 26/07/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 55 | പി.ഈശ്വര പൂജാരി | S/o.Rama Poojari, Scout Bhavan Road | Date.27/12/2019 Resolution No 16 &03/09 /2022.R.N.8 | 04/11/2022 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 56 | പ്രകാശ കെ | Puthan Veetil House, Kasaba Beach | Date.27/12/2019 Resolution No .16 &03/09 /2022.R.N.8 | 19/01/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 |
| 57 | പ്രേമ | W/o.Kokku, Honammoola | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 15/09/2021 | നാളിതുവരെ 2 ഗഡുക്കളായി ആകെ 200000 രൂപ നൽകിയിട്ടുണ്ട്. |
| 58 | പ്രിയ ആർ | W/o.Vijayan, Kasaba Beach | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 17/02/2022 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 59 | രാധിക കെ | D/o Gangadharan, Nellikunnu | Date.27/12/2019 Resolution No.16 &03/09 | 28/12/2020 | നാളിതുവരെ 3 ഗഡുക്കളായി ആകെ |

| | | | | | |
|---|---|---|---|---|---|
| | | | /2022.R.N.8 | | 360000 രൂപ നൽകിയിട്ടുണ്ട്. |
| 60 | രാജീവി | W/o Narayana Poojari, Angoor | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 15/01/2021 | നാളിതുവരെ 2 ഗഡുക്കളായി ആകെ 200000 രൂപ നൽകിയിട്ടുണ്ട്. |
| 61 | രവി ബി കെ | Balkal (H), Bangarakunnu | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 24/09/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 62 | രൂപകല ഡി | W/o K N Vegikataramana Pattel, Svt Road ,Kasaragod | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 28/02/2022 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 63 | സഞ്ചു | S/o.Shanmuga, Adukkathbail | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 19/05/2022 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 64 | സരള | W/o.Narayanan, Kasaba Beach | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 13/08/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 65 | സരള ആർ | W/o Vinu, Adukkath Bail | Date.27/12/2019 Resolution No .16 &03/09 /2022.R.N.8 | 08/12/2022 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 66 | സരോജിനി | W/o Govinda, Parakkatta | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 16/03/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 67 | സരോജിനി | Puthan Veetil House, Kasaba Beach | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 26/08/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 68 | സവീർ കാത്തിം മുള്ളിപ്പുര | Sajina Quarters, Anagoor | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 04/07/2020 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 69 | ശാന്ത റാം | S/o Malinga Mestri, Pulikkunnu | Date.27/12/2019 Resolution No.16 &03/09 | 03/03/2021 | നാളിതുവരെ 2 ഗഡുക്കളായി ആകെ |

| | | | | | |
|---|---|---|---|---|---|
| | | | /2022.R.N.8 | | 200000 രൂപ നൽകിയിട്ടുണ്ട്. |
| 70 | സുബൈദ | W/o.Nizar, Bangarakkunnu, Nellikunnu, Kasaragod | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 17/09/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 71 | സുശീല | Chennikkara | Date.27/12/2019 Resolution No .16 &03/09 /2022.R.N.8 | 02/07/2022 | നാളിതുവരെ 2 ഗഡുക്കളായി ആകെ 200000 രൂപ നൽകിയിട്ടുണ്ട്. |
| 72 | ഉമേശ | Bhoopas Compound, Karanthakkad | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 10/03/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 73 | വിജയൻ | S/o Narayana, Koppalam House, Thalangara,kasarasgod | Date.27/12/2019 Resolution No.16 &03/09 /2022.R.N.8 | 03/01/2023 | ആദ്യ ഗഡുവായി 40000 രൂപ നൽകിയിട്ടുണ്ട്. |
| 74 | ആമിന | Amina Manzil, Thalangara, Kasaragod | Date.20/03/2020 Resolution No.7 | 26/10/2021 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |
| 75 | സാഹിറ | W/o. Abdul Gafoor, Kollambadi | Date.20/03/2020 Resolution No.7 | 30/12/2020 | നാളിതുവരെ 3 ഗഡുക്കളായി ആകെ 360000 രൂപ നൽകിയിട്ടുണ്ട്. |

ആയതിനാൽ മുൻവർഷങ്ങളിൽ ഭവന പദ്ധതിയിൽ ഉൾപ്പെട്ട് കരാർ ചമച്ചിട്ടും പൂർത്തീകരിക്കാൻ അവശേഷിക്കുന്ന 75 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-33 മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല- 1,29,500/- രൂപ തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ നഗരസഭയിലെ വിവിധ സ്ഥലങ്ങളിലായി മരം മുറിച്ചു മാറ്റുന്നതിനും അട്ടിവെ യ്ക്കുന്നതിനുമായി താഴെ പറയും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | തുക | ഫയൽ നം. | കൈപ്പറ്റിയ വ്യക്തി | ഉദ്ദേശം. |
|---|---|---|---|---|---|
| 1 | 236/16.08.21 | 6,000 | PH2-9287/21 | രാജേഷ്.കെ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | വാർഡ് 22ലെ മരം മുറിക്കുന്നതിന് |
| 2 | 284/13.09.21 | 3,000 | PH2-9541/21 | മധു.കെ. | പഴയ ബസ്സ്സ്റ്റാന്റിലെ വൃക്ഷങ്ങളുടെ ശിഖരം. |

| | | | | | |
|---|---|---|---|---|---|
| 3 | 353/26.10.21 | 20,000 | PH2-10069/21 | രാജേഷ്.ഇ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | ജി.എം.വി.എച്ച്.എസ്. സ്കൂൾ കോംമ്പൗണ്ടിലെ മരത്തിന്റെ ശിഖരങ്ങൾ മുറിച്ചത് |
| 4 | 499/03.01.22 | 4,000 | PH2-10110/21 | സുധീർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 4-ാം വാർഡ് കേളുഗുഡ്ഡെ സബ്സ്റ്റേഷന് സമീപം- മരം മുറി |
| 5 | 556/20.1.22 | 90,000 | | ഉമേഷ് പൂജാരി | നഗരസഭാ പരിധിയിലെ മരങ്ങൾ മുറിച്ച് പണി പൂർത്തിയാക്കി യതിന് |
| 6 | 562/21.01.2022 | 6,500 | | സദാശിവ.ടി | നഗരസഭാ പരിധിയിലെ മരങ്ങൾ മുറിച്ച് പണി പൂർത്തിയാക്കി യതിന് |
| | ആകെ | 1,29,500/- | | | |

മരം മുറിച്ച മാറ്റി അട്ടിവെച്ച ശേഷം ഫോറസ്റ്റ് വകുപ്പുമായി ബന്ധപ്പെട്ട് ആയതിന്റെ അടിസ്ഥാന വില കണക്കാക്കേണ്ടതും ആവശ്യമായ നടപടിക്രമങ്ങൾക്ക് ശേഷം ലേലം ചെയ്ത് വിറ്റ് തുക നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ പ്രകാരം മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്ത് വിറ്റതിന്റെയോ തുക നഗരസഭ ഫണ്ടിൽ മുതൽ കൂട്ടിയതിന്റെയോ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.16 /2021-22 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മേൽ കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 1,29,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 താളിപ്പടപ്പ് മൈതാനത്തിന്റെ 2021-22 വർഷത്തെ പാട്ട തുക ഒടുക്കിയത് - 2,80,750/- രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ/തീയ്യതി : 72/30.04.21

ഫയൽ നം. : PW1-9803/05

തുക : 2,80,750/-

മേൽ വൗച്ചർ പ്രകാരം കാസർഗോഡ് നഗരസഭയിലെ അടുക്കത്ത് ബയൽ വില്ലേജിൽ Rs No. 63/4-B2ൽ പെട്ട സ്ഥലത്തിന്റെ 2021-22 വർഷത്തെ പാട്ട തുക ഒടുക്കിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ അടുക്കത്ത് വയൽ വില്ലേജിലെ റീ-സർവ്വേ നമ്പർ - 63/4 ബി2 വിൽ പെട്ട 3.50 ഏക്കർ സ്ഥലം (താളിപ്പടപ്പ് മൈതാനം) മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനായി കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് ഒരു ശതമാനം പാട്ട നിരക്കിൽ 99 വർഷത്തേക്ക് പാട്ടത്തിന് നൽകി 25.07.2005 ലെ സ.ഉ(കൈ)230/2005 റവന്യൂ ഉത്തരവ് പ്രകാരം കൈമാറിയിട്ടുണ്ട് (ഓരോ വർഷവും പാട്ട തുകയായ 2,80,750/- രൂപ നഗരസഭ റവന്യൂ വകുപ്പിൽ ഒടുക്കണം എന്ന നിബന്ധനയോടെ).

എന്നാൽ പാട്ടത്തുകയായ2,80,750/-രൂപ ഒടുക്കാൻ തുടങ്ങി വർഷങ്ങളായിട്ടും നാളിതുവരെയും മിനിസ്റ്റേഡിയം നിർമ്മിക്കാനാവശ്യമായ നടപടികൾ നഗരസഭ കൈക്കൊണ്ടിട്ടില്ല. ഇതു സംബന്ധിച്ച് റവന്യൂ മന്ത്രിക്കും മുഖ്യമന്ത്രിക്കും ഉൾപ്പെടെ പാട്ട തുക ഒഴിവാക്കി നൽകേണ്ടതിലേക്കായി നഗരസഭ നിവേദനങ്ങൾ നൽകിയെങ്കിലും പരിഹാരമുണ്ടായിട്ടില്ല (ഇത് സംബന്ധിച്ച് 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-32ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്).

പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി നഗരസഭ എന്തെങ്കിലും അടിയന്തിര ഉടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.18 /2021-22 ന് മറുപടിയായി നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ഇതുവരെ പൂർണ്ണമായ പരിഹാരം ആയില്ലെന്നുമാണ് അറിയിച്ചത്. പൂർണ്ണമായ

പരിഹാരം കാണാത്തതിനാൽ വർഷം തോറും 2,80,750/- രൂപ സർക്കാരിലേക്ക് ഒടുക്കുന്നതിനായി മുനിസിപ്പൽ ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നത് അംഗീകരിക്കാനാവില്ല. ആയതിനാൽ ഈയിനത്തിൽ 2021-22 വർഷം ചെലവഴിച്ച 2,80,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- പൂർത്തീകരണ,വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല- 40,70,000/- രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റി നടപ്പാക്കിയ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയുടെ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് : 195/22 നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

വകയിരുത്തിയ തുക, ഫണ്ട് : ധനകാര്യ കമ്മീഷൻ ഗ്രാന്റ് 45,00,000/-

നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | തുക | നൽകിയ തീയ്യതി | ട്രാൻസാക്ഷൻ വിവരങ്ങൾ |
|---|---|---|---|---|
| 1. | ഹാഷിം സ്ട്രീറ്റ്, നഗരസഭ ഓഫീസ് , നഗരസഭ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് , നഗരസഭ സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിൽ | 18,30,000/- | 30.10.21 ( KWA യുടെ 10510439545 നം. അക്കൗണ്ട്) | UTI നം. RBI3042129134823 |
| 2. | ആയുർവേദ ആശുപത്രി റോഡ്, 17-ാം വാർഡ് ചെന്നിക്കര, 10-ാം വാർഡ് നെൽക്കള എന്നിവിടങ്ങളിൽ | 9,00,000/- | 18.02.22 (KWA യുടെ 10510439545 നം. അക്കൗണ്ട്) | C052224021953 |
| 3. | 12-ാം വാർഡ് അടിയാൻ തൊട്ടി, 7-ാം വാർഡ് നള്ളിപ്പാടി, 38-ാം വാർഡ് സ്ട്രീറ്റ് ടാപ്പ് എന്നിവിടങ്ങളിൽ | 13,40,000/- | 31.03.22 (KWA യുടെ 10510439545 നം. അക്കൗണ്ട്) | RBI0902285899296 |
| | ആകെ | 40,70,000/- | | |

മേൽ പ്രവൃത്തികൾക്കായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രമോ വിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിൽ ഹാജരാക്കുകയോ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്നുള്ള വിവരം അറിയിക്കുകയോ ചെയ്തിട്ടില്ല. ഇത്രയും വലിയ തുക ഡെപ്പോസിറ്റായി നൽകിയിട്ടും നഗരസഭ പ്രവൃത്തിയുടെ തുടർ നടപടികൾ സംബന്ധിച്ച് കൃത്യമായി മോണിറ്റർ ചെയ്തിട്ടില്ല. ആയതിനാൽമേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 40,70,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 കോവിഡ് പ്രതിരോധ പ്രവർത്തനം-ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കൽ - തുടർ പ്രവർത്തനം

സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

പ്രോജക്റ്റ് - 190/22, കോവിഡ് പ്രതിരോധ പ്രവർത്തനം ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കൽ -ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ .

വകയിരുത്തിയ തുക - വികസന ഫണ്ട് 2,94,00,000 (ഗ്രാമ പഞ്ചായത്ത് 1,52,00,000/- ബ്ലോക്ക് 30,00,000/- മുനിസിപ്പാലിറ്റി (3 മുനിസിപ്പാലിറ്റികൾ കൂടി) ആകെ - 15,00,000/- ജില്ലാ പഞ്ചായത്ത് വികസന ഫണ്ട് 97,00,000/- )

കോവിഡ് രണ്ടാം ഘട്ട വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ ഓക്സിജൻ ക്ഷാമം പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഓക്സിജൻ പ്ലാന്റ് നിർമ്മിക്കുന്നു. സംയുക്ത പ്രോജക്ടായി നടപ്പാക്കുന്ന പദ്ധതിയിൽ നഗരസഭ വിഹിതമായി 5,00,000/- രൂപ ജില്ലാ പഞ്ചായത്ത് കൈമാറുന്നതിനാണ് പദ്ധതി.

മേൽ പദ്ധതിക്കായി ബിൽ നം. 34/29.10.21 പ്രകാരം 5,00,000/- രൂപ കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ 79901300000006നം അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഇതിനുശേഷം നടന്ന തുടർ പ്രവർത്തനങ്ങളുടെ വിവരം ഫയലിൽ ഇല്ല. നിലവിൽ ഓക്സിജൻ പ്ലാന്റ് പ്രവർത്തന ക്ഷമമാണോ എന്ന വിവരം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.21/2021-22 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതി പ്രവർത്തനം പൂർത്തികരിച്ചോ എന്നും നിലവിൽ ഓക്സിജൻ പ്ലാന്റ് പ്രവർത്തന ക്ഷമമാണോ എന്നും അറിയിക്കേണ്ടതാണ്.

## 1-37 ഇൻഫർമേഷൻ കേരള മിഷന് തുക നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം/ പേര് - 003/22 , ഇൻഫർമേഷൻ കേരള മിഷന് തുക നൽകൽ

വകയിരുത്തിയ തുക - വികസന ഫണ്ട് 2,56,753/-

ചെലവ് - 256753

ബിൽ നം/തീയ്യതി - 3/7.6.21

മേൽ പദ്ധതിക്കായി കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, IKM ന്റെ കത്ത് പ്രകാരം ആകെ 256753/-രൂപ (സൂചന 8.3.2016 ലെ സ.ഉ (സാധാ) നം. 1228/2016 തസ്വഭവ) SBI നന്ദർകോട് ബ്രാഞ്ചിലെ 57047023512 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇത് താഴെ പറയുംപ്രകാരം അക്കൗണ്ട് ചെയ്തതായി IKM ന്റെ രശീതി നം. 22767/30.06.21 , ₹2,56,753/- പ്രകാരം അറിയിച്ചു.

2019-20ലെ ബാക്കി - 13,383/-

2021-22 ൽ അടവാക്കേണ്ടത് - 2,43,370/-

ആകെ- 2,56,753/-

മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.22/2021-22 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പദ്ധതിക്കായി ചെലവഴിച്ച 2,56,753/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ നീട്ടൽ - പ്രവൃത്തി പൂർത്തീകരിച്ച വിവരം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 299713/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം/ പേര് - 214/22, നഗരസഭയിൽ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുത ലൈൻ നീട്ടൽ- കെ.എസ്.ഇ.ബി ക്ക് തുക നൽകൽ

വകയിരുത്തിയ തുക - വികസന ഫണ്ട് (TSP) 30,500/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 3,00,000/-
ആകെ - 3,30,500/-

ചെലവ് - 2,99,713/-

പ്രസ്തുത തുക താഴ പറയും പ്രകാരം കെ..എസ്.ഇ.ബി ലിമിറ്റഡിന്റെ 67086350640 നം അക്കൗണ്ടിൽ നിക്ഷേപിച്ച് വിവരം പ്രവൃത്തി നടത്തേണ്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ഇലക്ട്രിക്കൽ സെക്ഷൻ, കാസറഗോഡിനെ അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | നിക്ഷേപിച്ച തുക | തുക നിക്ഷേപിച്ച തീയ്യതി | പ്രവൃത്തി നടത്തേണ്ട സ്ഥലം | കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട |
|---|---|---|---|---|

| | | | | തീയ്യതി |
|---|---|---|---|---|
| 1 | 68,350/- | 28.02.22 | 30-ാം വാർഡ് | 2022 സെപ്റ്റംബർ |
| 2 | 97,197/- | 04.03.22 | 22-ാം വാർഡ് | 2022 സെപ്റ്റംബർ |
| 3 | 1,34,166/- | 03.03.22 | 21-ാം വാർഡ് | 2022 സെപ്റ്റംബർ |
| ആകെ | 299713/- | | | |

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രമോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമായിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്നത് സംബന്ധിച്ച വിവരവും ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.23/2021-22 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. മേൽ കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 299713/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 സർവ്വശിക്ഷാ അഭിയാൻ -നഗരസഭ വിഹിതം നൽകൽ- തുടർ പ്രവർത്തനം നിരീക്ഷിക്കുന്നില്ല.

പ്രോജക്ട് നം/ പേര് - 198/22 'സർവ്വശിക്ഷാ അഭിയാൻ , നഗരസഭ വിഹിതം നൽകൽ'

വകയിരുത്തിയ തുക - വികസന ഫണ്ട് , 43,06,000/-

ചെലവ് - 43,06,000/-

ബിൽ നം. തീയ്യതി - 36/29.10.21

2.7.21ലെ ബി1-397/2021/SSK നമ്പർ ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ SSK യുടെ സെക്രട്ടറി, കാസറഗോഡ് മുനിസിപ്പാലിറ്റിക്ക് അയച്ച കത്ത് പ്രകാരം 2021-22 വർഷം SSK യിൽ അടക്കേണ്ട തുക 43.06 ലക്ഷം രൂപയാണ്.

ആകെ തുകയായ 107.64 Lakh ന്റെ 40% തുകയാണ് ഇത്. GO (MS) 41/06/PLG തീയ്യതി 7.6.05 പ്രകാരം SSK ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ 40% തുക തദ്ദേശസ്വയംഭരണ സ്ഥാപനം ഒടുക്കേണ്ടതുണ്ട്. തുക മുഴുവനും വിനിയോഗിച്ചതായി 25.04.22ന് UC ലഭിച്ചു. എന്തൊക്കെ പ്രവർത്തനങ്ങൾ കാസർഗോഡ് നഗരസഭയിൽ നടന്നു, നഗരസഭാ പരിധിയിലുള്ള ഏതൊക്കെ സ്കൂളുകളിലാണ് വികസന പ്രവർത്തനങ്ങൾ നടന്നത് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/2021-22) മറുപടി ലഭിച്ചില്ല. നഗരസഭക്ക് ലഭിക്കേണ്ട ഇത്രയും വലിയ തുകയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലായിട്ടുണ്ടോ എന്ന് നിരീക്ഷിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഉണ്ട്. എന്നാൽ മേൽ പദ്ധതി സംബന്ധിച്ച് യാതൊരു വിധ മോണിറ്ററിംഗും നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇത് ഗൗരവകരമായി കാണേണ്ടതും മേൽ പദ്ധതി നടപ്പിലായി എന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-40 അനുബന്ധ രേഖകളില്ല - 45309 രൂപ തടസ്സപ്പെടുത്തുന്നു

2021-22 വർഷത്തിൽ നഗരസഭയിൽ നടത്തിയ താഴെ പറയുന്ന ചെലവുകൾ പരിശോധിക്കുന്നതിന് ആവശ്യമായ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. തീയ്യതി | തുക | വിഷയം | ലഭ്യമാക്കാനുള്ള രേഖകൾ |
|---|---|---|---|---|
| 1 | 63/23.04.21 | 11,109/- | നഗരസഭ ഉടമസ്ഥതയിലുള്ള കംഫർട്ട് സ്റ്റേഷൻ നടത്തിയ വകയിലും ബോർവെല്ലിൽ നിന്നും ജലം വിതരണം ചെയ്ത വകയിലും | 1)അനുബന്ധ ഫയൽ നം. R4/318/20 2) ബൈലോ 3) കരാർ ഉടമ്പടി |

| | | | | |
|---|---|---|---|---|
| | | | കെ.എസ്.ഇ.ബി.ക്ക് അടക്കാനുള്ളത് | |
| 2 | 612/19.02.22 | 34,200/- | ഹരിത കർമ്മസേന കലണ്ടർ വിതരണം | 1)അനുബന്ധ ഫയൽ നം. PH2-PH4-1532/17<br>2) കലണ്ടറിന്റെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ |
| | ആകെ | 45,309/- | | |

പ്രസ്തുത ഫയലുകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ നം. 5/26.12.22, ഓഡിറ്റ് എൻക്വയറി നം.25/2021-22 എന്നിവ നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 45,309/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 നഗരസഭയിൽ സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല

നഗരസഭയിൽ വൈദ്യുതി ചാർജ്ജ് ഇനത്തിലും വൈദ്യുതി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി വാർഷികമായി ഒരു കോടിയിലധികം രൂപ ചെലവഴിക്കുന്നുണ്ട്. 2021-22 വർഷത്തിൽ ഇത് താഴെ പറയും പ്രകാരമാണ്.

വൈദ്യുതി ചാർജ്ജ് - 6,72,151/- രൂപ

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - 1,08,61,845/-രൂപ

തുരുവ് വിളക്കുകളുടെ അറ്റ കുറ്റപ്പണി - 10,11,777/- രൂപ

വൈദ്യുതി ചാർജ് കുറയ്ക്കുന്നതിനായി സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പഠനം നാളിതുവരെയായി നഗരസഭ നടത്തിയിട്ടില്ല. ജി.ഒ. (ആർ.ടി) 1863/2016 തസ്വഭവ 07.06.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും മേൽ കുരയ്ക്ക് മുകളിൽ 25 KW ഗ്രിഡ് സ്ഥാപിച്ച് സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് 2000/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച് സാധ്യതാ വഠനം നടത്താൻ സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ്സ ഇമേജിംഗ് ടെക്നോളജി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ സർക്കാർ അനുമതി നൽകുകയും സൗരോർജ്ജ് പദ്ധതി നടപ്പാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമായി കെൽട്രോണിനെയും യുനൈറ്റഡ് ലിമിറ്റഡിനെയും അംഗീകരിക്കുകയും ചെയ്തിരുന്നു. (ജി.ഒ. ആർ.ടി, 138114 തസ്വഭവ തീയ്യതി 03.06.2014)

ഇത് സംബന്ധിച്ച സാധ്യതാ പഠനങ്ങൾ നഗരസഭയിൽ നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.38/2021-22 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കാസറഗോഡ് നഗരസഭ തനത് ഫണ്ട് വരവ് കുറവുള്ള നഗരസഭ ആയതിനാൽ ചെലവ് ചുരുക്കുന്നതിനുള്ള സാധ്യതകൾ പരമാവധി പരിശോധിക്കേണ്ടത് നഗരസഭ അധികാരികളുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ സൗരോർജ്ജ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തി നഗരസഭയിലെ തെരുവ് വിളക്കുകകളുടെ ചെലവുകൾ പരിമിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഒടുക്കിയത് - കുടിശ്ശിക തുക സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല.

പ്രോജക്ട് നം. 29/2022 നഗരസഭ പരിധിയിലെ കേരളാ ജല അതോറിറ്റിയുടെ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ

നഗരസഭാ പരിധിയിലെ കേരള ജല അതോറിറ്റിയുടെ പൊതു കുടിവെള്ള ടാപ്പുകളുടെ 2021-22 വർഷത്തെ വെള്ളക്കരം ഒടുക്കുന്നതിനാണ് പദ്ധതി.

നഗരസഭയിൽ ആകെയുള്ള 98 പൊതു ടാപ്പുകൾക്കായി ഒരു മാസത്തേക്ക് 67604/- രൂപയാണ് വെള്ളക്കര ഇനത്തിൽ ഒടുക്കേണ്ടത്.

2021-22 വർഷത്തിൽ ആകെ 11 മാസത്തിലേക്കുള്ള തുകയായി 7,00,000/- രൂപ സംരക്ഷണ ഗ്രാന്റ് നോൺ റോഡും 43,636/- രൂപ തനത് ഫണ്ടുമായി ആകെ 7,43,636/- രൂപ ഒടുക്കിയിട്ടുണ്ട്.

2021-22 വർഷം മുൻബാക്കിയായി കണിച്ചിട്ടുള്ളത് 1,21,916/- രൂപയാണ് (Bill No. 51415/16.04.2021) ആകെ 12 മാസത്തേക്കുള്ള ഡിമാന്റ് വേണ്ടത് 811248 രൂപയും) (67604x12)

ഇത് പ്രകാരം ഒടുക്കാൻ ബാക്കി വേണ്ട തുക 189528 (811248+121916-743636) രൂപയും പിഴ ഇനത്തിലുള്ള 6156 രൂപയും (Bill No. 61566/14.03.2022) അടക്കം ആകെ 195684/- രൂപയാണ്.

എന്നാൽ ബിൽ നം. 61566/14.03.2022ൽ കാണിച്ചിരിക്കുന്ന കുടിശ്ശിക തുക പിഴ തുക ഉൾപ്പെടെ 387528/- രൂപയാണ്. ഇതിൽ നിന്നും മാർച്ച് മാസത്തെ ഡിമാന്റ് തുക ഒടുക്കിയ ശേഷം കിട്ടുന്ന കുടിശ്ശിക തുക 319924/- രൂപയാണ്.

195684/- രൂപ കുടിശ്ശിക വരേണ്ടതിന് പകരം 319924/- രൂപ വന്നതന്റെ കാരണം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.39/2021-22 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. വെള്ളക്കരം കുടിശ്ശിക ഇനത്തിൽ അധികമായി വന്ന 124240/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

ആവശ്യത്തിന് അലോട്ടമെന്റ് ഉണ്ടായിരിക്കെ 2021 ഒക്ടോബർ മാസത്തെ ബിൽ ഒടുക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-43 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തനത്ഫണ്ടിലേക്ക് തിരികെ ലഭിച്ചില്ല

നികുതിയേതര വരുമാനമിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട ടെണ്ടർ ഫീ മുനിസിപ്പൽ എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റിയില്ല.
28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് നഗരസഭകൾക്ക് മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. അയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള കാസർഗോഡ് എസ്.ബി.ഐയിലുള്ള ഒരു അക്കൗണ്ടിലേക്ക് 08-01-17 മുതൽ ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്ത് തുടങ്ങി(നം. 67211536921). എന്നാൽ പ്രസ്തുത അക്കൗണ്ട് നിലവിൽ അസി.എഞ്ചിനിയറുടെ പേരിൽ ഉണ്ടാരുന്ന ഒരു കറണ്ട് അക്കൗണ്ട് സീറോ ബാലൻസാക്കി മാറ്റിയെടുത്തതാണ്. സാധാരണയായി സീറോ ബാലൻസ് അക്കൗണ്ട് സേവിംഗ്സ് ബാങ്ക് അക്കൗണ്ടാണ്. ടെണ്ടർ ഫീ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി ആയതിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് പകരം കറണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്ന അസി. എഞ്ചിനിയറുടെ നടപടി മേൽപ്പടി ഉത്തരവിന് വിരുദ്ധവുമാണ്. 2016-17വർഷം മുതലാണ് നഗരസഭയിൽ ഇ ടെണ്ടർ മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2017-18 മുതൽ 2021-22 വരെ പ്രസ്തുത അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ഇ-ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | അസി എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ ടെണ്ടർ ഫീ | നഗരസഭ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്ത തുക | മാർച്ച് 31 ലെ ബാലൻസ് |
|---|---|---|---|
| 2016-17 | 224180 | - | 224180 |
| 2017-18 | 418451 | - | 642631 |
| 2018-19 | 135237 | - | 777868 |
| 2019-20 | 394375 | - | 1172243 |
| 2020-21 | 113740 | - | 1285983 |
| 2021-22 | 340436 | - | 1626419 |

| | | | |
|---|---|---|---|
| ആകെ | 1626419 | - | 1626419 |

2016-17 മുതൽ 21-22 വരെ എഞ്ചിനിയറുടെ അക്കൗണ്ടിൽ ഒടുക്ക് വന്നിട്ടുള്ള ഇ-ടെണ്ടർ ഫീയായ 1626419/- രൂപയിൽ നാളിതുവരെ യാതൊരു തുകയും നഗരസഭ തനത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (3/04-11-22) മറുപടിയായി ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. നഗരസഭയുടെ തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. മാത്രവുമല്ല, മുനിസിപ്പൽ എഞ്ചിനിയർ പ്രസ്തുത ആവശ്യത്തിനായി എസ്.ബി.ഐയിൽ പുതിയ സീറോ ബാലൻസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പകരം നിലവിലുണ്ടായിരുന്ന കറണ്ട് അക്കൗണ്ടിലെ ബാലൻസ് സീറോയാക്കി ടി ആവശ്യത്തിലേക്ക് മാറ്റിയെടുക്കുകയാണ് ചെയ്തത്. തന്മൂലം പ്രസ്തുത അക്കൗണ്ടിലെ ബാലൻസിന് പലിശ ലഭിക്കുന്നുമില്ല. അഞ്ച് വർഷം കൊണ്ട് പലിശയിനത്തിൽ നഗരസഭക്ക് ലക്ഷങ്ങളുടെ നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടർ ഫീയിനത്തിൽ ഓരോ വർഷവും എഞ്ചിനിയറുടെ അക്കൗണ്ടിൽ വരുന്ന ടെണ്ടർഫീ സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വരാതെ തെറ്റായി സാംഖ്യാ സോഫ്റ്റ് വെയർ മുഖേനയുള്ള അക്കൗണ്ടിൽ വരവ് വയ്ക്കുകയും വാർഷിക കണക്ക് പ്രകാരമുള്ള രസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ടിൽ RP-40(a) Bank, RP-40(b) Bank സ്റ്റേറ്റ്മെന്റുകളിൽ എഞ്ചിനിയരുടെ അക്കൗണ്ടിലെ മുന്നിരിപ്പും ബാലൻസും കാണിക്കുകയും ചെയ്യുന്നു. ടെണ്ടർ ഫീ യഥാസമയം നഗരസഭാ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാതിരുന്നത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ഈയിനത്തിലുണ്ടായ പലിശ നഷ്ടത്തിന് റവന്യൂ വിഭാഗവും സാങ്കേതിക വിഭാഗവും ഒരുപോലെ ഉത്തരവാദികളാണ്. ഇ-ടെണ്ടർ ഫീ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-44 ബിറ്റുമിൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാതെ ഫൈനൽ ബിൽ തുക നൽകി-സർക്കാർ ഉത്തരവിന്റെ ലംഘനം - 638776/- രൂപ തടസ്സപ്പെടുത്തുന്നു

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഏതാനും ടാറിംഗ്/റീടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാതെ കരാറുകാരന് ക്രമ വിരുദ്ധമായി ഫൈനൽ ബിൽ തുക നൽകി.

ചീഫ് എഞ്ചിനിയറുടെ (ത.സ്വ.ഭ.വ) സർക്കുലർ നം.ഡി.ബി.3-6512(സി)2013/സി.ഇ/തസ്വഭവ /03-11-2016Dഅനുസരിച്ച് കരാറുകാർ മുഖേന നടപ്പാക്കുന്ന ടാറിഗ് / റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ തന്നെ ടാർ വാങ്ങി നൽകുന്ന സാഹചര്യത്തിൽ കരാറുകാരൻ ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ടാർ വാങ്ങിയെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി മാത്രമാണ് ബിൽ നിഷ്കർഷിക്കുന്നതെന്നും കരാറുകാരന് ടാറിന്റെ വില എഗ്രിമെന്റ് നിരക്ക് പ്രകാരം (ആയത് ഹാജരാക്കിയ ബില്ലിലെ നിരക്കിൽ കൂടുതലായാലും കുറവായാലും) മാത്രം നൽകേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ജി.ഒ(പി)നം.96/20/2016/ഫിൻ പ്രകാരമുള്ള ഉത്തരവിൽ കരാറുകാർക്ക് ഒറിജിനൽ ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിറ്റുമിന്റെ വില നൽകാവൂ എന്ന് സർക്കാർ സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്. എന്നാൽ ഏതാനും റീടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലിന് പകരം സിഡ്ക്കോയിൽ നിന്നും ട്രാൻസ്പോർട്ടർക്ക് നൽകിയ ഡ്യൂപ്ലിക്കേറ്റ് ബിൽ ഹാജരാക്കുകയും ചില പ്രവൃത്തികൾക്ക് അസ്സൽ ബില്ലിന്റെ പകർപ്പ് ലഭ്യമാക്കുകയും മറ്റ് ചില പ്രവൃത്തികൾക്ക് സപ്ലയർക്കുള്ള ട്രിപ്ലിക്കേറ്റ് ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലുമാണ് ഫൈനൽ ബിൽ തുക അനുവദിച്ച് നൽകിയിട്ടുള്ളത്. അസ്സൽ ബിൽ വാങ്ങി സൂക്ഷിക്കാതെ ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. 2020-21/ 2021-22ൽ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള VG-30(S-65) ബിറ്റുമിന്റെയും ബിറ്റുമിൻ എമൽഷന്റെയും വിലയോടൊപ്പം കടത്തുകൂലി, ഓവർഹെഡ് ചാർജ്, കരാറുകാരന്റെ ലാഭ വിഹിതം എന്നിവ ഉൾപ്പെടെയാണ് കരാറുകാരന് ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി തുക നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | ടാറിംഗ് ഇനങ്ങൾക്ക് ആവശ്യമായ ബിറ്റുമിന്റെ വിവരം | ഹാജരാക്കിയ ബില്ലിന്റെ വിവരം | തടസ്സവാദം ഉന്നയിക്കുന്ന തുക |
|---|---|---|---|
| തളങ്കര പട്ടേൽ റോഡ് - ജദീദ് | VG-30(S-65) | SIDCO ഇൻവോയിസ് നം. | 2414.70 |

| | | | | | |
|---|---|---|---|---|---|
| | റോഡ് റീടാറിംഗ്(114/22)<br>കരാറുകാരൻ : ഹസൈനാർ, തളങ്കര<br>അടങ്കൽ: 350000<br>ക്വോട്ട് ചെയ്ത തുക : 312294.57<br>പ്രവൃത്തിമൂല്യം : 312295/-<br>എം.ബുക്ക് : 119/21-22<br>ബിൽ നം./ തീയതി<br>21200247001601489660/27-03-22<br>തുക : 349770/- | ബിറ്റുമിമിൻ - 2414.70 Kg.<br>RS1-Emulsion-214.07kg | RMDKSD-21-22/493 /07-01-22 (കരാറുകാരനുള്ള അസ്സൽ ബില്ലിന്റെ പകർപ്പ് )<br>പ്രസ്തുത ബിൽ പ്രകാരം (VG-30) 57 ബാരൽ (8892 Kg.) വാങ്ങിയിട്ടുണ്ട്. ഇൻവോയിസ് നം. RMDKSD-21-22/504/07-01-22 (കരാരുകാരനുള്ള അസ്സൽ ബില്ലിന്റെ പകർപ്പ് )<br>പ്രസ്തുത ബിൽ പ്രകാരം SS1 Emulsion 1 ബാരലും (181.8kg) RS1-Emulsion 4 ബാരലും (800kg.) ആണ് വാങ്ങിയിട്ടുള്ളത്. ഇൻവോയിസ് നം. RMDKSD-21-22/726 /07-01-22(കരാറുകാരനുള്ള അസ്സൽ ബില്ലിന്റെ പകർപ്പ് )<br>പ്രസ്തുത ബിൽ പ്രകാരം (VG-30) 10 ബാരൽ (1560 Kg.) വാങ്ങിയിട്ടുണ്ട്. പ്രസ്തുത ബിൽ പ്രകാരം വാങ്ങിയതിൽ VG-30(S-65) – 2414.70 കി.ഗ്രാമും RS1-Emulsion – 214.07 കി.ഗ്രാമും ടി പ്രവൃത്തിക്ക് വിനിയോഗിച്ചതായി അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഒറിജിനൽ ബിൽ ഹാജരാക്കാത്ത സാഹചര്യത്തിൽ ബിറ്റുമിൻ ഇനങ്ങൾക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നതായിരിക്കും | Kg.@ 48404.56/T = 116882.49<br>214.07kg @ 50558.35/T =10823.03<br>ആകെ = 127705.52<br>~ 127706/- | |
| | താലൂക്ക് ഓഫീസ് ഡി.ഇ.ഒ ഓഫീസ് റോഡ് റീടാറിംഗ്(142/21, 262/22)<br>കരാറുകാരൻ : ഷാഹുൽ ഹമീദ്<br>അടങ്കൽ: 460000<br>ക്വോട്ട് ചെയ്ത തുക : 409921.49<br>പ്രവൃത്തിമൂല്യം : 409921/-<br>എം.ബുക്ക് : 60/21-22<br>ബിൽ നം./ തീയതി<br>21200247001600386390/08-09-21<br>തുക : 459111/- | VG-30(S-65) ബിറ്റുമിമിൻ - 2317.26 Kg.<br>RS1-Emulsion-283.05kg<br>SS1-Emulsion-511.71kg | SIDCO ഇൻവോയിസ് നം. RMDKSD-20-21/1285 /24-03-21 (സപ്ലയർക്കുള്ള ഡ്യൂപ്ലിക്കേറ്റ് കോപ്പിയാണ് ഹാജരാക്കി യത്) പ്രസ്തുത ബിൽ പ്രകാരം (VG-30) 16 ബാരൽ (2496 Kg.) ആണ് വാങ്ങിയിട്ടുള്ളത്. RMDKSD-20-21/1276 /23-03-21(കരാറുകാരനുള്ള അസ്സൽ ബിൽ) പ്രസ്തുത ബിൽ പ്രകാരം SS1-Emulsion-2 ബാരൽ(363.6kg) RS1-Emulsion- 1ബാരൽ(200kg) വാങ്ങിയിട്ടുണ്ട്. ടി പ്രവൃ | 2257.26kg @ 32081.66/T =72416.65<br>60kg@ 37466.15/T = 2247.97<br>83.05kg@ 32408.35/T = 2691.51<br>148.11 Kg@ | |

| | | | | |
|---|---|---|---|---|
| | | | ത്തിക്ക് ബാക്കി ആവശ്യമായRS1-Emulsion-83.05kg, SS1-Emulsion-148.11kg വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല. ആയതിന് പകരം ടി കരാറുകകാരൻ മുഖേന നടപ്പാക്കിയ പ്രസ്സ് ക്ലബ് റോഡിന്റെ ടാറിംഗ് പ്രവൃത്തിക്ക് വേണ്ടി വാങ്ങിയ തിന്റെ അസ്സൽ ബില്ലിന്റെ പകർപ്പാണ് ഹാജരാക്കിയത്.<br>RMDKSD-20-21/1277 /23-03-21(അസ്സൽ ബില്ലിന്റെ പകർപ്പ്) പ്രസ്തുത ബിൽ പ്രകാരം RS1-Emulsion 2 ബാരലും (400kg) SS1-Emulsion 3 ബാരലും (545.4kg) വാങ്ങിയ തായി കാണുന്നു. പ്രസ്സ് ക്ലബ്ബ് റോഡ് പ്രവൃത്തി മുനിസിപ്പാ ലിറ്റി മുഖേന നടപ്പിലാക്കി യതിന്റെ രേഖകൾ ഹാജരാ ക്കിയിട്ടില്ല.<br>ടി പ്രവൃത്തിക്ക് ആവശ്യമായ VG-30/S-65 ബിറ്റുമിൻ,<br>RS1-Emulsion,SS1-Emulsion എന്നിവ വിനിയോഗിച്ചിട്ടുള്ള തായി അസി എഞ്ചിനിയർ അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെട്ടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ആവശ്യമായ VG-30/S-65 ബിറ്റുമിൻ,<br>RS1-Emulsion,SS1-Emulsion എന്നിവ വിനിയോഗിട്ടുള്ള തായി അസി എഞ്ചിനിയർ അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെട്ടുത്തിയിട്ടുണ്ട്. അസ്സൽ ബിൽ ഹാജരാക്കാത്ത പക്ഷം S-65 ബിറ്റുമിൻ 2317.26kg, RS1-Emulsion 83.05kg, SS1-Emulsion- 148.11kg എന്നിവയുടെ വില തടസ്സപ്പെടുത്തുന്നതായിരിക്കും | 57874.01/T =<br>8571.72<br>ആകെ =<br>85927.85 ~<br>85928/- |
| | ബാങ്കോട് സോഡ റോഡ് റീടാറിംഗ് ചെയ്യൽ(107/22) | VG-30(S-65) ബിറ്റുമിമിൻ - | SIDCO ഇൻവോയിസ് നം. RMDKSD21-22/493/07-01-22 | 1960.47 Kg@ |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ : ഹസൈനാർ, തളങ്കര<br>അടങ്കൽ: 300000<br>ക്വോട്ട് ചെയ്ത തുക : 267586.97<br>പ്രവൃത്തിമൂല്യം : 267586.97<br>എം ബുക്ക് : 126 /21-22<br>ബിൽ നം./ തീയതി<br>21200247001601489674/27-03-22<br>തുക 29697/- | 1960.47 Kg.<br>RS1-Emulsion-176.35kg<br>SS1-Emulsion-67.32kg | (കരാറുകാരനുള്ള അസ്സൽ ബില്ലിന്റെ പകർപ്പ് )<br>പ്രസ്തുത ബിൽ പ്രകാരം (VG-30) 57 ബാരൽ (8892 Kg.) വാങ്ങിയിട്ടുണ്ട്.<br>ഇൻവോയിസ് നം. RMDKSD-21-22/504/07-01-22 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബില്ലിന്റെ പകർപ്പ് )<br>പ്രസ്തുത ബിൽ പ്രകാരം SS1 Emulsion 1 ബാരലും (181.8kg) RS1-Emulsion 4 ബാരലും (800kg.) ആണ് വാങ്ങിയിട്ടുള്ളത്. ടി പ്രവൃത്തിക്ക് ആവശ്യമായ അളവിലുള്ള ബിറ്റുമിനും ബിറ്റുമിൻ എമൽഷനും വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>ഒറിജിനൽ ബിൽ ഹാജരാക്കാത്ത പക്ഷം ബിറ്റുമിന്റെയും എമൽഷന്റെയും എസ്റ്റിമേറ്റ് പ്രകാരമുള്ള വില തടസ്സപ്പെടുത്തുന്നതായിരിക്കും | 51030.25/T = 100043.27<br>176.35kg @ 50034.42/T =8823.57<br>67.32kg @ 87027.75/T = 5858.71<br>ആകെ = 114725.55<br>~ 114726/- | |
| | അണങ്കൂർ പച്ചക്കാട് തുരുത്തി റോഡ് റീടാറിംഗ്(126/22)<br>കരാറുകാരൻ : M.A.ഇക്ബാൽ<br>അടങ്കൽ: 300000<br>ക്വോട്ട് ചെയ്ത തുക : 264501.54<br>പ്രവൃത്തിമൂല്യം : 264502<br>എം.ബുക്ക് : 31/21-22<br>ബിൽ നം./ തീയതി<br>21200247001601489588/27-03-22<br>തുക : 296242/- | VG-30(S-65) ബിറ്റുമിമിൻ - 2328.95kg.<br>RS1-Emulsion-244.12kg | SIDCO ഇൻവോയിസ് നം. RMDKSD21-22/654/19-01-22 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം (VG-30 ) 25 ബാരലും (3900 Kg.), ഇൻവോയിസ് നം. RMDKSD21-22/647/19-01-22 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ).<br>പ്രസ്തുത ബിൽ പ്രകാരം RS1-Emulsion 2 ബാരലാണ് (400kg.) വാങ്ങിയിട്ടുള്ളത്. ടി പ്രവൃത്തിക്ക് ആവശ്യമായ അളവിലുള്ള ബിറ്റുമിനും ബിറ്റുമിൻ എമൽഷനും വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>ഒറിജിനൽ ബിൽ ഹാജരാക്കാത്ത പക്ഷം ബിറ്റുമിന്റെയും | 2328.95 Kg.@ 40000.14/T = 93158.23<br>244.12kg @ 43173.72/T =10539.56<br>ആകെ = 103697.79<br>~ 103698/ | |

| | | | |
|---|---|---|---|
| | | എമൽഷന്റെയും എസ്റ്റിമേറ്റ് പ്രകാരമുള്ള വില തടസ്സപ്പെടു ത്തുന്നതായിരിക്കും | |
| ചേരങ്കൈ വെസ്റ്റിലെ ലൈറ്റ് ഹൗസ് ചേരങ്കൈ റോഡ് പുനരുദ്ധാരണം(11/22)<br>കരാറുകാരൻ : B.M.അബ്ദുള്ള<br>അടങ്കൽ: 600000<br>ക്വോട്ട് ചെയ്ത തുക : 510486<br>പ്രവൃത്തിമൂല്യം : 510486<br>ബിൽ നം./ തീയതി<br>21200247001601463037/25-03-22<br>തുക : 571744/- | VG-30(S-65) ബിറ്റുമിൻ - 3712.80kg.<br>RS1-Emulsion-418.5kg<br>SS1 Emulsion-229.5 Kg. | SIDCO ഇൻവോയിസ് നം. RMDKSD21-22/773/27-01-22 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ)<br>പ്രസ്തുത ബിൽ പ്രകാരം (VG-30 ) 20 ബാരലും (3120 Kg.), ഇൻവോയിസ് നം. RMDKSD21-22/810/28-01-22 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ).<br>പ്രസ്തുത ബിൽ പ്രകാരം (VG-30 ) 29 ബാരലും (4524 Kg.) വാങ്ങിയിട്ടുണ്ട്.<br>RMDKSD-21-22/504 /07-01-22 (ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ )<br>പ്രസ്തുത ബിൽ പ്രകാരം SS1 Emulsion 3 ബാരലും (545.4kg) RS1-Emulsion 4 ബാരലും (800kg.) ആണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ VG-30(S65), ബിറ്റുമിൻ എമൽഷൻ SS1, ബിറ്റുമിൻ എമൽഷൻ RS1 എന്നിവ വിനിയോഗിച്ചതായി അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. VG-30(S65), SS1, RS1-എമൽഷൻ എന്നിവ വാങ്ങിയ തിന്റെ അസ്സൽ ബിൽ ഹാജരാക്കിയില്ല. ഒറിജിനൽ ബിൽ ഹാജരാക്കാത്ത പക്ഷം ബിറ്റുമിൻ ഇനങ്ങൾക്ക് എസ്റ്റിമേറ്റ് പ്രകാരം നൽകിയ തുക തടസ്സപ്പെടുത്തു ന്നതായിരിക്കും. | 2444.04 Kg.@ 48404.56/T = 118302.68<br>1268.76kg @ 41991.56/T =53227.21<br>418.5kg@ 44508.35 = 18626.74<br>229.5kg@ 72164.79 = 16561.82<br>ആകെ = 206718.45<br>~ 206718/- |
| ആകെ | | | 638776 |

കരാറുകാർ ടാർ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാതെ അസ്സൽ ബില്ലിന്റെ പകർപ്പ്, ട്രാൻസ്പോർട്ടർക്കുള്ള ഡ്യൂപ്ലിക്കേറ്റ് ബിൽ, സപ്ലയർക്കുള്ള ട്രിപ്ലിക്കേറ്റ് ബിൽ എന്നിവ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് ഫൈനൽ ബിൽ പ്രകാരമുള്ള തുക അനുവദിച്ച് നൽകിയിട്ടുള്ളത് സർക്കർ ഉത്തരവിന്റെ ലംഘനവും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ച്ചയുമാണ്. ടി പ്രവൃത്തികൾക്ക് ബിറ്റുമിൻ ഇനങ്ങൾ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/18-11-2022) അസി.എഞ്ചിനിയർ

മറുപടി ലഭ്യമാക്കുകയോ അസ്സൽ ബിൽ ഹാജരാക്കുകയോ ചെയ്തില്ല. അസ്സൽ ബില്ലിന്റെ അഭാവത്തിൽ ടി പ്രവൃത്തികളിലെ ബിറ്റുമിൻ ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് അനുസരിച്ച് ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി കരാറുകാർക്ക് നൽകിയ ടി 638776/- രൂപ തടസ്സപ്പെടുത്തുന്നു. ബിൽ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-45 ഉപയോഗിക്കാത്ത പൊതു കിണറിന് റീചാർജിംഗ് - പാഴ്ച്ചെലവ്

| | |
|---|---|
| പദ്ധതിയുടെ പേര് | സി.എച്ച്.സി, കാസർഗോഡ് - പൊതു കിണർ റീചാർജിംഗ്(205/22) |
| അടങ്കൽ | 218000/- DF(CFC) |
| കരാറുകാരൻ | ഷാഹുൽ ഹമീദ് |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക്(193858/-) |
| എം.ബുക്ക് നം. | 43/21-22 |
| പ്രവൃത്തിമൂല്യം | 168438/- |
| കരാറുകാരന് നൽകിയ തുക | PFMS Advise No. C032266804433/26-03-22 181915/- (HDFC Bank KSD) |
| നികുതികൾ ഉൾപ്പെടെ ആകെ ചെലവ് | 188651/- |

കാസർഗോഡ് കുടുംബാരോഗ്യ കേന്ദ്രത്തിലെ നിലവിൽ ഉപയോഗിക്കാത്ത പൊതു കിണറിന് റീചാർജിംഗ് എന്ന പേരിൽ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത് പൊതുപണത്തിന്റെ ദുരുപയോഗവും പാഴ്ച്ചെലവുമാണ്. നഗരസഭക്ക് വിട്ടുകിട്ടിയിട്ടുള്ള ആസ്തിയായ കുടുംബാരോഗ്യ കേന്ദ്രത്തിലെ കോൺക്രീറ്റ് കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളവും നഗരസഭയുടെ മറ്റൊരു ആസ്തിയായ സന്ധ്യാരാഗം ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ സ്റ്റേജ് മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളവും ശേഖരിച്ച് കിണർ റീചാർജ് ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ജലശക്തി അഭിയാൻ പദ്ധതിയുടെ ഭാഗമായാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തത്. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ള ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കിണറിന് സമീപം കുഴികളെടുത്ത് മഴവെള്ളം കിണറ്റിലേക്ക് റീചാർജ് ചെയ്യുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. സന്ധ്യാ രാഗം ഓഡിറ്റോറിയത്തിന്റെ ഇരു വശങ്ങളിലെ മേൽക്കൂരയിൽ നിന്നും വെള്ളം ശേഖരിച്ച് ചെയ്യേണ്ടി വന്നതിനാലും കല്ല് കൊണ്ട് കെട്ടി ടാങ്ക് നിർമ്മിക്കാൻ കഴിയാത്തതിനാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസി.എഞ്ചിനിയർ റിപ്പോർട്ട് ചെയ്യുകയും 26-10-2021ലെ 6/1 കൗൺസിൽ തീരുമാന പ്രകാരം അടങ്കൽ തുകയിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് മുനി.ചെയർമാൻ നൽകിയ മുൻകൂർ അനുമതി സാധൂകരിച്ചു. എന്നാൽ പിന്നീട് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കുഴികൾക്ക് പകരം 1000ലിറ്ററിന്റെ രണ്ട് പോളിയെത്തിലിൻ വാട്ടർ സ്റ്റോറേജ് ടാങ്ക് സ്ഥാപിച്ച് കോൺക്രീറ്റ് കെട്ടിടത്തിലെയും സ്റ്റേജ് റൂഫിലെയും മഴവെള്ളം ശേഖരിച്ച് കിണറ്റിലേക്ക് റീചാർജ് ചെയ്യുന്നതിനായി എസ്റ്റിമേറ്റിൽ മാറ്റം വരുത്തുകയും ആയതിനനുസരിച്ച് പ്രവൃത്തി നടപ്പാക്കുകയും ചെയ്തു.





ടി പദ്ധതി നേരിട്ട് പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(1) നിലവിൽ ഉപേക്ഷിച്ചതും കുടുംബാരോഗ്യ വകുപ്പ് അധികൃതർ "To Be Demolished" എന്ന് നോട്ടീസ് പതിച്ചിട്ടുള്ളതുമായ കാസർഗോഡ് കുടുംബാരോഗ്യ കേന്ദ്രത്തിലെ പൊതു കിണറിനാണ് റീചാർജിംഗ് എന്ന പദ്ധതി നടപ്പാക്കിയത്. നിലവിൽ പാറ തെളിഞ്ഞിരിക്കുന്നതും ഒരു തുള്ളി വെള്ളം പോലും മില്ലാത്തതുമാണ് പ്രസ്തുത കിണർ.

(2) കോൺക്രീറ്റ് കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ടാങ്കിലേക്ക് ശേഖരിക്കുന്ന പി.വി.സി പൈപ്പ് കണക്ഷൻ പൊട്ടി വേർപെട്ടിരിക്കുകയാണ്.

(3) ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ സ്റ്റേജ് റൂഫിംഗിൽ നിന്നുള്ള മഴവെള്ളം ശേഖരിക്കുന്ന ടാങ്കിൽ നിന്നും കിണറ്റിലേക്ക് വെള്ളം റീചാർജ് ചെയ്യുന്ന പൈപ്പ് നിലവിൽ പൊട്ടി മാറിയ നിലയിലാണ്.

(4) റിവൈസ്ഡ് എസ്റ്റിമേറ്റ് എക്സ്ട്രാ ഇനം 4 (DSR 18.48) ആയി ISI 12701 മാർക്കുള്ള പോളിയെത്തിലിൻ വാട്ടർ സ്റ്റോറേജ് ടാങ്ക് വാങ്ങി സ്ഥാപിക്കുന്നതിന് ( ഫിറ്റിംഗ് ചാർജ്, ബേസ് സപ്പോർട്ട് എന്നിവ ഒഴിവാക്കിക്കൊണ്ട് ) ലിറ്ററിന് 10.1 രൂപ നിരക്കിൽ 2000 ലിറ്ററിന് 20200 രൂപയും 12% ജി.എസ്.ടി ഉൾപ്പെടെ 22624/- രൂപ ഉൾപ്പെടുത്തുകയും അത്രയും തുക തന്നെ കരാറുകാരന് ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ ഡെൽറ്റ കമ്പനിയുടെ 1000 ലിറ്ററിന്റെ രണ്ട് വാട്ടർ ടാങ്കാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. ISI മാർക്കില്ലാത്ത പ്രസ്തുത വാട്ടർ ടാങ്കിന് (3ലെയർ) നിലവിലെ മാർക്കറ്റ് വില ലിറ്ററിന് 4.8 രൂപ മാത്രമാണ്. അതായത് വാട്ടർ ടാങ്ക് ഇനത്തിൽ 9600 രൂപയും ആയതിന്റെ 12% ജി.എസ്.ടി ഉൾപ്പെടെ 10800/- രൂപ മാത്രമാണ് കരാറുകാരന് അർഹതപ്പെട്ടത്. ഈയിനത്തിൽ മാത്രം കരാറുകാരന് 11824 രൂപ അധികം അനുവദിച്ച് നൽകിയിട്ടുണ്ട്.

നിലവിൽ ഉപേക്ഷിച്ച നിലയിലുള്ള കിണറിന് റീചാർജിംഗ് പദ്ധതി ജലശക്തി അഭിയാൻ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ശുപാർശ ചെയ്തത് വർക്കിംഗ് ഗ്രൂപ്പിന്റെയും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. വേണ്ടത്ര സ്ഥല പരിശോധന നടത്താതെയാണ് സാങ്കേതിക വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്. നിലവിൽ ഉപയോഗ ശൂന്യമായ കിണറിൽ റീചാർജിംഗ് നടക്കുന്നുമില്ല. ഫലത്തിൽ മേൽ പദ്ധതിക്ക് നികുതികൾ ഉൾപ്പെടെ ചെലവഴിച്ച 188651/- പാഴ്ച്ചെലവായിരിക്കുകയാണ്. കരാറുകാരന് അധികം നൽകിയ 11824/- രൂപ കഴിച്ചുള്ള 176827/- രൂപയ്ക്ക് സാങ്കേതിക വിഭാഗം ഉത്തരവാദിയാണ്. വികസനഫണ്ട് പാഴാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/06-01-23) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് അധികം നൽകിയ 11824/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്. പാഴ്ച്ചെലവായ ബാക്കി തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനിയറും ആയതിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനിയറും ഒരുപോലെ ഉത്തരവാദികളാണ്. പ്രസ്തുത തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. പദ്ധതിപ്പണത്തിന്റെ ദുരുപയോഗവും പാഴ്ച്ചെലവും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-46 സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ - കരാറുകാരന് അധിക പ്രതിഫലം നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ബീരന്ത് ബയൽ സുനാമി കോളനിയിൽ സെപ്റ്റിക് നിർമ്മാണം (353/22) |
| അടങ്കൽ | 440000(CFC) |
| കരാറുകാരൻ | അഹമ്മദ് ഷഫീക്ക്.B.A |
| കരാർ തുക | 390629.98(E/R) |
| എം.ബുക്ക് നം. | 94/21-22 |
| ഫൈനൽ ബിൽ തുക | 427215/- |
| ബിൽ നം./ തീയതി | 21200247001601526555/30-03-22 |

റെഡിമെയ്ഡ് പി.വി.സി സെപ്റ്റിക് ടാങ്ക് വാങ്ങി സ്ഥാപിക്കുന്ന ഇനത്തിലെ സെപ്റ്റിക്ക് വാങ്ങിയതിന്റെ ബിൽ പ്രകാരമുള്ള മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ എസ്റ്റിമേറ്റിലുള്ള മാർക്കറ്റ് നിരക്ക് പ്രകാരം പ്രതിഫലം അനുവദിച്ചതു വഴി കരാറുകാരന് അർഹമായതിലും അധിക പ്രതിഫലം നൽകുന്നതിന് ഇടയാക്കി.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ ടി പ്രവൃത്തിയിൽ കാസർഗോഡ് സുനാമി കോളനിയിലെ ഫ്ലാറ്റിൽ ഗ്രൗണ്ട് ഫ്ലോറിലുള്ള 8 ഫ്ളാറ്റുകൾക്ക് സെപ്റ്റിക് ടാങ്ക് വാങ്ങി വയ്ക്കുന്നതിനും സോക് പിറ്റുകൾ നിർമ്മിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. DAR സ്പെസിഫിക്കേഷനും CPWD നിരക്ക് അനുസരിച്ചും പ്രൈസ് സോഫ്റ്റ് വെയർ മുഖേന പ്രസ്തുത പ്രവൃത്തിക്ക വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ രണ്ടാം ഭാഗമായ സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന്റെ 9 ാം ഇനമായ " Supplying And Installing Ready Made PVC Septic Tank Including The Cost Of Carriage, Trenching, Placing At The Level Below Ground Level As Specified As Per The Direction Of Engineer In Charge( Provision For CC/RCC/Sand/06mm Aggregate For The Preparation Of Bed Shall Be Paid Seperately) 3.25 To Below 35 Flush Capacity(51.19.ST3)" എന്ന ഇന പ്രകാരം ഒരു ടാങ്ക് സ്ഥാപിക്കുന്നതിന് 24497.77 രൂപ ക്രമത്തിൽ 8 ടാങ്ക് സ്ഥാപിക്കുന്നതിന് 195982.16 രൂപയും ആയതിന്റെ 12% ജി.എസ്.ടി യായ 23517.85 രൂപയും ഉൾപ്പെടെ 219500/- രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയത്. പ്രസ്തുത ഇനത്തിന് അത്രയും തുക തന്നെ ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ട്. അക്വാ റീഗൽ പ്രോഡക്ട്സ് എന്ന ഏജൻസിയിൽ നിന്നും ഓഷൻ കമ്പനിയുടെ Ocean Plastic Septic Tank BR 5 എന്ന ബ്രാന്റിലുള്ള 8 പ്ലാസ്റ്റിക്ക് സെപ്റ്റിക് ടാങ്ക് വാങ്ങിയതിന്റെ ബിൽ ( നം.ARP/5964/21-22/09-03-22) കരാറുകാരൻ ഹാജരാക്കിയത് അനുസരിച്ച് ഒരു ടാങ്കിന് ജി.എസ്.ടി ഉൾപ്പെടെ 18200/- രൂപ ക്രമത്തിൽ 8 എണ്ണം സപ്ലൈ ചെയ്തതിന് 145600/- രൂപ മാത്രമാണ് കരാറുകാരന് ചെലവായിട്ടുള്ളത്. Pvc Septic Tank എന്ന് സ്പെസിഫിക്കേഷനിൽ പറയുന്നുണ്ടെങ്കിലും കരാറുകാരൻ Plastic Septic Tank വാങ്ങിയാണ് സ്ഥാപിച്ചിട്ടുള്ളത്. ആയതിന്റെ ഗുണ നിലവാരം സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനായുള്ള ടി ഇനത്തിന്റെ DAR/DSR പ്രകാരമുള്ള ഡാറ്റായിൽ പി.വി.സി സെപ്റ്റിക് ടാങ്കിന്റെ മാർക്കറ്റ് റേറ്റാണ് ഉൾപ്പെടുത്തിയട്ടുള്ളത്. പ്രസ്തുത ഡാറ്റായിൽ MR 100 ആയി Indiamart കമ്പനിയുടെ പി.വി.സി സെപ്റ്റിക് ടാങ്കിന്റെ മാർക്കറ്റ് വിലയായ 20000 രൂപയാണ് ഉൾപ്പെടുത്തിയട്ടുള്ളത്. എന്നാൽ കരാറുകാരൻ പ്രസ്തുത കമ്പനിയുടെ ടാങ്കല്ല വാങ്ങിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ കരാറുകാരൻ വാങ്ങിയ ടാങ്കിന്റെ മാർക്കറ്റ് റേറ്റായ 18200 രൂപ ഡാറ്റായിൽ ഉൾപ്പെടുത്തി അർഹമായ തുക കണക്കാക്കുകയാണ് വേണ്ടിയിരുന്നത്. അത്തരത്തിൽ ടി ഇനത്തിനുള്ള അർഹമായ നിരക്ക് കണക്കാക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ച് നൽകുകയാണ് അസി.എഞ്ചിനിയർ ചെയ്തത്. ആയത് എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ഈയിനത്തിൽ അധികം തുക അനുവദിച്ച നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Code | 51.19.ST3 Supplying And Installing Ready Made PVC Septic Tank..........<br>3.25 To Below 35 Flush Capacity. | അനുവദിച്ച് നൽകിയ നിരക്ക് | | | | അർഹമായ നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| | Description | Unit | Quantity | Rate | Amount | Unit | Quantity | Rate | Amount |
| | Details Of Cost For 1 No. | | | | | | | | |
| MR 100 | PVC Septic Tank- 25 To Below 35 Flush Capacity | Each | 1 | 20000.00 | 20000.00 | Each | 1 | 18200.00 | 18200.00 |
| 9999 | Sundries – Carriage To Site | L.S | 179.4 | 2.00 | 358.80 | L.S | 179.4 | 2.00 | 358.80 |
| 2.8.1 | Rate As Per Item No.2.8.1 Of SH Earth Work<br>(L=2.60, B=1.00, D=0.85) | Cum | 2.21 | 219 | 483.99(A) | Cum | 2.21 | 219 | 483.99(A) |
| 9999 | Sundries – Placing At Specified Level Including Back Filling As Necessary | L.S | 22.425 | 2.00 | 44.85 | L.S | 22.425 | 2.00 | 44.85 |
| Add Water Charge @1% Except On A<br>le, On(20887.64-483.99= 20403.65) | | | | | 204.04 | Add Water Charge @1% Except On A<br>le, On 18603.65 | | | 186.04 |

| | | | |
|---|---|---|---|
| Total | 21091.68 | Total | 19273.68 |
| Add CP+OH @15% Except On A<br>Ie, On(21091.68-483.99=20607.69) | 3091.15 | Add CP+OH @15% Except On A<br>Ie, On 18789.69 | 2818.45 |
| Total | 24182.85 | Total | 22092.13 |
| Cost Of 1 Each | 24182.85 | Cost Of 1 Each | 22092.13 |
| Cost Index 33.05% | 314.92 | Cost Index 33.05% | 314.92 |
| Total With Cost Index | 24497.77 | Total With Cost Index | 22407.05 |
| Say | 24497.77 | Say | 22407.05 |

ടി ഡാറ്റാ പ്രകാരം കരാറുകാരൻ വാങ്ങിയ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള അർഹമായ നിരക്ക് 22407.05 രൂപ മാത്രമാണ്. ടി ഇന പ്രകാരം 8 സെപ്റ്റിക് ടാങ്ക് വാങ്ങി സ്ഥാപിക്കുന്നതിന് കരാറുകാരന് അർഹതപ്പെട്ട തുക 179256.4 രൂപയും ആയതിന്റെ 12% ജി.എസ്.ടിയായ 21510.77 ഉൾപ്പെടെ ആകെ 200767.17 രൂപ മാത്രമാണ്. എന്നാൽ ടി ഇനത്തിന് ഫൈനൽ ബിൽ പ്രകാരം അനുവദിച്ച് നൽകിയത് 195982.16 രൂപയും ആയതിന്റെ 12% ജി.എസ്.ടിയായ 23517.85 രൂപയും ഉൾപ്പെടെ 219500/- രൂപയാണ്. ഇപ്രകാരം കരാറുകാരന് അർഹമായതിനേക്കാൾ അധികമായി 18733/- രൂപ ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് അസി.എഞ്ചിനിയർക്ക് ഓഡിറ്റ് എൻക്വയറി (33/16-02-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആ സാഹചര്യത്തിൽ അധികം നൽകിയ 18733/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-47 കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തിയില്ല.

ലോക്ഡൗൺ സാഹചര്യം കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ സ.ഉ.(സാധാ) നം.1444/2021 /തസ്വഭവ തീയതി 31-07-21 ഉത്തരവ് പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ 6 മാസം സർക്കാർ നീട്ടി നൽകിയിട്ടും പ്രസ്തുത കാലാവധിക്കുള്ളിലും പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് വീണ്ടും ദീർഘീകരണം നൽകി പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997 ലെ കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ജി.ഒ(പി) നം.13/2012/PWD/01-02-2012 ഉത്തരവ് പ്രകാരം 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗ രേഖ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് ടി ചട്ടങ്ങളിലെ ചട്ടം 18 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിലെ നടപടിക്രമങ്ങൾ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശമാണ് പാലിക്കേണ്ടത്. പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദൈർഘ്യം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

1997 ലെ കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18 ന് ഭേദഗതി വരുത്താത്ത സാഹചര്യത്തിൽ കരാറുകാർ വരുത്തുന്ന കാലതാമസത്തിന് കേരള പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴയീടാക്കുന്നതിന് നഗരസഭയിലെ എൽ. ഐ. & ഡി. എഞ്ചിനിയറിംഗ് വിഭാഗം ബാധ്യസ്ഥരാണ്. ലോക്ക്ഡൗൺ സാഹചര്യത്തെ തുടർന്ന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 6മാസത്തെ ഇളവ് നൽകിയിട്ടും ആയതിന് ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ പിഴയീടാക്കുകയോ ചെയ്തിട്ടില്ല. ലോക്ക്ഡൗണിന് ശേഷം കരാർ ചമച്ച ഏതാനും പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടുമില്ല. പിഴ ചുമത്താതിരുന്നതിന് അസി.എഞ്ചിനിയറോട് ഓഡിറ്റ് എൻക്വയറി (26/07-02-23) മുഖേന

വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കാലാവധി | മാന്വൽ അനുസരിച്ച് ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | അങ്കണവാടി കെട്ടിടം നം. 97,118 അറ്റകുറ്റപ്പണി (153/21, 264/22)<br>കരാറുകാരൻ :K.A.ഷിഹാബുദീൻ<br>എഗ്രിമെന്റ് നം./ തീയതി :55/20-21/04-02-21<br>PAC: 133480.82<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 04-02-21<br>പൂർത്തീകരിച്ച തീയതി: 14-12-21<br>ഫൈനൽ ബിൽ നം. / തീയതി : 21200247001601526570/30-03-22<br>തുക 120341/- | 04-11-2021 മുതൽ 26-11-2021 വരെ | 1335 | 0 | 3425 | കോവിഡ് ലോക്ക് ഡൗൺ കാല 6മാസ ഇളവ് ഉൾപ്പെടെ 03-11-21 ൽ പ്രവത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 14-12-21 ൽ മാത്രമാണ് പൂർത്തീ കരിച്ചത്. പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുകയോ പിഴ ചുമത്തുകയോ ചെയ്യിട്ടില്ല. |
| | | 27-11-2021 മുതൽ 14-12-2021 വരെ | 2090 | | | |
| | | ആകെ | 3425 | | | |
| 2. | 95ാം നം. അങ്കണവാടി കെട്ടിടം മേൽക്കൂര നിർമ്മാണവും അറ്റകുറ്റപ്പണിയും (162/21, 269/22)<br>കരാറുകാരൻ : ഫൈസൽ. K.A<br>എഗ്രിമെന്റ് നം./ തീയതി : 52/20-21/03-02-21<br>PAC : 178196<br>പ്രവൃത്തിയുടെ കാലാവധി : 4മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 03-02-21<br>പൂർത്തീകരിച്ച തീയതി: 15-12-21<br>ഫൈനൽ ബിൽ നം./ തീയതി : 212002470016013028815-02-22<br>188715/- | 03-12-2021 മുതൽ 15-12-2021 വരെ | 772 | 0 | 772 | കോവിഡ് ലോക്ക് ഡൗൺ കാല 6മാസ ഇളവ് ഉൾപ്പെടെ 02-12-21 ൽ പ്രവത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 15-12-21 ൽ മാത്രമാണ് പൂർത്തീകരിച്ചത്. പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുകയോ പിഴ ചുമത്തുകയോ ചെയ്യിട്ടില്ല. |
| | | ആകെ | 772 | | | |

| | | | | | | |
|---|---|---|---|---|---|---|
| 3. | ബേദിബാഗിലു റോഡ് മെയിന്റനൻസ് (162/19,277/21,235/22)<br>കരാറുകാരൻ : മുനീർ മൊയ്തു<br>എഗ്രിമെന്റ് നം./ തീയതി :70/20-21/22-02-21<br>PAC: 99483<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 22-02-21<br>പൂർത്തീകരിച്ച തീയതി: 09-12-21<br>ഫൈനൽ ബിൽ നം./ തീയതി : 212002470016010408 90/01-02-22<br>99483/- | 22-11-2021 മുതൽ 09-12-2021 വരെ<br>ആകെ | 779<br>779 | 0 | 779 | കോവിഡ് ലോക്ക് ഡൗൺ കാല 6മാസ ഇളവ് ഉൾപ്പെടെ 21-11-21 ൽ പ്രവത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 09-12-21 ൽ മാത്രമാണ് പൂർത്തീകരിച്ചത്. പ്രവ്യത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുകയോ പിഴ ചുമത്തുകയോ ചെയ്തിട്ടില്ല. |
| 4 | കേളു ഗുഡ്ഡെ ക്രോസ്സ് റോഡ് കോൺക്രീറ്റിംഗ്(16/22)<br>കരാറുകാരൻ : മൊയ്ദീൻ മെഹഫൂസ്<br>എഗ്രിമെന്റ് നം./ തീയതി :9/21-22 /03-09-21<br>PAC: 535317<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 03-09-21<br>പൂർത്തീകരിച്ച തീയതി: 17-12-21<br>ഫൈനൽ ബിൽ നം. / തീയതി : 212002470016010672 40/05-02-22<br>449666/- | 03-12-2021 മുതൽ 17-12-2021 വരെ<br>ആകെ | 3491<br>3491 | 0 | 3491 | ഫൈൻ ചുമത്തിയില്ല. |
| 5 | IMA റോഡിലെ പോക്കറ്റ് റോഡ് കോൺക്രീറ്റിംഗ്(9/22)<br>കരാറുകാരൻ : അഹമ്മദ്സുനിഫ്<br>എഗ്രിമെന്റ് നം./ തീയതി :2/21-22 /03-09-21<br>PAC: 132860.73<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 03-09-21<br>പൂർത്തീകരിച്ച തീയതി: 22-12-21<br>ഫൈനൽ ബിൽ നം. / തീയതി : 212002470016014626 09/25-03-22<br>148804/- | 03-12-2021 മുതൽ 22-12-2021 വരെ<br>ആകെ | 1155<br>1155 | 0 | 1155 | ഫൈൻ ചുമത്തിയില്ല. |
| 6 | ബാങ്കോട് അങ്കണവാടി റോഡ് കോൺക്രീറ്റ് ചെയ്യൽ(109/22)<br>കരാറുകാരൻ : അഹമ്മദ് ഷഫീക്ക്<br>എഗ്രിമെന്റ് നം./ തീയതി | 08-12-2021 മുതൽ 28-12-2021 വരെ | 1420 | 0 | 1420 | ഫൈൻ ചുമത്തിയില്ല |

| | | | | | | |
|---|---|---|---|---|---|---|
| | :35/21-22/08-09-21<br>PAC: 155571.54<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 08-09-21<br>പൂർത്തീകരിച്ച തീയതി: 28-12-21<br>ഫൈനൽ ബിൽ നം. / തീയതി :<br>21200247001600970551/18-01-22<br>174239/- | ആകെ | | | | |
| 7 | T.V സ്റ്റേഷൻ(ബലാൽ റോഡ്) കോൺക്രീറ്റ് ചെയ്യൽ(53/22)<br>കരാറുകാരൻ : ഹസൈനാർ, തളങ്കര<br>എഗ്രിമെന്റ് നം./ തീയതി :17/21-22 /08-09-21<br>PAC: 355690<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 08-09-21<br>പൂർത്തീകരിച്ച തീയതി: 17-12-21<br>ഫൈനൽ ബിൽ നം. / തീയതി :<br>21200247001601462599/25-03-22<br>396340/- | 08-12-2021 മുതൽ 17-12-2021 വരെ<br><br>ആകെ | 1546<br><br>1546 | 0 | 1546 | ഫൈൻ ചുമത്തിയില്ല |
| 8 | കസബ കടപ്പുറം സത്യനാരായണ മഠംമുതൽ ധർമ്മദൈവം തറവാട് വരെയുള്ള റോഡ് നവീകരണം(128/22)<br>കരാറുകാരൻ : അഹമ്മദ് അസ്ലക്ക്.K.A<br>എഗ്രിമെന്റ് നം./ തീയതി :34/21-22/08-09-21<br>PAC: 266412<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 08-09-21<br>പൂർത്തീകരിച്ച തീയതി: 27-12-21<br>ഫൈനൽ ബിൽ നം. / തീയതി :<br>21200247001601463025/25-03-22<br>298381/- | 08-12-2021 മുതൽ 27-12-2021 വരെ<br><br>ആകെ | 2317<br><br>2317 | 0 | 2317 | ഫൈൻ ചുമത്തിയില്ല |
| 9 | മാസ്റ്റർ സ്ട്രീറ്റ് റോഡ് കോൺക്രീറ്റിംഗും ഡ്രയിനേജ് നിർമ്മാണവും (135/22)<br>കരാറുകാരൻ : മൊയ്ദീൻ മെഹഫൂസ്<br>എഗ്രിമെന്റ് നം./ തീയതി :7/21-22 /03-09-21 | 03-12-2021 മുതൽ 14-12-2021 വരെ | 1857 | 0 | 1857 | ഫൈൻ ചുമത്തിയില്ല |

| | | | | | | |
|---|---|---|---|---|---|---|
| | PAC: 355842<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 03-09-21<br>പൂർത്തീകരിച്ച തീയതി: 14-12-21<br>ഫൈനൽ ബിൽ നം. / തീയതി :<br>212002470016014630 04/25-03-22<br>398543/- | ആകെ | 1857 | | | |
| 10 | നായക്സ് റോഡ് നവീകരണം(172/22)<br>കരാറുകാരൻ : K.A. ഫൈസൽ<br>എഗ്രിമെന്റ് നം./ തീയതി :84/21-22/15-12-21<br>PAC: 1709024<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>ആരംഭിച്ച തീയതി : 15-12-21<br>പൂർത്തീകരിച്ച തീയതി: 19-03-22<br>ഫൈനൽ ബിൽ നം. / തീയതി :<br>212002470016015166 58/30-03-22<br>1341329/- | 15-03-2022 മുതൽ 19-03-2022 വരെ<br>ആകെ | 3715<br>3715 | 0 | 3715 | ഫൈൻ ചുമത്തിയില്ല |
| 11 | 124ാം നം. അങ്കണവാടി കെട്ടിടം അറ്റകുറ്റ പ്രവൃത്തി (152/21, 263/22)<br>കരാറുകാരൻ : ഫൈസൽ. K.A<br>എഗ്രിമെന്റ് നം./ തീയതി :<br>68/20-21/22-02-21<br>PAC : 88014<br>പ്രവൃത്തിയുടെ കാലാവധി : 3മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 22-02-21<br>പൂർത്തീകരിച്ച തീയതി: 14-12-21<br>ഫൈനൽ ബിൽ നം./ തീയതി : 212002470016012483 58/04-03-22<br>88287/- | 22-11-2021 മുതൽ 14-12-2021 വരെ<br>ആകെ | 880<br>880 | 0 | 880 | കോവിഡ് ലോക്ക് ഡൗൺ കാല 6മാസ ഇളവ് ഉൾപ്പെടെ 21-11-21 ൽ പ്രവത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 14-12-21 ൽ മാത്രമാണ് പൂർത്തീകരിച്ചത്. പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകുകയോ പിഴ ചുമത്തുകയോ ചെയ്തിട്ടില്ല. |
| | ആകെ | | 21357 | 0 | 21357 | |

കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പിഴ ചുമത്താതിരുന്നത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. പിഴയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട ടി തുക ബന്ധപ്പെട്ട കരാറുകാരൽ നിന്നും ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-48 നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ

താഴെപ്പറയുന്ന സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്. പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണം. EMD കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാർ ഏറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ റീടെണ്ടർ ചെയ്യണം.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനുള്ളിൽ കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി മേൽത്തരത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ സെലക്ഷൻ നോട്ടീസ് ലഭിച്ച കരാറുകാരെ പിഴയോടുകൂടിയ10 ദിവസവും കഴിഞ്ഞ് ആഴ്ച്ചകളും മാസങ്ങളും കാലതാമസം വരുത്തി എഗ്രിമെന്റ് വയ്ക്കുന്നതിന് അനുവദിച്ചിട്ടും പിഴയീടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ്/ കൈപ്പറ്റിയ തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|
| 1 | ഫോർട്ട് സെക്കന്റ് ക്രോസ്സ് റോഡ് ബാക്കി ഭാഗം കോൺക്രീറ്റ്(174/19, 237/22)<br>കരാറുകാരൻ : B.M.ബഷീർ<br>PAC തുക : 193373/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600386399/08-09-21<br>63949/- | 13-12-18 | 31-12-18 | 1933 |
| 2 | പാങ്ങോട് ആശ്രയ കോളനി ഡ്രയിനേജ് ബാക്കി ഭാഗം നിർമ്മാണം രണ്ടാം ഘട്ടം (419/21, 282/22)<br>കരാറുകാരൻ : മുഹമ്മദ് സിറാജുദീൻ<br>PAC തുക : 532980.21<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601516730/30-03-22<br>472333/- | 24-08-21 | 08-09-21 | 5330 |
| 3. | നെൽക്കള ആദ്യ ഇടത് ക്രോസ്സ് റോഡ് കോൺക്രീറ്റിംഗ്(38/22)<br>കരാറുകാരൻ :മുഹമ്മദ് ഹാരിസ്.M<br>PAC തുക : 421864.87<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600902215/07-01-22<br>472339/- | 24-08-21 | 17-09-21 | 4219 |
| 4. | ബേദി ബാഗിലു റോഡ് മെയിന്റനൻസ് (162/19,277/21, 235/22)<br>കരാറുകാരൻ : മുനീർ മൊയ്ദു<br>PAC തുക : 99483.42<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601040890/01-02-22<br>99483/- | 17-07-19 | 22-02-21 | 1000 |
| 5. | കാപ്പി വളപ്പ് റോഡ് ഇന്റർലോക്കിംഗ് (297/20, 267/21,232/22)<br>കരാറുകാരൻ : അബ്ദുള്ള കുഞ്ഞി.K | 15-11-19 | 26-12-19 | 5771 |

| | | | | |
|---|---|---|---|---|
| | PAC തുക : 577142<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600246982/28-07-21<br>497987/- | | | |
| 6. | ബീരന്ത്ബയൽ ടെമ്പിൾ മുതൽ പ്രഗതി ബിൽഡേഴ്സ് വരെ റോഡ് ഡ്രയിനേജ് & കവറിംഗ് സ്ലാബ്(160/20, 322/22)<br>കരാറുകാരൻ : E.I.മുഹമ്മദ്<br>PAC തുക : 487682/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600822679/20-12-21<br>453137/- | 03-06-20 | 08-07-20 | 4877 |
| 7 | I.M.A റോഡ് കോൺക്രീറ്റിംഗ് (6/22)<br>കരാറുകാരൻ : B.M.ബഷീർ<br>PAC തുക : 132861/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601463074/25-03-22<br>147868/- | 24-08-21 | 14-09-21 | 1329 |
| 8. | T.V സ്റ്റേഷൻ ഫോർത്ത് ക്രോസ്സ് റോഡ് (കളത്തിൽ റോഡ്) കോൺക്രീറ്റ് ചെയ്യൽ(52/22)<br>കരാറുകാരൻ : മൊയ്ദീൻ മെഹഫൂസ്<br>PAC തുക : 88789.88<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601463011/25-03-22<br>99444/- | 30-11-21 | 29-12-21 | 1000 |
| 9 | M.L മൊയിച്ചാസ് ഹൗസ് സമീപമുള്ള റോഡ് കോൺക്രീറ്റ് ചെയ്യൽ(119/22)<br>കരാറുകാരൻ : മൊയ്ദീൻ മെഹഫൂസ്<br>PAC തുക : 178241/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>20200247001601425436/29-03-21<br>199628/- | 17-11-20 | 11-01-21 | 1782 |
| 10 | കൊറക്കോട് റോഡ് ശ്രീ.കെ.സതീശൻ K.P ഹൗസ് എന്നവരുടെ സ്ഥലത്തിന് സംരക്ഷണഭിത്തി നിർമ്മാണം (34/21, 260/22)<br>കരാറുകാരൻ :ഫൈസൽ.K.A<br>PAC തുക : 139025.62<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600386395/08-09-21<br>155708/- | 21-12-20 | 01-02-21 | 1390 |
| 11 | വിവധ അങ്കണവാടികളുടെ പുനരുദ്ധാരണം (180/20, 346/21/, 252/22)<br>കരാറുകാരൻ : അബ്ദുൾ റഹീം.C.M<br>PAC തുക : 767607.22/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601407495/22-03-22<br>717331/- | 13-01-20 | 11-09-20 | 7676 |
| 12 | 124ാം നമ്പർ അങ്കണവാടി കെട്ടിടം അറ്റകുറ്റപ്പണി(152/21, 263/22)<br>കരാറുകാരൻ : ഫൈസൽ.K.A<br>PAC തുക : 88014.72<br>ഫൈനൽ ബിൽ നം./തീയതി /തുക | 21-12-20 | 22-02-21 | 1000 |

| | | | | |
|---|---|---|---|---|
| | 21200247001601248358/04-03-22<br>88287/- | | | |
| | | | ആകെ | 37307 |

പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴയീടാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുമുണ്ടായ വീഴ്ച്ചയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/16-12-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പിഴയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന ടി വരുമാനം ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-49 കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്ക് വരുത്തയില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പാക്കിയ ഏതാനം റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കണക്കാക്കി ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കണക്കാക്കി ഈടാക്കുകയാണ് വേണ്ടത്. എന്നാൽ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിനും ബിറ്റുമിൻ എമൽഷനും അനുസൃതമായി കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/E + 18% GST |
|---|---|---|---|
| 1. | വിദ്യാ നഗർ ചിന്മയ കോളനി റോഡ് റീടാറിംഗ് & സൈഡ് ബേം കോൺക്രീറ്റ്<br>(315/22)<br>അടങ്കൽ തുക: 450000 (MG Road)<br>കരാറുകാരൻ : M.അബ്ദുൾ ഖാദർ<br>ഫൈനൽ ബിൽ തുക : 444447/-<br>ബിൽ നം./ തീയതി/തുക:<br>21200247001601498626/27-03-22<br>444447/- | 9 | 2142+386= 2528 |
| 2. | താലൂക്ക് ഓഫീസ് ഡി.ഇ.ഒ ഓഫീസ് റോഡ് റീടാറിംഗ് (142/21, 262/22)<br>അടങ്കൽ തുക: 460000 (MG Road)<br>കരാറുകാരൻ : ഷാഹുൽ ഹമീദ്<br>ഫൈനൽ ബിൽ തുക : 459111/-<br>ബിൽ നം./ തീയതി/തുക:<br>21200247001600386390/08-09-21<br>459111/- | 21 | 4998+900 =<br>5898 |
| 3. | ചേരങ്കൈ വെസ്റ്റിലെ ലൈറ്റ് ഹൗസ് ചേരങ്കൈ റോഡ് റീടാറിംഗ് (11/22)<br>അടങ്കൽ തുക: 600000 (MG Road)<br>കരാറുകാരൻ : B.M.അബ്ദുള്ള<br>ഫൈനൽ ബിൽ തുക : 571744/-<br>ബിൽ നം./ തീയതി/തുക:<br>21200247001601463037/25-03-22<br>459111/- | 29 | 6902+1242 =<br>8144 |
| | ആകെ | 59 | 16570 |

ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കാതിരുന്നത് സംബന്ധിച്ച് അസി.എഞ്ചിനിയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/6-12-2022) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി 14042/- രൂപ സഞ്ചിത നിധിയിലേക്കും 2528/-രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്.

## 1-50 പിഴ ചുമത്തിയ തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തില്ല - നഗരസഭാ ഫണ്ടിന് നഷ്ടം

2018-19,2019-20ൽ ആവിഷ്കരിച്ച് സ്പിൽ ഓവറായി പൂർത്തീകരിച്ച് 2021-22വർഷം ഫൈനൽ ബിൽ തുക നൽകിയ താഴെപ്പറയുന്ന പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ കാലതാമസം വരുത്തിയതിന് പൊതുമരാമത്ത് മാന്വൽ അനുസരിച്ച് കരാറുകാന് ചുമത്തിയ പിഴ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തില്ല. മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം പിഴയിനത്തിൽ ലഭിക്കുന്ന തുക തനത് വരുമാനമാണ്. ആയതിനാൽ ചുമത്തിയ പിഴ ബന്ധപ്പെട്ട കരാറുകാരുടെ ഫൈനൽ ബിൽ തുകയിൽ നിന്നും ഈടാക്കി മുനിസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ബാധ്യസ്ഥനാണ്. പ്രസ്തുത പ്രവൃത്തികളുടെ പ്രവൃത്തി മൂല്ല്യത്തിൽ നിന്നും പിഴയിനത്തിലുള്ള തുക കുറച്ച് ബാക്കിയുള്ള തുക ഗ്രോസ്സ് തുകയായി കണക്കാക്കി ആയതിൽ നിന്നും നിയമപ്രകാരമുള്ള നികുതികൾ കഴിച്ച് കരാറുകാരനുള്ള തുക കണക്കാക്കി ബിൽ മാറുന്നു. അതായത് ടി പ്രവൃത്തികൾക്ക് ഏത് ഫണ്ടാണോ വകയിരുത്തിയിട്ടുള്ളത് ആ ഫണ്ടിൽ പിഴയിനത്തിലുള്ള തുക നിലനിർത്തിക്കൊണ്ട് ബാക്കിയുള്ള തുകയ്ക്കാണ് ബിൽ മാറുന്നത്. തന്മൂലം നഗരസഭക്ക് ലഭിക്കേണ്ട പിഴ തുക സഞ്ചിത നിധിയിലേക്കും മറ്റും പോകുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ തെറ്റായ രീതിയിൽ ഫൈനൽ തുക കണക്കാക്കുന്നതു മൂലം പിഴയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട തനത് വരുവരുമാനം നഷ്ടമാകുന്നു. ഈ വിഷയം മുൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും നാളിതുവരെ പരിഹാര നടപടികൾ ആയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ഫൈനൽ ബിൽ തുക,ബിൽ നം. /തീയതി | പിഴയിനത്തിൽ സഞ്ചിത നിധിയിൽ നിലനിർത്തിയ തുക |
|---|---|---|---|
| 1. | ഫോർട്ട് സെക്കന്റെ ക്രോസ്സ് റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് (174/19, 237/21-22)<br>അടങ്കൽ : 200000/-(MGR)<br>കരാറുകാരൻ: B.M.ബഷീർ | 63949/-<br>21200247001600386399/08-09-21 | 1978 |
| 2. | തായലങ്ങാടി പാഴ്സൽ ഓഫീസിന് സമീപം ഫുട്പാത്ത് (97/19,230/22)<br>അടങ്കൽ : 200000/-(CFC)<br>കരാറുകാരൻ: B.K.അബ്ദു റഹ്മാൻ | 179052/-<br>21200247001600901596/07-01-22 | 5538 |
| 3. | കാപ്പിൽ വളവ് റോഡ് ഇന്റർലോക്കിംഗ് (297/20, 267/21, 232/22) | 497987/-<br>212002470016004246982/28-07-21 | 15402 |

| | | | |
|---|---|---|---|
| | അടങ്കൽ : 600000/-(CFC)<br>കരാറുകാരൻ:അബ്ദുള്ള കുഞ്ഞി.K | | |
| 4. | ബീരന്ത്ബയൽ ടെമ്പിൾ മുതൽ പ്രഗതി ബിൽഡേഴ്സ് വരെയുള്ള റോഡിൽ ഡ്രയിനേജ് കവറിംഗ് സ്ലാബ് (160/20, 310/22)<br>അടങ്കൽ :488000/-(CFC)<br>കരാറുകാരൻ: E.I.മുഹമ്മദ് | 453137/- 21200247001600822679/20-12-21 | 4577 |
| 5. | കൊല്ലമ്പടി ജുമാ മസ്ജിദ് റോഡ് കോൺക്രീറ്റിംഗ് (157/19, 275/21, 234/22)<br>അടങ്കൽ :800000/-(MGR)<br>കരാറുകാരൻ: M.A.ഇക്ബാൽ | 704595/- 21200247001600256759/02-08-21 | 21138 |
| ആകെ | | | 48,633/- |

പിഴയിനത്തിലുള്ള തുക നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്താഞ്ഞതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/6-12-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. നടപടി ക്രമങ്ങളിലുണ്ടായ വീഴ്ച്ചമൂലം നഗരസഭ ഫണ്ടിന് 48,633/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. പരിഹാര നടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മുനിസിപ്പൽ കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-51 ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തിയില്ല

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പാക്കിയ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്മേലുള്ള ജി.എസ്.ടിയും കുറവ് ചെയ്ത് മുനിസിപ്പൽ സെക്രട്ടറിയുടെ ട്രഷറി തനത്ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/ഫ്.എം./07 ത.സ്വ.ഭ.വ/ 30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ നില നിർത്തിയിട്ടുള്ള ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | കുറവ് ചെയ്യേണ്ട ബാരൽ വില @238/E + ജി.എസ്.ടി @18% | കുറവ് ചെയ്ത ബാരൽ വില + ജി.എസ്.ടി | റിമാർക്സ് |
|---|---|---|---|---|---|
| 1. | ബാങ്കോട് സോഡ റോഡ് റീടാറിംഗ് (107/22)<br>അടങ്കൽ : 300000(MG Road) | 15 | 3570 + 643 = 4213 | 4275 | അധികം കുറവ് ചെയ്ത് ഒടുക്കിയ |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ : ഹസൈനെർ തളങ്കര<br>ഫൈനൽ ബിൽ തുക : 299697<br>ബിൽ നം. / തീയതി : 21200247001601489674/27-03-22 | | | | തുക 62 രൂപ |
| 2. | അണങ്കൂർ പച്ചക്കാട് തുരുത്തി റോഡ് റീടാറിംഗ്(126/22)<br>അടങ്കൽ തുക: 300000 (MG Road)<br>കരാറുകാരൻ : M.A.ഇക്ബാൽ<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>21200247001601489588/27-03-22<br>296242/- | 16 | 3808+685 =<br>4493 | 4640 | അധികം കുറവ് ചെയ്ത് ഒടുക്കിയ തുക 147 രൂപ |
| 3. | വിദ്യാ നഗർ ഹൗസിംഗ് കോളനി റോഡ് ബാക്കി ഭാഗം റീടാറിംഗ്(47/22)<br>അടങ്കൽ തുക: 200000 (MG Road)<br>കരാറുകാരൻ : M.A.ഇക്ബാൽ<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>21200247001601516742/30-03-22<br>199936/- | 12 | 2856+514 =<br>3370 | 3420 | അധികം കുറവ് ചെയ്ത് ഒടുക്കിയ തുക 50 രൂപ |
| | ആകെ | 43 | 12076 | 12335 | 259 |

ടി തുക ബന്ധപ്പെട്ട ഹെഡിലേക്ക് ഒടുക്ക് വരുത്തുന്നതിനായി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/6-12-2022) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയറോ മുനിസിപ്പൽ സെക്രട്ടറിയോ മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ നില നിൽക്കുന്ന ടി 10234/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും 1842/- രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-52 തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവർ നിരവധി - ധനസഹായം സംബന്ധിച്ച് നഗരസഭയുടെ ഭാഗത്ത് നിന്നും ബോധവത്ക്കരണം ഇല്ല

തെരുവ് നായ അക്രമണത്തിന് നിരവധി പേർ ഇരയാകുന്നുണ്ടെങ്കിലും തദ്ദേശ സ്ഥാപനത്തിൽ നിന്നും ആർക്കും തന്നെ ധനസഹായ വിതരണം നടന്നിട്ടില്ല.
തെരുവുനായ ആക്രമിക്കുകയോ, തെരുവുനായ മൂലം ഒരു വാഹനാപകടം സംഭവിക്കുയോ പരിക്കേൽക്കുകയോ ചെയ്താൽ ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പരിഹാരം കാണുന്നതിനായി ബഹുമാനപ്പെട്ട സുപ്രീക്കോടതി നിർദ്ദേശപ്രകാരം കൊച്ചിയിൽ ജസ്റ്റിസ് സിരി ജഗൻ ന്റെ നേതൃത്വത്തിൽ ഒരു 3 അംഗ കമ്മിറ്റി പ്രവർത്തിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ന്യായമാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ട് കഴിഞ്ഞാൽ നഷ്ടപരിഹാരം നൽകേണ്ടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപറേഷൻ) നോട്ടീസ് അയക്കുകയും അവരുടെ ഭാഗം കൂടി കേട്ടശേഷം പരാതിക്കാരന് നഷ്ടപരിഹാരം നൽകുവാൻ വിധിക്കുന്നതുമാണ്. കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള കാസറഗോഡ് ജനറൽ ആശുപത്രിയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി തെരുവു നായ ആക്രമിച്ച് പരിക്കേറ്റ് 525 പേർ ചികിത്സ തേടിയിട്ടുള്ളതായി കെ.എസ്.എ.കെ.എസ്.എം.3/400/2022 നമ്പർ കത്തിനുള്ള മറുപടിയായി ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ കാസറഗോഡ് നഗരസഭയിൽ ഇപ്രകാരം ധനസഹായം നൽകിയിട്ടില്ലായെന്ന് തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞു.

ഇത്തരം ആനുകൂല്യങ്ങളെ സംബന്ധിച്ച് നഗരസഭ വേണ്ടത്ര ബോധവത്ക്കരണം നടത്തിയിട്ടില്ലാത്തതിനാൽ അർഹതപ്പെട്ടവർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാതെ വരുന്നു. പ്രസ്തുത വിഷയത്തിൽ ഭരണസമിതി ജനങ്ങൾക്ക് കൃത്യമായ ബോധവത്ക്കരണം നടത്തേണ്ടതാണ്.

## 1-53 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം- മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും യഥാസമയം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല

നഗരസഭയിലെ 2021-22 വർഷത്തെ മരണ രജിസ്റ്റർ, ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ് എന്നിവ ക്രമരഹിതമായി ഒത്തു നോക്കി പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസമുള്ള വ്യക്തികൾക്ക് മരണ തീയ്യതിക്ക് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തിയുടെ പേരും മേൽവിലാസവും | മരണപ്പെട്ട തീയ്യതി | റിമാർക്സ് |
|---|---|---|---|
| 1 | മുഹമ്മദ് കുഞ്ഞി S/o. അബ്ദുൾ റഹിമാൻ പള്ളിവളപ്പിൽ, നെല്ലിക്കുന്ന്. | 12.01.2022 | വാർദ്ധക്യകാല പെൻഷൻ |
| 2 | മൊഹമ്മൂദ് ബി യു ബി.യു ഹൗസ് തളങ്കര കാസറഗോഡ് | 04.02.2022 | |
| 3 | റാംദാസ് ഷേണായി രാധാ നിവാസ് അശ്വനി നഗർ കാസറഗോഡ് | 23.02.2022 | |
| 4 | ബീഫാത്തിമ്മ ടി.എം. D/o. അബ്ദുള്ള തളങ്കര വെസ്റ്റ് കാസറഗോഡ് | 29.11.2021 | |
| 5 | കമല നെൽക്കള വിദ്യാനഗർ പി.ഒ കാസറഗോഡ് | 12.11.2021 | |
| 6 | അബ്ദുൾ ഹക്കീം എം S/o. ഇബ്രാഹിം കുട്ടി മുസിലിയാർ (ഹൗസ്) തായൽ വളപ്പ് നസ്രത്ത് റോഡ് അട്ടക്കത്ത് ബയൽ കാസറഗോഡ് | 16.07.2021 | |

മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള മരണപ്പെട്ട വ്യക്തികൾക്ക് ഇപ്പോഴും പെൻഷൻ അനുവദിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ച് ഉറപ്പു വരുത്തി ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.42 /2021-22 തീയ്യതി 16.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

23.09.2020 ലെ സ ഉ (എം എസ്)നം.97/2020/ധന ഉത്തരവ് പ്രകാരം പെൻഷൻ കൈപ്പറ്റുന്നയാൾ മരണപ്പെട്ടാൽ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ആ വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അറിയിക്കേണ്ടതാണെന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ

അങ്കണവാടി, ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷമുള്ള പെൻഷൻ തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. മരണ വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അറിയിക്കാതെ പ്രസ്തുത തുക അനന്തരാവകാശികൾ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഇത്തരത്തിൽ സർക്കാറിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക പ്രസ്തുത വ്യക്തികളിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാറിൽ മുതൽ കൂട്ടുക എന്നത് സെക്രട്ടറിമാരുടെ ഉത്തരവാദിത്തമാണെന്നും പ്രസ്തുത ഉത്തരവിൽ കൂട്ടിച്ചേർത്തിട്ടുണ്ട്.

ധനകാര്യ(എസ് എഫ് സി-ബി) വകുപ്പിന്റെ 02.08.2021 ലെ സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാറിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാറിൽ അടുത്ത മാസം പത്താം തീയ്യതിക്ക് മുമ്പ് അറിയിക്കേണ്ടതാണെന്നും ആയത് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താവിന്റെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാറിൽ വീഴ്ച്ച കൂടാതെ അറിയിക്കുന്നതിനായി അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങി വയ്ക്കേണ്ടതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ സർക്കുലർ പ്രകാരം പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടതായി പ്രാദേശിക സർക്കാറുകളിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പ്രസ്തുത പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷപെൻഷൻ വാങ്ങിവരുന്ന മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ സർക്കാർ നിർദ്ദേശിച്ച രീതിയിൽ പരിശോധിച്ച് വിവിധ ക്ഷേമപെൻഷൻ ഗുണഭോക്താക്കളിൽ നിന്നുള്ള മരണപ്പെട്ടവരെ പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കുവാനും മരണ ശേഷം തുക അനുവദിച്ച കേസുകളിൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-54 നഗരസഭയിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ- പദ്ധതി പൂർത്തിയാക്കിയില്ല- അക്രഡിറ്റഡ് ഏജൻസിയുടെ കരാർ ലംഘനം.

| | |
|---|---|
| പ്രൊജക്ട് നം | 479/19, 396/20, 97/21, 192/22<br>നഗരസഭയിലെ പൊതു സ്ഥലങ്ങളിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ. |
| വകയിരുത്തൽ (192/22) | വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ) 739329/- |
| | കേന്ദ്രാവിഷ്കൃത ഫണ്ട് - 620540/- |
| | സംസ്ഥാനാവിഷ്കൃതഫണ്ട് 413102/ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, കാസറഗോഡ് നഗരസഭ |

| | |
|---|---|
| പ്രൊജക്ട് നം | 22/20, 395/21<br>ഖര മാലിന്യ സംസ്കരണ പദ്ധതി(റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് വാങ്ങി നൽകൽ) |
| വകയിരുത്തൽ (192/22) | വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ) 3,96,250/- |
| | കേന്ദ്രാവിഷ്കൃത ഫണ്ട് - 4,37,500/- |
| | ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് - 1,25,000/- |
| | സംസ്ഥാനാവിഷ്കൃതം - 2,91,250/- |

| | |
|---|---|
| ആകെ വകയിരുത്തൽ | 12,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, കാസറഗോഡ് നഗരസഭ |

നഗരസഭയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി പൊതുസ്ഥലങ്ങളായ സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ തുമ്പൂർമുഴി മാതൃക മാലിന്യ സംസ്കരണ സംവിധാനങ്ങളും പ്ലാന്റുകളും സ്ഥാപിക്കുന്നതിനും ഗാർഹിക തലത്തിൽ റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് വാങ്ങി നൽകുന്നതിനുമാണ് മേൽപടി രണ്ട് പ്രൊജക്റ്റുകൾ വിഭാവനം ചെയ്തിട്ടുള്ളത്. സമഗ്ര മാലിന്യ സംസ്കരണ പദ്ധതി പ്രകാരം തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും റിംഗ് കമ്പോസ്റ്റ് യൂണിറ്റ് ലഭ്യമാക്കുന്നതിനും പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം കേരള സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന് (SEUF) നൽകിയിരുന്നു. SEUF തയ്യാറാക്കി നൽകിയ ബയോ ഗ്യാസ് പ്ലാന്റിനും തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റിനും ശുചിത്വ മിഷനിന്റെ സാങ്കേതികാനുമതി ലഭ്യമാക്കിയ വിവരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.03.2019ലെ 57/സി2/2009/എസ്എം. നമ്പർ കത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ ഭാഗമായി SEUF ഉം കാസറഗോഡ് നഗരസഭ നിർവ്വഹണോദ്യോഗസ്ഥനായ ഹെൽത്ത് സൂപ്പർവൈസറും 12.03.2020 ൽ കരാറിൽ ഒപ്പു വെച്ചിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ പ്രതിപാദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വീടുകളിൽ എത്തിച്ച് നൽകുന്നതിനും തുമ്പൂർമുഴി മോഡൽ എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ അതത് പ്രദേശത്ത് നിർമ്മിക്കുന്നതിന്റെ ഉത്തരവാദിത്തവും ഏജൻസിയിൽ നിക്ഷിപ്തമാണ്. കൂടാതെ നിർമ്മാണത്തിലുള്ള അപാകത മൂലം 3 മാസത്തിനുള്ളിൽ യൂണിറ്റുകൾക്ക് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അത്തരം യൂണിറ്റുകൾ മാറ്റി സ്ഥാപിച്ച് നൽകുന്നതിനുള്ള ഉത്തരവാദിത്തം കൂടി ഏജൻസിക്കുണ്ട്. കരാർ ഉടമ്പടി പ്രകാരം അഡ്വാൻസ് ലഭിച്ചു കഴിഞ്ഞ് 6 മാസത്തിനുള്ളിൽ കരാർ കാലാവധി അവസാനിക്കുന്നതാണ്. 18.05.2007ലെ സ.ഉ(എം.എസ്) നം. 133/07/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കരാറുടമ്പടിയിൽ ഏർപ്പെട്ടു കഴിഞ്ഞാൽ പ്രവൃത്തിക്കുള്ള കരാർ ഉടമ്പടി തുകയുടെ 20% നൽകാവുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ഉള്ളതിനാൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 20% തുകയായ 7,39,329/- രൂപ 30.11.2020 ൽ (BRN നം.200247000700786525 )അഡ്വാൻസ് നൽകിയിട്ടുണ്ട്. അതായത് അഡ്വാൻസ് നൽകിയ തീയ്യതി മുതൽ 6 മാസകാലാവധിയായ 29.05.2021 തീയ്യതിക്കുള്ളിൽ മേൽപദ്ധതികൾ പൂർത്തിയാക്കുന്നതിന് ഏജൻസി ബാധ്യസ്ഥരാണ്.

കാര്യാലയ കുറിപ്പ് അനുസരിച്ച് താഴെ പറയുന്ന മാലിന്യ സംസ്കരണ യൂണിറ്റുകളാണ് സ്ഥാപിക്കേണ്ടിയിരുന്നത്.

| ഇനം | എണ്ണം | തുക | ആകെ തുക |
|---|---|---|---|
| തുമ്പൂർമുഴി മോഡൽ | 11 | 224286 | 24,67,146 |
| ബയോഗ്യാസ് പ്ലാന്റ് 1 M3 | 1 | 13,500.00 | 13,500.00 |
| ബയോഗ്യാസ് പ്ലാന്റ് (35 കിലോ പ്രതിദിനം) | 3 | 92,000.00 | 2,76,000.00 |
| ബയോഗ്യാസ് പ്ലാന്റ് (50 കിലോ പ്രതി ദിനം) | 3 | 230,000.00 | 6,90,000.00 |
| റിംഗ് കമ്പോസ്റ്റ് | 100 | 2,500.00 | 2,50,000.00 |
| ആകെ | | | 36,96,646.00 |

എന്നാൽ തുമ്പൂർമൊഴി മോഡൽ എയ്റോബിക് കംമ്പോസ്റ്റ് യൂണിറ്റ് ഒരെണ്ണത്തിന് 2,25,000 രൂപ വീതം 11 എണ്ണത്തിന് ആകെ 24,75,000/- രൂപയും റിങ് കംമ്പോസ്റ്റ് ഒരെണ്ണത്തിന് 2500 രൂപ വീതം ആകെ 165 എണ്ണത്തിന് 4,12,500/- രൂപയും ബയോഗ്യാസ് പ്ലാന്റ് (1 M2)ഒരെണ്ണത്തിന് 13,500/- രൂപ വീതവും ബയോഗ്യാസ് പ്ലാന്റ് (35 കിലോ പ്രതിദിനം) മൂന്നെണ്ണത്തിന് 92,000/- രൂപ വീതം ആകെ 2,76,000/- രൂപയും ബയോഗ്യാസ് പ്ലാന്റ് (50 കിലോ പ്രതിദിനം) മൂന്നെണ്ണത്തിന് 2,30,000/- രൂപ വീതം ആകെ 6,90,000/- രൂപയും ഉൾപ്പെടെ ആകെ 38,67,000/- രൂപയാണ് കരാറിൽ കാണിച്ചിരിക്കുന്നത്. കരാർ തുക ഇത്തരത്തിൽ ആണെങ്കിൽ തന്നെയും മേൽപ്പടി കാര്യാലയ കുറിപ്പിൽ പറഞ്ഞിരിക്കുന്ന ആകെ തുകയുടെ 20% തുകയായ 7,39,329/- രൂപയാണ് മുൻകൂർ നൽകിയിട്ടുള്ളത്.

ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, മുനിസിപ്പാലിറ്റിയിലെ താലൂക്ക് ആശുപത്രി, ഗവ.കോളേജ്, മത്സ്യ മാർക്കറ്റ് എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുണ്ടെന്നും പദ്ധതി കമ്മീഷൻ ചെയ്ത തീയ്യതിയായ 03.11.2020 മുതൽ 6 മാസത്തേക്ക് മികച്ച രീതിയിലുള്ള പ്രവർത്തനം സാധ്യമാക്കുന്നതിനുള്ള മേൽ നോട്ടം നടത്തുന്നതായിക്കുമെന്നും 30.12.2020 തീയ്യതിയിലെ SEUF/KNR/127-20 നമ്പർ കത്ത് പ്രകാരം SEUF നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 3 ബയോഗ്യാസ് പ്ലാന്റിന്റെ പ്രവൃത്തി മൂല്യം കണക്കാക്കി(എം ബുക്ക് നം.50/2021-22)

നികുതികൾ കഴിച്ച് 6,50,986/- രൂപ SEUF ന് നൽകിയിട്ടുണ്ട്(ചെക്ക് നം.464189/17.08.2021). എന്നാൽ പ്രസ്തുത തുക അനുവദിച്ചപ്പോൾ ഈ ഘടകത്തിന് തുടക്കത്തിൽ അഡ്വാൻസ് നൽകിയ തുക ക്രമീകരിക്കാതെ മുഴുവൻ തുകയും നൽകി. അക്രഡിറ്റഡ് ഏജൻസിയുമായി കരാർ പുതുക്കാതെയാണ് പ്രസ്തുത തുക നൽകിയത്.

സ ഉ (കൈ) നം.17/2018/തസ്വഭവ തീ.02.02.2018 പ്രകാരം നഗരഭരണ സ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ രേഖയിൽ ഗാർഹിക തലത്തിലുള്ള കംമ്പോസ്റ്റിംഗ് യൂണിറ്റുകൾക്ക് 10 ശതമാനം ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റേയോ അടവാക്കിയതിന്റേയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് വർഷം റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് വാങ്ങി നൽകൽ പദ്ധതി സ്പിൽ ഓവർ ആയി അംഗീകാരം വാങ്ങാതെ ഉപേക്ഷിക്കുകയാണ് ചെയ്തത്. റിംഗ് കംമ്പോസ്റ്റ് യൂണിറ്റിന് ഉൾപ്പെടെയാണ് 20 ശതമാനം തുക അഡ്വാൻസ് നൽകിയിട്ടുള്ളത്. എന്നാൽ അക്രഡിറ്റഡ് ഏജൻസിയുമായുള്ള കരാർ റദ്ദായതിനാൽ റിംഗ് കംമ്പോസ്റ്റ് പദ്ധതി 2021-22 വർഷം സ്പിൽ ഓവർ ആക്കാതെ ഉപേക്ഷിക്കുകയാണ് ചെയ്തത്. എസ്റ്റിമേറ്റിൽ പരാമർശിച്ചിട്ടുള്ള മറ്റ് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ നടപ്പിലാക്കാത്തതിനാൽ കരാർ വ്യവസ്ഥകൾ ലംഘിച്ച ഏജൻസിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നോട്ടീസ് നൽകിയില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. കരാർ ലംഘനം സംബന്ധിച്ച വിവരം നഗരസഭ സെക്രട്ടറിക്ക് യഥാസമയം റിപ്പോർട്ട് ചെയ്ത് അക്രഡിറ്റഡ് ഏജൻസിക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതായി മിനിട്ട്സിൽ കാണുന്നില്ല. തുമ്പൂർമുഴി മോഡലിനും ബയോഗ്യാസ് പ്ലാന്റിനും ഉള്ള പദ്ധതിക്ക് മാത്രമാണ് 2021-22 ൽ സ്പിൽ ഓവർ അംഗീകാരം വാങ്ങിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിലും അവശേഷിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കരാർ ലംഘനം നടത്തിയ ഏജൻസിയിൽ നിന്നും മുൻകൂർ ആയി നൽകിയ 7,39,329/- രൂപ തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-55 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ്

നഗരസഭയിൽ നിലവിലുള്ള 3 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വരവ് ചെലവ് പത്രികയിന്മേൽ ഏറ്റവും ഒടുവിൽ നടത്തിയ ഓഡിറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി മാനേജിംഗ് കമ്മിറ്റി | ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ & തീയ്യതി | വാർഷിക കണക്ക് ലഭ്യമാക്കാൻ ബാക്കിയുള്ള വർഷങ്ങൾ |
|---|---|---|---|---|
| 1 | ഗവ. ആയുർവേദ ആശുപത്രി, അണങ്കൂർ | 2019-2020, 2020-21, 2021-22 | കെ.എസ്.എ.കെ.എസ്.എം.2/34/2023 തീയ്യതി 14/02/2023 | - |
| 2 | ഗവ. ഹോമിയോ ഡിസ്പെൻസറി, ബാങ്കോട് | 2019-2020, 2020-21, 2021-22 | കെ.എസ്.എ.കെ.എസ്.എം.2/49/2023 തീയ്യതി 15/02/2023 | - |
| 3 | ഗവ. ജനറൽ ആശുപത്രി , കാസറഗോഡ് | 2015-16 മുതൽ 2018-19 വരെ | കെ.എസ്.എ.കെ.എസ്.എം.2/416/2022 തീയ്യതി 28/10/2022 | 2019-20 2020-21 2021-22 |

കാസറഗോഡ് ഗവ. ജനറൽ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2019-20 വർഷം മുതലുള്ള വരവ് ചെലവ് പത്രികകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കാൻ അവശേഷിക്കുന്ന വാർഷിക വരവ് ചെലവ് പത്രികകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ആശുപത്രി വികസന ഫണ്ട് സംബന്ധിച്ച് കൗൺസിലിന് ലഭിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിക്കും അതിന്റെ മെമ്പർ സെക്രട്ടറിക്കും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടം പാലിക്കപ്പെടുന്നില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ പട്ടികയിലെ ക്രമ നം.3 പ്രകാരം പുറപ്പെടുവിച്ച ജനറൽ ആശുപത്രി മാനേജിങ് കമ്മിറ്റിയുടെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യാജരേഖ

ചമയ്ക്കൽ,ധനാപഹരണം എന്നീ സ്വഭാവമുള്ള പരാമർശങ്ങൾ ഉള്ളതിനാൽ പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-56 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ - ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് പത്രികകൾ ഹാജരാക്കിയിട്ടില്ല.

നഗരസഭ ഫണ്ട് ഉപയോഗിച്ച് പുലിക്കുന്നിൽ നിർമ്മിച്ച അർബൻ പ്രൈമറി ഹെൽത്ത് സെന്റർ എന്ന ആരോഗ്യ കേന്ദ്രം കാസറഗോഡ് നഗരസഭയുടെ ഭരണ ചുമതലയിലുള്ള പൊതുജനാരോഗ്യ സ്ഥാപനമാണ്. കാസറഗോഡ് നഗരസഭാ ചെയർപേഴ്സന്റെ 28.04.2018 ലെ പി1/6945/18 നമ്പർ ഉത്തരവ് പ്രകാരം 12 അംഗങ്ങളെ ഉൾപ്പെടുത്തി പ്രസ്തുത സ്ഥാപനത്തിൽ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുടർന്ന് 21.07.2018 ൽ 10 അംഗങ്ങൾ പങ്കെടുത്ത മാനേജിംഗ് കമ്മിറ്റിയുടെ പ്രഥമ യോഗം UPHC ൽ വച്ച് നടത്തുകയും ചെയ്തിട്ടുണ്ട്.
2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം (3) പ്രകാരം സ്ഥാപനത്തിൽ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി ആശുപത്രി വികസന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ ചട്ടത്തിലെ ചട്ടം (9) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് നടത്തുവാൻ ഈ കാര്യാലയത്തിന് സാധിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-57 പണമാക്കാനായി ബാങ്കിൽ നൽകിയ ചെക്കുകളുടെ തുകകൾ ബാങ്കിൽ വരവ് വന്നിട്ടില്ല

പഞ്ചാബ് നാഷണൽ ബാങ്കിന്റെ (തനത് ഫണ്ട് അക്കൗണ്ട് , A/c. No. 49672) 2021-22ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ 31.03.2022വരെ "Cheques Deposited But Not Collected ആയി കാണിച്ച താഴെ പറയുന്ന തുകകൾ നാളിതുവരെയായി ബാങ്കിൽ വരവ് വന്നിട്ടില്ല. പ്രസ്തുത തുകകൾ ക്രഡിറ്റ് വന്നിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതും ഇല്ലാത്ത പക്ഷം ആയതിന്റെ കാരണം ആരായേണ്ടതും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

| ചെക്ക് നം/തീയ്യതി | തുക |
|---|---|
| 6841274/08.04.2019 | 1250 |
| 1882322/12.04.2019 | 1250 |
| 1327680/24.02.2020 | 12500 |
| 119355/27.02.2020 | 1250 |
| 5218185/27.01.2020 | 13750 |
| 2846936/13.12.2019 | 6800 |
| 412569/ 02.03.2020 | 1250 |
| 8820818/ 16.03.2020 | 23100 |
| 119354/ 27.02.2020 | 7800 |
| 5630637/ 22.05.2019 | 2500 |
| 6014632/ 14.10.2019 | 1250 |
| 342055/ 29.07.2019 | 117500 |
| 8820907/ 06.03.2020 | 12250 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കെട്ടിട നിർമ്മാണ ലൈസൻസ് -അധിക ഫീസ് ഈടാക്കിയില്ല- ലൈസൻസ് ഫീ ഇനത്തിൽ 11,13,385 രൂപ നഷ്ടം

കാസറഗോഡ് നഗരസഭയിലെ കാസറഗോഡ് വില്ലേജിലെ റീ-സർവ്വേ നം.76/9 ൽപ്പെട്ട 37 സെന്റ് സ്ഥലത്ത് (1497.39 Sq.Mtr) Residential Appartment നിർമ്മിക്കുന്നതിന് മുഹമ്മദ് ടി എ, മാനേജിംഗ് ഡയറക്ടർ, മെറിഡിയൻ ബിസിനസ് അപ്പാർട്ട്മെന്റ് ഫേം, ഫോർട്ട് റോഡ്, കാസറഗോഡ് എന്നവരുടെ അപേക്ഷയിൻ മേൽ BA/106/202-13

തീ.16.05.2013 പ്രകാരം 07.05.2016 തീയ്യതി വരെ പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. ചാലാൻ നം. 1060/15.05.2013 പ്രകാരം പെർമിറ്റ് ഫീസ് ഇനത്തിൽ 37,500/- രൂപ ഈടാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| Basement | 69.54 $M^2$ |
| Ground Floor | 209.69 $M^2$ |
| First Floor | 570.73 $M^2$ |
| Second Floor | 570.73 $M^2$ |
| Third Floor | 570.73 $M^2$ |
| Fourth Floor | 570.73 $M^2$ |
| Fifth Floor | 570.73 $M^2$ |
| Sixth Floor | 570.73 $M^2$ |
| Stair Case & LM Room | 30.21 $M^2$ |
| Total | 3733.82 $M^2$ |

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31(2) ലെ പട്ടിക 2 അനുസരിച്ച് Residential A1 ഗണങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് അധിക ഫീസ് കൂടാതെ അനുവദിക്കാവുന്ന പരമാവധി തറ വിസ്തീർണ്ണാനുപാതം (FAR) 1.5 ആണ്. അധികം വരുന്ന ഓരോ ചതുരശ്രമീറ്ററിനും 500/- രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2' വരേയും 1000/- രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി 2.75 വരേയും തറ വിസ്തീർണ്ണാനുപാതം (FAR) അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് (ജി.ഒ(എം.എസ്) നം.128/2010/LSGD തീയ്യതി 21.06.2010 As SRO No. 591/2010) അനുവദനീയമായ തറവിസ്തീർണ്ണാനുപാതത്തിലും അധികരിച്ച തറവിസ്തീർണ്ണാനുപാതത്തിന് ചട്ടങ്ങളിലെ പട്ടിക '2' കോളം 5,6 എന്നിവ പ്രകാരം അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല.

പെർമിറ്റ് അനുവദിക്കുന്നതിന് മുന്നോടിയായി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണാനുപാതം കണക്ക കൂട്ടുകയോ തറവിസ്തീർണ്ണാനുപാതം ചട്ടപ്രകാരമുള്ള പരാവധിക്കുള്ളിൽ നിൽക്കുന്നുവെന്ന് ഉറപ്പുവരുത്തുകയോ ചെയ്തതായി ഫയൽ പരിശോധിച്ചതിൽ കാണാൻ സാധിച്ചിട്ടില്ല. തറവിസ്തീർണ്ണാനുപാതം കണക്ക കൂട്ടാതെയും പരമാവധി അനുവദനീയമായ തറവിസ്തീർണ്ണാനുപാതത്തിന് ചട്ടപ്രകാരമുള്ള അധിക ഫീസ് ഈടാക്കാതെയും നിർമ്മാണ പെർമിറ്റ് നൽകിയതിനാൽ

താഴെ കൊടുത്തിരിക്കും വിധം നഷ്ടം സംഭവിച്ചിട്ടുണ്ട്.

സമർപ്പിച്ച പ്ലാൻ പ്രകാരം എല്ലാ നിലകളുടേയും ആകെ വിസ്തീർണ്ണം - 3733.82 $M^2$

പുരയിട വിസ്തീർണ്ണം - 1497.39 $M^2$ (37സെന്റ്)

കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതം = എല്ലാ നിലകളുടേയും ആകെ വിസ്തീർണ്ണം / പുരയിട വിസ്തീർണ്ണം

= 3733.82 / 1497.39

= 2.49

മേൽ ചട്ടപ്രകാരം അധിക ഫീസ് കൂടാതെ അനുവദിക്കാവുന്ന നില വിസ്തീർണ്ണം 2246.09 $M^2$ (1497.39x1.5)ഉം 500/- രൂപ അധിക ഫീസ് ഈടാക്കി അനുവദിക്കാവുന്ന പരമാവധി വിസ്തീർണ്ണം 2994.78 $M^2$ (1497.39x2)ഉം 1000/- രൂപ ആധിക ഫീസ് ഈടാക്കി അനുവദിക്കാവുന്ന പരമാവധി തറ വിസ്തീർണ്ണം 4117.82 $M^2$ ഉം ആണ്.

മേൽ വിശദാംശങ്ങൾ പ്രകാരം പെർമിറ്റ് ഫീസിന് പുറമേ ഈടാക്കേണ്ടിയിരുന്ന അധിക ഫീസിനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ആകെ നില വിസ്തീർണ്ണം - 3733.82 $M^2$

ഫീസില്ലാതെ അനുവദിക്കാവുന്ന ആകെ നില വിസ്തീർണ്ണം - 2246.09 $M^2$

ചട്ടപ്രകാരം അനുവദനീയമായ അളവിലും അധികമുള്ള നില വിസ്തീർണ്ണം - 1487.73 $M^2$ (3733.82-2246.09)

500 രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് - 748.69 (2994.78-2246.09) X 500 - 3,74,345/-

1000 രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് - 739.04 (3733.82-2994.78) X 1000 - 7,39,040/-

അധിക ഫീസിനത്തിൽ ഈടാക്കേണ്ടിയിരുന്ന ആകെ തുക – 11,13,385/- (374345 + 739040)

പെർമിറ്റ് അനുവദിക്കുന്ന വേളയിൽ അധിക ഫീസിനത്തിൽ ഈടാക്കേണ്ടിയിരുന്ന 11,13,385/- രൂപ ഈടാക്കാതെ പെർമ്മിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം.40/06.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടതുക പിഴ പലിശ ഉൾപ്പെടെ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ വരവ് വച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കെട്ടിട നമ്പർ ലഭിക്കുന്നതിന് മുമ്പായി തന്നെ മുറികൾ വാടകയ്ക്ക് നൽകിയതിനാൽ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് വിധേയമായ പ്രസ്തുത കെട്ടിടത്തിന് Partial Occupancy ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ നില വിസ്തീർണ്ണം നഗരസഭാ എഞ്ചിനീയറിങ് വിഭാഗത്തെ കൊണ്ട് ഭൗതിക പരിശോധന നടത്തി കൃത്യമായ നികുതി നിർണ്ണയം ഉറപ്പ് വരുത്തുവാനും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഉപയോഗിക്കാത്ത പൊതു കിണറിന് റീചാർജിംഗ് - പാഴ്ച്ചെലവ്

| | |
|---|---|
| പദ്ധതിയുടെ പേര് | സി.എച്ച്.സി, കാസർഗോഡ് - പൊതു കിണർ റീചാർജിംഗ്(205/22) |
| അടങ്കൽ | 218000/- DF(CFC) |
| കരാറുകാരൻ | ഷാഹുൽ ഹമീദ് |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക്(193858/-) |
| എം.ബുക്ക് നം. | 43/21-22 |
| പ്രവൃത്തിമൂല്യം | 168438/- |

| | |
|---|---|
| കരാറുകാരന് നൽകിയ തുക | PFMS Advise No. C032266804433/26-03-22 181915/- (HDFC Bank KSD) |
| നികുതികൾ ഉൾപ്പെടെ ആകെ ചെലവ് | 188651/- |

കാസർഗോഡ് കുടുംബാരോഗ്യ കേന്ദ്രത്തിലെ നിലവിൽ ഉപയോഗിക്കാത്ത പൊതു കിണറിന് റീചാർജിംഗ് എന്ന പേരിൽ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത് പൊതുപണത്തിന്റെ ദുരുപയോഗവും പാഴ്ച്ചെലവുമാണ്. നഗരസഭക്ക് വിട്ടുകിട്ടിയിട്ടുള്ള ആസ്തിയായ കുടുംബാരോഗ്യ കേന്ദ്രത്തിലെ കോൺക്രീറ്റ് കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളവും നഗരസഭയുടെ മറ്റൊരു ആസ്തിയായ സന്ധ്യാരാഗം ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ സ്റ്റേജ് മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളവും ശേഖരിച്ച് കിണർ റീചാർജ് ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ജലശക്തി അഭിയാൻ പദ്ധതിയുടെ ഭാഗമായാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തത്. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ള ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കിണറിന് സമീപം കുഴികളെടുത്ത് മഴവെള്ളം കിണറ്റിലേക്ക് റീചാർജ് ചെയ്യുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. സന്ധ്യാ രാഗം ഓഡിറ്റോറിയത്തിന്റെ ഇരു വശങ്ങളിലെ മേൽക്കൂരയിൽ നിന്നും വെള്ളം ശേഖരിച്ച് ചെയ്യേണ്ടി വന്നതിനാലും കല്ല് കൊണ്ട് കെട്ടി ടാങ്ക് നിർമ്മിക്കാൻ കഴിയാത്തതിനാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസി.എഞ്ചിനിയർ റിപ്പോർട്ട് ചെയ്യുകയും 26-10-2021ലെ 6/1 കൗൺസിൽ തീരുമാന പ്രകാരം അടങ്കൽ തുകയിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് മുനി.ചെയർമാൻ നൽകിയ മുൻകൂർ അനുമതി സാധൂകരിച്ചു. എന്നാൽ പിന്നീട് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കുഴികൾക്ക് പകരം 1000ലിറ്ററിന്റെ രണ്ട് പോളിയെത്തിലിൻ വാട്ടർ സ്റ്റോറേജ് ടാങ്ക് സ്ഥാപിച്ച് കോൺക്രീറ്റ് കെട്ടിടത്തിലെയും സ്റ്റേജ് റൂഫിലെയും മഴവെള്ളം ശേഖരിച്ച് കിണറ്റിലേക്ക് റീചാർജ് ചെയ്യുന്നതിനായി എസ്റ്റിമേറ്റിൽ മാറ്റം വരുത്തുകയും ആയതിനനുസരിച്ച് പ്രവൃത്തി നടപ്പാക്കുകയും ചെയ്തു.





ടി പദ്ധതി നേരിട്ട് പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(1) നിലവിൽ ഉപേക്ഷിച്ചതും കുടുംബാരോഗ്യ വകുപ്പ് അധികൃതർ “To Be Demolished” എന്ന് നോട്ടീസ് പതിച്ചിട്ടുള്ളതുമായ കാസർഗോഡ് കുടുംബാരോഗ്യ കേന്ദ്രത്തിലെ പൊതു കിണറിനാണ് റീചാർജിംഗ് എന്ന പദ്ധതി നടപ്പാക്കിയത്. നിലവിൽ പാറ തെളിഞ്ഞിരിക്കുന്നതും ഒരു തുള്ളി വെള്ളം പോലും മില്ലാത്തതുമാണ് പ്രസ്തുത കിണർ.

(2) കോൺക്രീറ്റ് കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ടാങ്കിലേക്ക് ശേഖരിക്കുന്ന പി.വി.സി പൈപ്പ് കണക്ഷൻ പൊട്ടി വേർപെട്ടിരിക്കുകയാണ്.

(3) ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ സ്റ്റേജ് റൂഫിംഗിൽ നിന്നുള്ള മഴവെള്ളം ശേഖരിക്കുന്ന ടാങ്കിൽ നിന്നും കിണറ്റിലേക്ക് വെള്ളം റീചാർജ് ടെയ്യുന്ന പൈപ്പ് നിലവിൽ പൊട്ടി മാറിയ നിലയിലാണ്.

(4) റിവൈസ്ഡ് എസ്റ്റിമേറ്റ് എക്സ്ട്രാ ഇനം 4 (DSR 18.48) ആയി ISI 12701 മാർക്കുള്ള പോളിയെത്തിലിൻ വാട്ടർ സ്റ്റോറേജ് ടാങ്ക് വാങ്ങി സ്ഥാപിക്കുന്നതിന് ( ഫിറ്റിംഗ് ചാർജ്, ബേസ് സപ്പോർട്ട് എന്നിവ ഒഴിവാക്കിക്കൊണ്ട് ) ലിറ്ററിന് 10.1 രൂപ നിരക്കിൽ 2000 ലിറ്ററിന് 20200 രൂപയും 12% ജി.എസ്.ടി ഉൾപ്പെടെ 22624/- രൂപ ഉൾപ്പെടുത്തുകയും അത്രയും തുക തന്നെ കരാറുകാരന് ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ ഡെൽറ്റ കമ്പനിയുടെ 1000 ലിറ്ററിന്റെ രണ്ട് വാട്ടർ ടാങ്കാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. ISI മാർക്കില്ലാത്ത പ്രസ്തുത വാട്ടർ ടാങ്കിന് (3ലെയർ) നിലവിലെ മാർക്കറ്റ് വില ലിറ്ററിന് 4.8 രൂപ മാത്രമാണ്. അതായത് വാട്ടർ ടാങ്ക് ഇനത്തിൽ 9600 രൂപയും ആയതിന്റെ 12% ജി.എസ്.ടി ഉൾപ്പെടെ 10800/- രൂപ മാത്രമാണ് കരാറുകാരന് അർഹതപ്പെട്ടത്. ഈയിനത്തിൽ മാത്രം കരാറുകാരന് 11824 രൂപ അധികം അനുവദിച്ച് നൽകിയിട്ടുണ്ട്.

നിലവിൽ ഉപേക്ഷിച്ച നിലയിലുള്ള കിണറിന് റീചാർജിംഗ് പദ്ധതി ജലശക്തി അഭിയാൻ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ശുപാർശ ചെയ്തത് വർക്കിംഗ് ഗ്രൂപ്പിന്റെയും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. വേണ്ടത്ര സ്ഥല പരിശോധന നടത്താതെയാണ് സാങ്കേതിക വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്. നിലവിൽ ഉപയോഗ ശൂന്യമായ കിണറിൽ റീചാർജിംഗ് നടക്കുന്നുമില്ല. ഫലത്തിൽ മേൽ പദ്ധതിക്ക് നികുതികൾ ഉൾപ്പെടെ ചെലവഴിച്ച 188651/- പാഴ്ച്ചെലവായിരിക്കുകയാണ്.

കരാറുകാരന് അധികം നൽകിയ 11824/- രൂപ കഴിച്ചുള്ള 176827/- രൂപയ്ക്ക് സാങ്കേതിക വിഭാഗം ഉത്തരവാദിയാണ്. വികസനഫണ്ട് പാഴാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/06-01-23) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് അധികം നൽകിയ 11824/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്. പാഴ്ച്ചെലവായ ബാക്കി തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനിയറും ആയതിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനിയറും ഒരുപോലെ ഉത്തരവാദികളാണ്. പ്രസ്തുത തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. പദ്ധതിപ്പണത്തിന്റെ ദുരുപയോഗവും പാഴ്ച്ചെലവും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ - കരാറുകാരന് അധിക പ്രതിഫലം നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ബീരന്ത് ബയൽ സുനാമി കോളനിയിൽ സെപ്ടിക് നിർമ്മാണം (353/22) |
| അടങ്കൽ | 440000(CFC) |
| കരാറുകാരൻ | അഹമ്മദ് ഷഫീക്ക്.B.A |
| കരാർ തുക | 390629.98(E/R) |
| എം.ബുക്ക് നം. | 94/21-22 |
| ഫൈനൽ ബിൽ തുക | 427215/- |
| ബിൽ നം./ തീയതി | 212002470016015265555/30-03-22 |

റെഡിമെയ്ഡ് പി.വി.സി സെപ്ടിക് ടാങ്ക് വാങ്ങി സ്ഥാപിക്കുന്ന ഇനത്തിലെ സെപ്ടിക്ക് വാങ്ങിയതിന്റെ ബിൽ പ്രകാരമുള്ള മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ എസ്റ്റിമേറ്റിലുള്ള മാർക്കറ്റ് നിരക്ക് പ്രകാരം പ്രതിഫലം അനുവദിച്ചതു വഴി കരാറുകാരന് അർഹമായതിലും അധിക പ്രതിഫലം നൽകുന്നതിന് ഇടയാക്കി.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ ടി പ്രവൃത്തിയിൽ കാസർഗോഡ് സുനാമി കോളനിയിലെ ഫ്ലാറ്റിൽ ഗ്രൗണ്ട് ഫ്ലോറിലുള്ള 8 ഫ്ളാറ്റുകൾക്ക് സെപ്ടിക് ടാങ്ക് വാങ്ങി വയ്ക്കുന്നതിനും സോക് പിറ്റുകൾ നിർമ്മിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. DAR സ്പെസിഫിക്കേഷനും CPWD നിരക്ക് അനുസരിച്ചും പ്രൈസ് സോഫ്റ്റ് വെയർ മുഖേന പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ രണ്ടാം ഭാഗമായ സെപ്ടിക് ടാങ്ക് നിർമ്മാണത്തിന്റെ 9 ാം ഇനമായ " Supplying And Installing Ready Made PVC Septic Tank Including The Cost Of Carriage, Trenching, Placing At The Level Below Ground Level As Specified As Per The Direction Of Engineer In Charge( Provision For CC/RCC/Sand/06mm Aggregate For The Preparation Of Bed Shall Be Paid Seperately) 3.25 To Below 35 Flush Capacity(51.19.ST3)" എന്ന ഇന പ്രകാരം ഒരു ടാങ്ക് സ്ഥാപിക്കുന്നതിന് 24497.77 രൂപ ക്രമത്തിൽ 8 ടാങ്ക് സ്ഥാപിക്കുന്നതിന് 195982.16 രൂപയും ആയതിന്റെ 12% ജി.എസ്.ടി യായ 23517.85 രൂപയും ഉൾപ്പെടെ 219500/- രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയത്. പ്രസ്തുത ഇനത്തിന് അത്രയും തുക തന്നെ ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ട്. അക്വാ റീഗൽ പ്രോഡക്ട്സ് എന്ന ഏജൻസിയിൽ നിന്നും ഓഷൻ കമ്പനിയുടെ Ocean Plastic Septic Tank BR 5 എന്ന ബ്രാന്റിലുള്ള 8 പ്ലാസ്റ്റിക്ക് സെപ്ടിക് ടാങ്ക് വാങ്ങിയതിന്റെ ബിൽ ( നം.ARP/5964/21-22/09-03-22) കരാറുകാരൻ ഹാജരാക്കിയത് അനുസരിച്ച് ഒരു ടാങ്കിന് ജി.എസ്.ടി ഉൾപ്പെടെ 18200/- രൂപ ക്രമത്തിൽ 8 എണ്ണം സപ്ലൈ ചെയ്തതിന് 145600/- രൂപ മാത്രമാണ് കരാറുകാരന് ചെലവായിട്ടുള്ളത്. Pvc Septic Tank എന്ന് സ്പെസിഫിക്കേഷനിൽ പറയുന്നുണ്ടെങ്കിലും കരാറുകാരൻ Plastic Septic Tank വാങ്ങിയാണ് സ്ഥാപിച്ചിട്ടുള്ളത്. ആയതിന്റെ ഗുണ നിലവാരം സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. സെപ്ടിക് ടാങ്ക് സ്ഥാപിക്കുന്നതിനായുള്ള ടി ഇനത്തിന്റെ DAR/DSR പ്രകാരമുള്ള ഡാറ്റായിൽ പി.വി.സി സെപ്ടിക് ടാങ്കിന്റെ മാർക്കറ്റ് റേറ്റാണ് ഉൾപ്പെടുത്തിയട്ടുള്ളത്. പ്രസ്തുത ഡാറ്റായിൽ MR 100 ആയി Indiamart കമ്പനിയുടെ പി.വി.സി സെപ്ടിക് ടാങ്കിന്റെ മാർക്കറ്റ് വിലയായ 20000 രൂപയാണ് ഉൾപ്പെടുത്തിയട്ടുള്ളത്. എന്നാൽ കരാറുകാരൻ പ്രസ്തുത കമ്പനിയുടെ ടാങ്കല്ല വാങ്ങിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ കരാറുകാരൻ വാങ്ങിയ ടാങ്കിന്റെ മാർക്കറ്റ് റേറ്റായ 18200 രൂപ ഡാറ്റായിൽ ഉൾപ്പെടുത്തി അർഹമായ തുക കണക്കാക്കുകയാണ് വേണ്ടിയിരുന്നത്. അത്തരത്തിൽ ടി ഇനത്തിനുള്ള അർഹമായ നിരക്ക് കണക്കാക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ച് നൽകുകയാണ് അസി.എഞ്ചിനിയർ ചെയ്തത്. ആയത് എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ഈയിനത്തിൽ അധികം തുക അനുവദിച്ച് നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Code | 51.19.ST3 Supplying And Installing Ready Made PVC Septic Tank.........<br>3.25 To Below 35 Flush Capacity. | അനുവദിച്ച് നൽകിയ നിരക്ക് | | | | അർഹമായ നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| | Description | Unit | Quantity | Rate | Amount | Unit | Quantity | Rate | Amount |
| | Details Of Cost For 1 No. | | | | | | | | |
| MR 100 | PVC Septic Tank- 25 To Below 35 Flush Capacity | Each | 1 | 20000.00 | 20000.00 | Each | 1 | 18200.00 | 18200.00 |
| 9999 | Sundries - Carriage To Site | L.S | 179.4 | 2.00 | 358.80 | L.S | 179.4 | 2.00 | 358.80 |
| 2.8.1 | Rate As Per Item No.2.8.1 Of SH Earth Work<br>(L=2.60, B=1.00, D=0.85) | Cum | 2.21 | 219 | 483.99(A) | Cum | 2.21 | 219 | 483.99(A) |
| 9999 | Sundries - Placing At Specified Level Including Back Filling As Necessary | L.S | 22.425 | 2.00 | 44.85 | L.S | 22.425 | 2.00 | 44.85 |
| Add Water Charge @1% Except On A<br>Ie, On(20887.64-483.99= 20403.65) | | | | | 204.04 | Add Water Charge @1% Except On A<br>Ie, On 18603.65 | | | 186.04 |
| Total | | | | | 21091.68 | Total | | | 19273.68 |
| Add CP+OH @15% Except On A<br>Ie, On(21091.68-483.99=20607.69) | | | | | 3091.15 | Add CP+OH @15% Except On A<br>Ie, On 18789.69 | | | 2818.45 |
| Total | | | | | 24182.85 | Total | | | 22092.13 |
| Cost Of 1 Each | | | | | 24182.85 | Cost Of 1 Each | | | 22092.13 |
| Cost Index 33.05% | | | | | 314.92 | Cost Index 33.05% | | | 314.92 |
| Total With Cost Index | | | | | 24497.77 | Total With Cost Index | | | 22407.05 |
| Say | | | | | 24497.77 | Say | | | 22407.05 |

ടി ഡാറ്റാ പ്രകാരം കരാറുകാരൻ വാങ്ങിയ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള അർഹമായ നിരക്ക് 22407.05 രൂപ മാത്രമാണ്. ടി ഇന പ്രകാരം 8 സെപ്റ്റിക് ടാങ്ക് വാങ്ങി സ്ഥാപിക്കുന്നതിന് കരാറുകാരന് അർഹതപ്പെട്ട തുക 179256.4 രൂപയും ആയതിന്റെ 12% ജി.എസ്.ടിയായ 21510.77 ഉൾപ്പെടെ ആകെ 200767.17 രൂപ മാത്രമാണ്. എന്നാൽ ടി ഇനത്തിന് ഫൈനൽ ബിൽ പ്രകാരം അനുവദിച്ച് നൽകിയത് 195982.16 രൂപയും ആയതിന്റെ 12% ജി.എസ്.ടിയായ 23517.85 രൂപയും ഉൾപ്പെടെ 219500/- രൂപയാണ്. ഇപ്രകാരം കരാറുകാരന് അർഹമായതിനേക്കാൾ അധികമായി 18733/- രൂപ ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് അസി.എഞ്ചിനിയർക്ക് ഓഡിറ്റ് എൻക്വയറി (33/16-02-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആ സാഹചര്യത്തിൽ അധികം നൽകിയ 18733/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 നഗരസഭയിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ -പദ്ധതി പൂർത്തീകരിച്ചില്ല- അക്രഡിറ്റഡ് ഏജൻസിയുടെ കരാർ ലംഘനം.

| | |
|---|---|
| പ്രൊജക്ട് നം | 479/19, 396/20, 97/21, 192/22<br>നഗരസഭയിലെ പൊതു സ്ഥലങ്ങളിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ. |
| വകയിരുത്തൽ<br>(192/22) | വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ) 739329/- |
| | കേന്ദ്രാവിഷ്കൃത ഫണ്ട് - 620540/- |
| | സംസ്ഥാനാവിഷ്കൃതഫണ്ട് 413102/ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, കാസറഗോഡ് നഗരസഭ |

| | |
|---|---|
| പ്രൊജക്ട് നം | 22/20, 395/21<br>ഖര മാലിന്യ സംസ്കരണ പദ്ധതി(റിംഗ് |

| | |
|---|---|
| | കംമ്പോസ്റ്റ് യൂണിറ്റ് വാങ്ങി നൽകൽ) |
| വകയിരുത്തൽ (192/22) | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ) 3,96,250/- |
| | കേന്ദ്രാവിഷ്കൃത ഫണ്ട് - 4,37,500/- |
| | ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് - 1,25,000/- |
| | സംസ്ഥാനാവിഷ്കൃതം - 2,91,250/- |
| ആകെ വകയിരുത്തൽ | 12,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, കാസറഗോഡ് നഗരസഭ |

നഗരസഭയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി പൊതുസ്ഥലങ്ങളായ സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ തുമ്പൂർമുഴി മാതൃക മാലിന്യ സംസ്കരണ സംവിധാനങ്ങളും പ്ലാന്റുകളും സ്ഥാപിക്കുന്നതിനും ഗാർഹിക തലത്തിൽ റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് വാങ്ങി നൽകുന്നതിനുമാണ് മേൽപടി രണ്ട് പ്രൊജക്ടുകൾ വിഭാവനം ചെയ്തിട്ടുള്ളത്. സമഗ്ര മാലിന്യ സംസ്കരണ പദ്ധതി പ്രകാരം തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും റിംഗ് കമ്പോസ്റ്റ് യൂണിറ്റ് ലഭ്യമാക്കുന്നതിനും പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം കേരള സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന് (SEUF) നൽകിയിരുന്നു. SEUF തയ്യാറാക്കി നൽകിയ ബയോ ഗ്യാസ് പ്ലാന്റിനും തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റിനും ശുചിത്വ മിഷനിന്റെ സാങ്കേതികാനുമതി ലഭ്യമാക്കിയ വിവരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.03.2019ലെ 57/സി2/2009/എസ്എം. നമ്പർ കത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ ഭാഗമായി SEUF ഉം കാസറഗോഡ് നഗരസഭ നിർവ്വഹണോദ്യോഗസ്ഥനായ ഹെൽത്ത് സൂപ്പർവൈസറും 12.03.2020 ൽ കരാറിൽ ഒപ്പു വെച്ചിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ പ്രതിപാദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വീടുകളിൽ എത്തിച്ച് നൽകുന്നതിനും തുമ്പൂർമുഴി മോഡൽ എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ അതത് പ്രദേശത്ത് നിർമ്മിക്കുന്നതിന്റെ ഉത്തരവാദിത്തവും ഏജൻസിയിൽ നിഷിപ്തമാണ്. കൂടാതെ നിർമ്മാണത്തിലുള്ള അപാകത മൂലം 3 മാസത്തിനുള്ളിൽ യൂണിറ്റുകൾക്ക് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അത്തരം യൂണിറ്റുകൾ മാറ്റി സ്ഥാപിച്ച് നൽകുന്നതിനുള്ള ഉത്തരവാദിത്തം കൂടി ഏജൻസിക്കുണ്ട്. കരാർ ഉടമ്പടി പ്രകാരം അഡ്വാൻസ് ലഭിച്ചു കഴിഞ്ഞ് 6 മാസത്തിനുള്ളിൽ കരാർ കാലാവധി അവസാനിക്കുന്നതാണ്. 18.05.2007ലെ സ.ഉ(എം.എസ്) നം. 133/07/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കരാറുടമ്പടിയിൽ ഏർപ്പെട്ടു കഴിഞ്ഞാൽ പ്രവൃത്തിക്കുള്ള കരാർ ഉടമ്പടി തുകയുടെ 20% നൽകാവുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ഉള്ളതിനാൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 20% തുകയായ 7,39,329/- രൂപ 30.11.2020 ൽ (BRN നം.200247000700786525 )അഡ്വാൻസ് നൽകിയിട്ടുണ്ട്. അതായത് അഡ്വാൻസ് നൽകിയ തീയ്യതി മുതൽ 6 മാസകാലാവധിയായ 29.05.2021 തീയ്യതിക്കുള്ളിൽ മേൽപദ്ധതികൾ പൂർത്തിയാക്കുന്നതിന് ഏജൻസി ബാധ്യസ്ഥരാണ്.

കാര്യാലയ കുറിപ്പ് അനുസരിച്ച് താഴെ പറയുന്ന മാലിന്യ സംസ്കരണ യൂണിറ്റുകളാണ് സ്ഥാപിക്കേണ്ടിയിരുന്നത്.

| ഇനം | എണ്ണം | തുക | ആകെ തുക |
|---|---|---|---|
| തുമ്പൂർമുഴി മോഡൽ | 11 | 224286 | 24,67,146 |
| ബയോഗ്യാസ് പ്ലാന്റ് 1 M3 | 1 | 13,500.00 | 13,500.00 |
| ബയോഗ്യാസ് പ്ലാന്റ് (35 കിലോ പ്രതിദിനം) | 3 | 92,000.00 | 2,76,000.00 |
| ബയോഗ്യാസ് പ്ലാന്റ് (50 കിലോ പ്രതി ദിനം) | 3 | 230,000.00 | 6,90,000.00 |
| റിംഗ് കമ്പോസ്റ്റ് | 100 | 2,500.00 | 2,50,000.00 |
| ആകെ | | | 36,96,646.00 |

എന്നാൽ തുമ്പൂർമൊഴി മോഡൽ എയ്റോബിക് കംമ്പോസ്റ്റ് യൂണിറ്റ് ഒരെണ്ണത്തിന് 2,25,000 രൂപ വീതം 11 എണ്ണത്തിന് ആകെ 24,75,000/- രൂപയും റിങ് കംമ്പോസ്റ്റ് ഒരെണ്ണത്തിന് 2500 രൂപ വീതം ആകെ 165 എണ്ണത്തിന് 4,12,500/- രൂപയും ബയോഗ്യാസ് പ്ലാന്റ് (1 M2)ഒരെണ്ണത്തിന് 13,500/- രൂപ വീതവും ബയോഗ്യാസ് പ്ലാന്റ് (35 കിലോ പ്രതിദിനം) മൂന്നെണ്ണത്തിന് 92,000/- രൂപ വീതം ആകെ 2,76,000/- രൂപയും ബയോഗ്യാസ് പ്ലാന്റ് (50 കിലോ

പ്രതിദിനം) മൂന്നെണ്ണത്തിന് 2,30,000/- രൂപ വീതം ആകെ 6,90,000/- രൂപയും ഉൾപ്പെടെ ആകെ 38,67,000/- രൂപയാണ് കരാറിൽ കാണിച്ചിരിക്കുന്നത്. കരാർ തുക ഇത്തരത്തിൽ ആണെങ്കിൽ തന്നെയും മേൽപ്പടി കാര്യാലയ കുറിപ്പിൽ പറഞ്ഞിരിക്കുന്ന ആകെ തുകയുടെ 20% തുകയായ 7,39,329/- രൂപയാണ് മുൻകൂർ നൽകിയിട്ടുള്ളത്.

ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, മുനിസിപ്പാലിറ്റിയിലെ താലൂക്ക് ആശുപത്രി, ഗവ.കോളേജ്, മത്സ്യ മാർക്കറ്റ് എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുണ്ടെന്നും പദ്ധതി കമ്മീഷൻ ചെയ്ത തീയ്യതിയായ 03.11.2020 മുതൽ 6 മാസത്തേക്ക് മികച്ച രീതിയിലുള്ള പ്രവർത്തനം സാധ്യമാക്കുന്നതിനുള്ള മേൽ നോട്ടം നടത്തുന്നതായിക്കുമെന്നും 30.12.2020 തീയ്യതിയിലെ SEUF/KNR/127-20 നമ്പർ കത്ത് പ്രകാരം SEUF നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 3 ബയോഗ്യാസ് പ്ലാന്റിന്റെ പ്രവൃത്തി മൂല്യം കണക്കാക്കി(എം ബുക്ക് നം.50/2021-22) നികുതികൾ കഴിച്ച് 6,50,986/- രൂപ SEUF ന് നൽകിയിട്ടുണ്ട്(ചെക്ക് നം.464189/17.08.2021). എന്നാൽ പ്രസ്തുത തുക അനുവദിച്ചപ്പോൾ ഈ ഘടകത്തിന് തുടക്കത്തിൽ അഡ്വാൻസ് നൽകിയ തുക ക്രമീകരിക്കാതെ മുഴുവൻ തുകയും നൽകി. അക്രഡിറ്റഡ് ഏജൻസിയുമായി കരാർ പുതുക്കാതെയാണ് പ്രസ്തുത തുക നൽകിയത്.

സ ഉ (കൈ) നം.17/2018/തസ്വഭവ തീ.02.02.2018 പ്രകാരം നഗരഭരണ സ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ രേഖയിൽ ഗാർഹിക തലത്തിലുള്ള കംമ്പോസ്റ്റിംഗ് യൂണിറ്റുകൾക്ക് 10 ശതമാനം ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റേയോ അടവാക്കിയതിന്റേയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് വർഷം റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് വാങ്ങി നൽകൽ പദ്ധതി സ്പിൽ ഓവർ ആയി അംഗീകാരം വാങ്ങാതെ ഉപേക്ഷിക്കുകയാണ് ചെയ്തത്. റിംഗ് കംമ്പോസ്റ്റ് യൂണിറ്റിന് ഉൾപ്പെടെയാണ് 20 ശതമാനം തുക അഡ്വാൻസ് നൽകിയിട്ടുള്ളത്. എന്നാൽ അക്രഡിറ്റഡ് ഏജൻസിയുമായുള്ള കരാർ റദ്ദായതിനാൽ റിംഗ് കംമ്പോസ്റ്റ് പദ്ധതി 2021-22 വർഷം സ്പിൽ ഓവർ ആക്കാതെ ഉപേക്ഷിക്കുകയാണ് ചെയ്തത്. എസ്റ്റിമേറ്റിൽ പരാമർശിച്ചിട്ടുള്ള മറ്റ് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ നടപ്പിലാക്കാത്തതിനാൽ കരാർ വ്യവസ്ഥകൾ ലംഘിച്ച ഏജൻസിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നോട്ടീസ് നൽകിയില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. കരാർ ലംഘനം സംബന്ധിച്ച വിവരം നഗരസഭ സെക്രട്ടറിക്ക് യഥാസമയം റിപ്പോർട്ട് ചെയ്ത് അക്രഡിറ്റഡ് ഏജൻസിക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതായി മിനിട്ട്സിൽ കാണുന്നില്ല. തുമ്പൂർമുഴി മോഡലിനും ബയോഗ്യാസ് പ്ലാന്റിനും ഉള്ള പദ്ധതിക്ക് മാത്രമാണ് 2021-22 ൽ സ്പിൽ ഓവർ അംഗീകാരം വാങ്ങിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിലും അവശേഷിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കരാർ ലംഘനം നടത്തിയ ഏജൻസിയിൽ നിന്നും മുൻകൂർ ആയി നൽകിയ 7,39,329/- രൂപ തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-4 നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്. പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണം. EMD കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാർ ഏറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ റീടെണ്ടർ ചെയ്യണം.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനുള്ളിൽ കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി മേൽത്തരത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ സെലക്ഷൻ നോട്ടീസ് ലഭിച്ച കരാറുകാരെ പിഴയോടുകൂടിയ10 ദിവസവും കഴിഞ്ഞ് ആഴ്ച്ചകളും മാസങ്ങളും കാലതാമസം വരുത്തി എഗ്രിമെന്റ് വയ്ക്കുന്നതിന് അനുവദിച്ചിട്ടും പിഴയീടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ്/ | കരാർ ചമച്ച | ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|---|

| | | കൈപ്പറ്റിയ തീയതി | തീയതി | ഫൈൻ |
|---|---|---|---|---|
| 1 | ഫോർട്ട് സെക്കന്റ് ക്രോസ്സ് റോഡ് ബാക്കി ഭാഗം കോൺക്രീറ്റ്(174/19, 237/22)<br>കരാറുകാരൻ : B.M.ബഷീർ<br>PAC തുക : 193373/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600386399/08-09-21<br>63949/- | 13-12-18 | 31-12-18 | 1933 |
| 2 | പാങ്ങോട് ആശ്രയ കോളനി ഡ്രയിനേജ് ബാക്കി ഭാഗം നിർമ്മാണം രണ്ടാം ഘട്ടം (419/21, 282/22)<br>കരാറുകാരൻ : മുഹമ്മദ് സിറാജുദീൻ<br>PAC തുക : 532980.21<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601516730/30-03-22<br>472333/- | 24-08-21 | 08-09-21 | 5330 |
| 3. | നെൽക്കള ആദ്യ ഇടത് ക്രോസ്സ് റോഡ് കോൺക്രീറ്റിംഗ്(38/22)<br>കരാറുകാരൻ :മുഹമ്മദ് ഹാരിസ്.M<br>PAC തുക : 421864.87<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600902215/07-01-22<br>472339/- | 24-08-21 | 17-09-21 | 4219 |
| 4. | ബേദി ബാഗിലു റോഡ് മെയിന്റനൻസ് (162/19,277/21, 235/22)<br>കരാറുകാരൻ : മുനീർ മൊയ്ദു<br>PAC തുക : 99483.42<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601040890/01-02-22<br>99483/- | 17-07-19 | 22-02-21 | 1000 |
| 5. | കാപ്പി വളപ്പ് റോഡ് ഇന്റർലോക്കിംഗ് (297/20, 267/21,232/22)<br>കരാറുകാരൻ : അബ്ദുള്ള കുഞ്ഞി.K<br>PAC തുക : 577142<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600246982/28-07-21<br>497987/- | 15-11-19 | 26-12-19 | 5771 |
| 6. | ബീരന്ത്ബയൽ ടെമ്പിൾ മുതൽ പ്രഗതി ബിൽഡേഴ്സ് വരെ റോഡ് ഡ്രയിനേജ് & കവറിംഗ് സ്ലാബ്(160/20, 322/22)<br>കരാറുകാരൻ : E.I.മുഹമ്മദ്<br>PAC തുക : 487682/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600822679/20-12-21<br>453137/- | 03-06-20 | 08-07-20 | 4877 |
| 7 | I.M.A റോഡ് കോൺക്രീറ്റിംഗ് (6/22)<br>കരാറുകാരൻ : B.M.ബഷീർ<br>PAC തുക : 132861/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601463074/25-03-22<br>147868/- | 24-08-21 | 14-09-21 | 1329 |

| | | | | |
|---|---|---|---|---|
| 8. | T.V സ്റ്റേഷൻ ഫോർത്ത് ക്രോസ്സ് റോഡ് (കളത്തിൽ റോഡ്) കോൺക്രീറ്റ് ചെയ്യൽ(52/22)<br>കരാറുകാരൻ : മൊയ്ദീൻ മെഹഫൂസ്<br>PAC തുക : 88789.88<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601463011/25-03-22<br>99444/- | 30-11-21 | 29-12-21 | 1000 |
| 9 | M.L മൊയിച്ചാസ് ഹൗസ് സമീപമുള്ള റോഡ് കോൺക്രീറ്റ് ചെയ്യൽ(119/22)<br>കരാറുകാരൻ : മൊയ്ദീൻ മെഹഫൂസ്<br>PAC തുക : 178241/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>20200247001601425436/29-03-21<br>199628/- | 17-11-20 | 11-01-21 | 1782 |
| 10 | കൊറക്കോട് റോഡ് ശ്രീ.കെ.സതീശൻ K.P ഹൗസ് എന്നവരുടെ സ്ഥലത്തിന് സംരക്ഷണഭിത്തി നിർമ്മാണം (34/21, 260/22)<br>കരാറുകാരൻ :ഫൈസൽ.K.A<br>PAC തുക : 139025.62<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001600386395/08-09-21<br>155708/- | 21-12-20 | 01-02-21 | 1390 |
| 11 | വിവധ അങ്കണവാടികളുടെ പുനരുദ്ധാരണം (180/20, 346/21/, 252/22)<br>കരാറുകാരൻ : അബ്ദുൾ റഹീം.C.M<br>PAC തുക : 767607.22/-<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601407495/22-03-22<br>717331/- | 13-01-20 | 11-09-20 | 7676 |
| 12 | 124ാം നമ്പർ അങ്കണവാടി കെട്ടിടം അറ്റകുറ്റപ്പണി(152/21, 263/22)<br>കരാറുകാരൻ : ഫൈസൽ.K.A<br>PAC തുക : 88014.72<br>ഫൈനൽ ബിൽ നം./തീയതി /തുക<br>21200247001601248358/04-03-22<br>88287/- | 21-12-20 | 22-02-21 | 1000 |
| | | | ആകെ | 36407 |

പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴയീടാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുമുണ്ടായ വീഴ്ച്ചയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/16-12-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പിഴയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന ടി വരുമാനം ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-5 കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്ക് വരുത്തയില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പാക്കിയ ഏതാനും റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കണക്കാക്കി ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കണക്കാക്കി ഈടാക്കുകയാണ് വേണ്ടത്. എന്നാൽ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തികൾക്ക്

ഉപയോഗിച്ച ബിറ്റുമിനും ബിറ്റുമിൻ എമൽഷനും അനുസൃതമായി കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/E + 18% GST |
|---|---|---|---|
| 1. | വിദ്യാ നഗർ ചിന്മയ കോളനി റോഡ് റീടാറിംഗ് & സൈഡ് ബേം കോൺക്രീറ്റ്<br>(315/22)<br>അടങ്കൽ തുക: 450000 (MG Road)<br>കരാറുകാരൻ : M.അബ്ദുൾ ഖാദർ<br>ഫൈനൽ ബിൽ തുക : 444447/-<br>ബിൽ നം./ തീയതി/തുക:<br>21200247001601498626/27-03-22<br>444447/- | 9 | 2142+386= 2528 |
| 2. | താലൂക്ക് ഓഫീസ് ഡി.ഇ.ഒ ഓഫീസ് റോഡ് റീടാറിംഗ് (142/21, 262/22)<br>അടങ്കൽ തുക: 460000 (MG Road)<br>കരാറുകാരൻ : ഷാഹുൽ ഹമീദ്<br>ഫൈനൽ ബിൽ തുക : 459111/-<br>ബിൽ നം./ തീയതി/തുക:<br>21200247001600386390/08-09-21<br>459111/- | 21 | 4998+900 =<br>5898 |
| 3. | ചേരങ്കൈ വെസ്റ്റിലെ ലൈറ്റ് ഹൗസ് ചേരങ്കൈ റോഡ് റീടാറിംഗ് (11/22)<br>അടങ്കൽ തുക: 600000 (MG Road)<br>കരാറുകാരൻ : B.M.അബ്ദുള്ള<br>ഫൈനൽ ബിൽ തുക : 571744/-<br>ബിൽ നം./ തീയതി/തുക:<br>21200247001601463037/25-03-22<br>459111/- | 29 | 6902+1242 =<br>8144 |
| | ആകെ | 59 | 16570 |

ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കാതിരുന്നത് സംബന്ധിച്ച് അസി.എഞ്ചിനിയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/6-12-2022) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി 14042/- രൂപ സഞ്ചിത നിധിയിലേക്കും 2528/-രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 06.02.2023 മുതൽ 09.02.2023 വരെ | നം. കെഎസ്എ. കെഎസ്എം.2/100/2023 തീയതി. 29.03.2023 |

വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

## 4-2 സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ബാലൻസ് |
|---|---|---|---|---|
| | ഇല്ല | | | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | TRNO-21200200000001487, Dtd 30/10/2021 | 1,83,000/- | -- | 1,83,000/- |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | C022243898099 Dtd 18/02/2022 | 9,00,000/- | -- | 9,00,000/- |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 212002000000022962 Dtd 31/03/2022 | 13,40,000/- | -- | 13,40,000/- |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | C012233858607 Dtd 27/01/2022 | 68,350/- | -- | 68,350/- |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | C022249060056 Dtd 24/02/2022 | 97,197/- | -- | 97,197/- |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | C022252329705 Dtd 25/02/2022 | 1,34,166/- | -- | 1,34,166/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി. |
|---|---|---|---|---|---|---|
| | ഇല്ല. | | | | | |

## 4-5 വായ്പ/ വായ്പാ തിരിച്ചടവ് .

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭ ത്തിലെ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇല്ല. | | | | | | |

## 4-6 സ്ഥിര നിക്ഷേപം.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരം | 2018000/- |

| | |
|---|---|
| നിക്ഷേപം | |
| തൻവർഷം നിക്ഷേപിച്ച തുക | 11,000/- |
| ആകെ | 2029000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2029000/- |

കുറിപ്പ്: തൻവർഷം നിക്ഷേപിച്ചതായി കാണിച്ച 11,000/- രൂപയുടെ വിവരങ്ങൾ പ്രയർ പീരിയഡ് ഇൻകം ( 20.04.2017ലെ വരവ്) ആയിട്ടാണ് വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ളത്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ്. | 19,89,000 | Equity Share ആയിട്ടാണ് നിക്ഷേപിച്ചത്. ഷെയർ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല. കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| 2 | കെ.യു.ആർ.ജി.എഫ്.സി. (ഇക്വിറ്റി ഷെയർ)-290 എണ്ണം @100 (359241 മുതൽ 359530 വരെ) | 29,000 | |
| 3 | തൻ വർഷം അധികമായി വന്ന തുക (ഏത് ഇനത്തിൽപ്പെട്ട വരവാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല) | 11,000 | |
| ആകെ | | 2029000 | |

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ.

| ക്രമ നം | റിപ്പോർട്ട് വർഷം ഖണ്ഡിക നമ്പർ | നിയമസഭാ സമിതിയുടെ ശുപാർശ/ നിർദ്ദേശം | ശുപാർശ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി (ഖണ്ഡികകളുടെ നിലവിലെ സ്ഥിതി കാസറഗോഡ് നഗരസഭ സെക്രട്ടറിയുടെ 30/11/2022 ലെ A2-1766/ 23-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.) |
|---|---|---|---|
| 1 | 2012-13 (3.1.17, 3.1.8) | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം 3.1.7 നിഗമനങ്ങൾ 3.1.8 ശുപാർശകൾ | നഗരസഭാ പരിധിയിലുള്ള വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യത്തിന്റെ ഉറവിടം, അളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഹരിത കർമ്മ സേന പ്രത്യേകം രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചുവരുന്നു. ഈടാക്കുന്ന യൂസർ ഫീ സംബന്ധിച്ച കണക്കുകളും സൂ |

| | | | | | |
|---|---|---|---|---|---|
| | | | | ക്ഷിച്ചുവരുന്നു.<br>നഗരസഭയിൽ മാലിന്യം നീക്കം ചെയ്യുന്നതിലേയ്ക്ക് ജി.പി.എസ് സംവിധാനങ്ങളോട്ടുകൂടിയ വാഹനങ്ങളാണ് ഉപയോഗിച്ച് വരുന്നത്.<br>നഗരസഭാ പ്രദേശത്തെ അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചുവരുന്നു. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി വീട്ടുകളിൽ ബയോ ബിൻ റിംഗ് കമ്പോസ്റ്റ് എന്നിവ നൽകി വരുന്നു.<br>പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖരിച്ച് എം.ആർ.എഫ്-ൽ എത്തിച്ച് തരംതിരിച്ച് ബെയിലിങ് ഷ്രെഡ്ഡിംങ് ചെയ്തു വരുന്നു. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി ബയോബിൻ റിംഗ് കമ്പോസ്റ്റ് എന്നിവ നൽകുന്നു.<br>ഖരമാലിന്യ ഖേശരണം, സംസ്കരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷാ, ശുചീകരണ സാധനങ്ങൾ വാങ്ങി നൽകിയിട്ടുള്ളതാണ്.<br>ഖരമാലിന്യ പരിപാലനത്തിനായി നഗരസഭയുടെ 38 വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ ജൈവ മാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.<br>ദ്രവമാലിന്യ സംസ്കരണത്തിന് എസ്.ഡി.പി സ്ഥാപിക്കുന്നതിലേയ്ക്ക് സ്ഥലം കണ്ടെത്തിയിട്ടുള്ളതും ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. | |

| | | | | |
|---|---|---|---|---|
| | | | | ബയോഗ്യാസ് പ്ലാന്റുകളിൽ നിലവിൽ പ്രവൃത്തിച്ചു വരുന്നതാണ്. നഗരസഭയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്തതാണ്. നഗരസഭയ്ക്ക് ഖരമാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്തതാണ്.<br><br>മാലിന്യ പരിപാലനത്തിനായി വകയിരുത്തിയിരിക്കുന്ന ഫണ്ടുകളുടെ വിനിയോഗ കാര്യക്ഷമത ഉറപ്പുവരുത്തിയിട്ടുള്ളതാണ്.<br><br>ശുചിത്വമിഷന്റെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br><br>ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നഗരസഭ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് , ശുചിത്വമിഷൻ എന്നിവ ഏകോപിച്ച് പ്രവർത്തിച്ചു വരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാക്കിക്കൊണ്ടും ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ചുകൊണ്ടും പ്രവർത്തങ്ങൾ നടപ്പാക്കി വരുന്നു.<br><br>പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി നോട്ടീസ് നൽകിയും പിഴ ഈടാക്കിയും വരുന്നു. കൂടാതെ പൊതുജനങ്ങളിൽ ബോധവൽകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.<br><br>പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ സ്ക്വാഡ് പരിശോധന നടത്തുകയും നിരോധിത പ്ലാസ്റ്റിക്കും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും വിടിച്ചുടുകയും പിഴ ചുമത്തുകയും ചെയ്തു വരുന്നു.<br><br>വികേന്ദ്രീകൃത - ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഭാഗമായി നഗരസഭാ പരിധിയിലെ എല്ലാ വാർഡുകളിലും ബയോബിന്നുകലും റിംഗ് കമ്പോ | |

| | | | | |
|---|---|---|---|---|
| | | | | സ്റ്റുകളും നൽകി വരുന്നു. ആശുപത്രി മാലിന്യങ്ങൾ ഇമേജ് മുഖേന നീക്കം ചെയ്തു വരുന്നു. കാസറഗോഡ് നഗരസഭയിലെ ഉറവിട ജൈവമാലിന്യം സംസ്കരിക്കു ന്നതിലേയ്ക്ക് 38 വാർഡുകളിലേയും വീടുകളിൽ 1000 ബയോബിന്നുകളും 5749 റിംഗ് കമ്പോസ്റ്റുകളും നൽകി വരുന്നു. അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന മുഖേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കി ശേഖരിച്ചുവരുന്നു. ആയത് എം. ആർ.എഫ് സെന്ററിൽ എത്തിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ബെയിലിങ്ങ് ഷ്രെഡ്ഡിംഗ് ചെയ്തുവരുന്നു. നഗരസഭയുടെ വിവിധ പ്രദേശങ്ങളിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതി ലേയ്ക്ക് 12 തുമ്പൂർമുഴി സ്ഥിപിച്ചിട്ടുള്ളതാണ്. കൂടാതെ നഗരസഭയിൽ ഖരമാലിന്യസംസ്കരണ ബൈലോ, പ്ലാസ്റ്റക് ബൈലോ എന്നിവ തയ്യാറാക്കിയിട്ടുള്ളതും ആയത് 38 വാർഡുകളിൽ നിന്നും ഹരിത കർമ്മസേന സേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ നിന്നും പുനരുപയോഗിക്കുന്ന വസ്തുക്കൾ വേർതിരിച്ച് നീക്കം ചെയ്യുന്നതിന് 10 ലക്ഷം രൂപ പദ്ധതിവെച്ച് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുള്ളതും ആയത് നീക്കം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച വരുന്നു. ദ്രവമാലിന്യ സംസ്കരണത്തിന് എസ്.ടി. പി. സ്ഥാപിക്കുന്നതിലേയ്ക്ക് സ്ഥലം കണ്ടെത്തി യിട്ടുള്ളതും ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ നഗരത്തിലെ കോഴി അറവുമാലിന്യം ശേഖരിച്ച് വളമാക്കുന്നതിന് റെന്ററിങ് പ്ലാന്റ് അധികൃതരുമായി എഗ്രമെന്റ് വെച്ച് | |

| | | | | |
|---|---|---|---|---|
| | | | | നടപടി സ്വീകരിച്ചിട്ടുള്ള താണ്. മാലിന്യങ്ങൾ അല ക്ഷ്യമായി വലിച്ചെറിയു ന്നവരെ കണ്ടെത്തി നോട്ടീസ് നൽകിയും പിഴ ഈടാക്കിയും വരുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കു ന്നതിന് നഗരസഭ ബോധവ ൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. രാത്രികാല ങ്ങളിലെ സ്ക്വാഡ് പ്രവർ ത്തനം ഊർജ്ജിതമാക്കു ന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 2 | 2012-13 3.2.7, 3.2.8 | കൃഷിഫാമുകളും കാർഷികാഭിവൃദ്ധിയും 3.2.7 നിഗമനങ്ങൾ 3.2.8 ശുപാർശകൾ | | കേരളത്തിലെ വിവിധ ജില്ലാ പഞ്ചായത്തികൾക്ക് കീഴി ലായി പ്രവർത്തിക്കുന്ന കൃഷി ഫാമുകളുടെ പ്രവർത്തന രീതി പഠന വിധേയമാക്കിയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിഗമനങ്ങളും ശുപാർ ശകളും സമർപ്പിച്ചിട്ടുള്ളത്. നഗരസഭയുമായി ബന്ധപ്പെ ട്ടതോ, നഗരസഭയുടെ കീഴിലു ള്ളതോ ആയ സ്ഥാപനമല്ലാ ത്തതിനാൽ ടി വിഷയത്തിൽ ഫലപ്രദമായി ഇടപ്പെടുന്നതിന് നഗരസഭ യ്ക്ക് സാധിക്കുകയില്ല. എങ്കിലും കൃഷി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടു ത്തുന്നതിനും ഫാമുകളിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കു ന്നതിനുള്ള പ്രദർശന/ വിൽപ്പന മേളകൾ സംഘടി പ്പിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും ഉത്തരവു കൾക്ക് വിധേയമായി നഗരസഭ സഹായസ ഹകരണങ്ങൾ പ്രദാനം ചെയ്യുന്നതാണ്.<br>കാസറഗോഡ് കൃഷിഭവനിൽ 2022 സാമ്പത്തിക വർഷ ത്തിൽ അക്കാദമിക ലെവ ലിൽ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷി ചെയ്തു ഏകദേശം 2 ഏക്കറിൽ അധികം വരുന്ന സ്ഥലത്ത് |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി പ്രകാരം തൃഷി ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് ബെയ്സ്ഡ് കൾട്ടിവേഷന് എന്ന പദ്ധതി പ്രകാരം ഗവ. ഐ.ടി.ഐ കാസറഗോഡ് എൻ.എസ്.എസ് കുട്ടികൾ 2 ഏക്കറിൽ അധികം കൃഷി ചെയ്തിരുന്നു. പച്ചക്കാട് ഏകദേശം 20 സെന്ററിലധികം സ്ഥലത്ത് വർഷങ്ങളായി തരിശിട്ട സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട് Staggered Cluster പദ്ധതി പ്രകാരം 25,000/- രൂപയുടെ പച്ചക്കറി കൃഷി ചെയ്തു. Sustainable Dev. Agri പദ്ധതി പ്രകാരം 10 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുവാൻ വേണ്ടി അനുവദിച്ചു. കേര ഗ്രാമം പദ്ധതി പ്രകാരം ഒരു ഹെക്ടർ സ്ഥലത്ത് തെങ്ങിൽ തടത്തിൽ ചെറുപയർ വിത്ത് നൽകി 12500 എണ്ണം പച്ചക്കറി തൈകൾ വി.ഡി.പി പദ്ധതി പ്രകാരം വിതരണം ചെയ്തു. വി.ഡി.പി. പദ്ധതി പ്രകാരം 2000 എണ്ണം വിത്ത് പാക്കറ്റ് നൽകി. |
| 3 | 2012-13 (3.3.7, 3.3.8) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയും 3.3.7 നിഗമനങ്ങൾ 3.3.8 ശുപാർശകൾ | നഗരസഭയുടെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി എന്നിവ തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. സ്ഥാപനങ്ങളിൽ കുടിവെ ള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ട്. നഗരസഭയുടെ 38 വാർഡുകളിലും സ്പ്രേയിങ്ങ് നടത്തി വരുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ ഫോഗിങ്ങ് നടത്തി വരുന്നു. പകർച്ച വ്യാധികൾക്കെതിരെ വാർഡുകളിൽ ക്ലോറിനേഷൻ നടത്തിയിട്ടു ള്ളതാണ്. കൂടാതെ മഴക്കാല പൂർവ്വ ശുചീകരണവുമായി കമ്മിറ്റി കൂടുകയും പ്രതിരോധ പ്രവർത്തനങ്ങളും നടത്തി വരുന്നു. IEC പ്രവർത്തനങ്ങൾ |

ചുവരെഴുത്തുകൾ ലഘുരേഖ വിതരണം അനൗൺസ്മെന്റ്, വീടുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ചാക്യാരുടെ സഹായത്തോടെ നടത്തിയിട്ടുണ്ട്. മലമ്പനി മാസാചരണത്തിന്റെ ഭാഗമായി വാർഡുകളിൽ കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ജീവിതശൈലി രോഗങ്ങൾക്കെതിരെ ബോധവത്കരിക്കുന്നതിന് വയോമിത്രം പി.എച്ച്.സി ക്ലിനിക്ക് മുഖാന്തിരം നൽകി വരുന്നു. ഹോമിയോ ആശുപത്രിയിൽ പാലിയേറ്റീവ് കെയർ പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിനോടൊപ്പം റവന്യൂ വിദ്യാഭ്യാസ വകുപ്പ്, പോലീസ് എന്നിവരുടെ സാഹയത്തോടെയും പകർച്ചവ്യാധി നിയന്ത്രണങ്ങൾ ഏകോപി ക്കുകയ അന്യദേശക്കാരായ തൊഴിലാളി കളെ സംബന്ധിച്ച് ലേബർ ഡിപ്പാർട്ട്മെന്റിൽ നിന്നും വിവരങ്ങൾ വാങ്ങി ക്യാമ്പുകളിൽ മലമ്പനി, മന്ത്, മറ്റ് രോഗങ്ങൾ സംബന്ധിച്ച് ബോധവത്കരണവും രക്തപരിശോധനയും നടത്തി വരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കാവശ്യമായ ബോധവത്കരണവും നടത്തി വരുന്നു.

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ നഗരസഭയിൽ കൃത്യമായി കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. നഗരസഭാ പരിധിയിൽ ആദിവാസി മേഖലകൾ ഇല്ലാത്തതാണ്. പകർച്ചവ്യാധികളും നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും നിയന്ത്രിക്കുന്നതിനായി വാർഡുകളിൽ ക്ലോറിനേഷൻ , സ്പ്രേയിങ്

| | | | |
|---|---|---|---|
| | | | എന്നിവ നടത്തി വരുന്നു. ജീവനതി ശൈലീരോഗങ്ങൾക്കെതിരായ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനായി മഴക്കാല ശുചീകരണ പ്രവർനത്തനങ്ങൾ എല്ലാ വാർഡുകളിലും നടത്തി വരുന്നു. |
| 4 | 2012-13 (3.4.6, 3.4.7) | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>3.4.6 നിഗമനങ്ങൾ<br>3.4.7 ശുപാർശകൾ | അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളും കുടുംബശ്രീ അയക്കൂട്ടതല ചർച്ച, നഗരസഭാ വാർഡ് ചർച്ച എന്നിവി ടങ്ങളിൽ നിർദ്ദേശം നൽകി എല്ലാ വർഷവും തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. കൂടാതെ പി.എം.എ.വൈ പദ്ധതി ഗുണഭോക്താക്കളെയും തൊഴി ലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാര് നിർദ്ദേശിച്ച നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ടാണ് തൊഴിൽ ബഡ്ജറ്റ് . വാർഷിക കർമ്മ പദ്ധതി എന്നിവ തയ്യാറാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ വാർഡ് സഭകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് വാർഡ് സഭകൾ ഫലപ്രദമാക്കുന്നതിനും നഗരസഭാ അംഗങ്ങൾക്കും വാർഡ് സഭാ കോ-ഓർഡിനേറ്റർമാർക്കും പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മോണിറ്ററിംഗ് കമ്മിറ്റി, നഗരസഭാ എഞ്ചിനീയർ, അയ്യങ്കാളി എഞ്ചിനീയർ എന്നിവർ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും അതനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ട്. തരിശ് ഭൂമി കൃഷി യോഗ്യമാക്കുന്ന പ്രവൃത്തി ചെയ്തു വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ നഗരസഭയില NULM മുഖേന ഉപകരണം നൽകുന്ന സ്ഥാപനം ആരംഭിക്കുന്നതിന്റെ നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ തൊഴിലുറപ്പ് ഉപകരണങ്ങൾ തൊഴിലാളികൾ വരു ന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ മാതൃകാപരമായി പങ്കാളിത്തം വഹിക്കുന്ന കുടുംബശ്രീ സി.ഡി.എസ്സുകൾക്കും എ.ഡി.എസ്സുകൾക്കും അംഗീകാരം നൽകുന്നുണ്ട്. സർക്കാർ ഫണ്ട് ലഭ്യമാകുന്ന മറയ്ക്ക് തന്നെ വേതന വിതരണം നൽകി വരുന്നുണ്ട്. സർക്കാർ ഫണ്ട് കാലതാമസം വരുന്ന സമയങ്ങളിൽ തനതു ഫണ്ടിൽ നിന്നും വേതന വിതരണം നൽകാറുണ്ട്. മൊത്തം പദ്ധതി ചെലവിന്റെ നിശ്ചിത ശതമാനം സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കാൻ മാറ്റിവയ്ക്കണമെന്ന നിബന്ധന ഏർപ്പെടുത്തുന്നുണ്ട്. പദ്ധതി കമ്പ്യൂട്ടർ സഹായ ത്തോടെ തയ്യാറാക്കുന്നതിന് നഗരസഭയിൽ സോഷ്യൽ ഓഡിറ്റ് സംവിധാനം പുനഃക്രമീകരിച്ചിട്ടുണ്ട്.<br><br>അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആക്ഷൻ പ്ലാൻ & ലേബർ ബഡ്ജറ്റ് തയ്യാറാക്കിയത് ഡി.പി.സി. സംസ്ഥാന തൊഴിലുറപ്പ് കമ്മിറ്റി അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാ നത്തിൽ ആദ്യഗഡു വായി 50,00,000/- രൂപ നഗരസഭയ്ക്ക് ലഭ്യമായിട്ടുണ്ട്. ഓരോ വാർഡിലും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയും, മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മേൽ കമ്മിറ്റികൾ പരിശോധന നടത്തി പ്രവർത്തനം വിലയിരു | |

| | | | |
|---|---|---|---|
| | | | ത്തിയാണ് അയ്യങ്കാളി നഗരതൊ ഴില്ലറപ്പ് പദ്ധതി തൊഴിലാളി കൾക്ക് തുക നൽകുന്നത്.<br>അയ്യങ്കാളി നഗരതൊഴില്ലറപ്പ് പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ചാലച്ചട്ടകുളം തോട് വൃത്തി യാക്കൽ തരിശ്ശ ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവൃത്തി, സുഭിക്ഷ കേരളം പ്രവൃത്തി, വിവിധ വാർഡുകളിൽ തെങ്ങിൻ തടം ചെയ്യുന്ന പ്രവൃത്തി, തൈകൾ വെച്ച് പിടിപ്പിക്കുന്ന പ്രവൃത്തി എന്നീ പ്രവൃത്തി കൾക്ക് 8504 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കു കുകയും 27,45,104/- രൂപ ചെലവ ഴിക്കുകകയും ചെയ്തിട്ടുണ്ട്. അതുകൂടാതെ പി.എം.എ.വൈ ഭവന നിർമ്മാണ പ്രവൃത്തിക്കായി 48 ഗുണഭോക്താക്കൾ 2406 തൊഴിൽ ദിനങ്ങൾ സൃഷ്ടിക് കുകയും 7,36,586/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 10910 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 34,89,278/- രൂപ ചെലവഴി ക്കുകയും ചെയ്തിട്ടുണ്ട്. |
| | 2012-13<br>3.3.6(2) | വർഷങ്ങളായി നികത്തപ്പെടാത്ത തസ്തികകൾ | കാസറഗോഡ് നഗരസഭയ്ക്ക് കീഴില്ലള്ള ആയുർവ്വേദ ആശു പത്രിയിൽ നിലവിൽ തസ്തിക കൾ ഒഴിഞ്ഞു കിടക്കുന്നില്ല. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തു ന്നതിന്റെ ഭാഗമായി 2014-ൽ 30 കിടക്ക കകൾ ആയി ഉയർത്തി യതിനുശേഷം എല്ലാ ഫർണ്ണി ച്ചറുകളും പൂർണ്ണമായി ഉപയോഗിക്കുന്നുണ്ട്. ഉപയോ ഗശൂന്യമായ ഫർണ്ണിച്ചറുകൾ സ്ഥാപനത്തിൽ നിലവിലില്ല. വിവിധ ഡിപ്പാർട്ട് മെന്റുകളിലായി 150 ൽ അധികം രോഗികൾ ദിവസേന ആശുപത്രിയുടെ സേവനം ദിവസവും ഉയോഗപ്പെട്ട ത്തുന്നുണ്ട്. 2011 ൽ അറ്റകുറ്റപണി നടത്തിയ |

| | | | |
|---|---|---|---|
| | | | മുറികളെല്ലാം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. |
| | 3.3.6(16) | രോഗപ്രതിരോധ പ്രവർത്തനം | കാസറഗോഡ് നഗരസഭയിൽ 2021-22 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയിലെ 38 വാർഡുകളിലേയും ഓടകളും വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിലും സ്പ്രേയിങ് നടത്തിയിട്ടുള്ളതാണ്. കൂടാതെ ഈഡിസ് കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആശാ വർക്കർമാർ മുഖേന നഗരസഭാ പരിധിയിലെ 55,000 ഓളം വീടുകൾ സന്ദർശിക്കുകയും പൊതുകിണറുകൾ ക്ലോറിനേഷൻ നടത്തിയിട്ടുള്ളതാണ്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി നഗരസഭാ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്. കൊതുജന്യ രോഗങ്ങൾ തടയുന്നതിലേയ്ക്ക് വാർഡുകളിൽ ബോധവത്കരണ പ്രവർത്തനങ്ങളും നട ത്തിയിട്ടുള്ളതാണ്. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 26,19,55,973/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25,50,82,544/- |
| വരവിനങ്ങളിലുള്ള നഷ്ടം | 11,13,565/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,19,419/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 74,75,216/- |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 1-11 | 180 | -- | വിനേഷ് കുമാർ, ക്ലർക്ക് |
| 2-1 | 11,13,385 | -- | ബി ആർ ബാബുരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-45/ 3-1 | - | 1,00,237.5 | ഉപേന്ദ്രൻ വി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-45/ 3-1 | | 88413.5 | ദിലീഷ് എൻ.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-46/ 3-2 | - | 18733 | ഉപേന്ദ്രൻ വി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-47 | - | 21357 | ഉപേന്ദ്രൻ വി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-48/ 3-4 | - | 37307 | ഉപേന്ദ്രൻ വി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-49/ 3-5 | - | 14042 | ഉപേന്ദ്രൻ വി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-54/ 3-3 | - | 7,39,329 | എ കെ ദാമോദരൻ ഹെൽത്ത് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 2,88,575 | ശരത്ത് ടി.വി, പട്ടിക ജാതി വികസന ഓഫീസർ |
| 1-25 | 5000 | ശരത്ത് ടി.വി, പട്ടിക ജാതി വികസന ഓഫീസർ |
| 1-29 | 1460840 | കെ മനോഹർ, സെക്രട്ടറി - 234400 |
| | | ഷർമിള പി, സെക്രട്ടറി - 220600 |
| | | ബിജു.എസ്, സെക്രട്ടറി - 1005840 |
| 1-33 | 129500 | ഷർമിള പി, സെക്രട്ടറി - 9000 |
| | | ബിജു.എസ്, സെക്രട്ടറി -120500 |
| 1-34 | 280750 | കെ മനോഹർ, സെക്രട്ടറി |
| 1-35 | 4070000 | ബിജു.എസ്, സെക്രട്ടറി |
| 1-37 | 256753 | കെ മനോഹർ, സെക്രട്ടറി |
| 1-38 | 299713 | ബിജു.എസ്, സെക്രട്ടറി |
| 1-40 | 45309 | കെ മനോഹർ, സെക്രട്ടറി - 11109 |
| | | ബിജു.എസ്, സെക്രട്ടറി - 34200 |

| | | |
|---|---|---|
| 1-44 | 638776 | ഉപേന്ദ്രൻ വി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-49 | 2528 | ഉപേന്ദ്രൻ വി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

1-12, 1-22, 1-23, 1-44, 1-45, 1-54

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉപേന്ദ്രൻ വി.വി, | അസിസ്റ്റന്റ് എഞ്ചിനീയർ | S/o. കെ.വി. ഗോപാലൻ (Late)<br>ബങ്കളം സൗത്ത്<br>ബങ്കളം പി.ഒ<br>നീലേശ്വരം. |
| ദിലീഷ് എൻ.ഡി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | നടുവിലത്താര കുമ്പളങ്ങി സൗത്ത് പി.ഒ<br>കൊച്ചി-7 എറണാകുളം |
| ബിജു.എസ്. | സെക്രട്ടറി | പ്രശാന്തി (H) പാതിരപ്പള്ളി ആലപ്പുഴ. |
| മനോഹർ.കെ | സെക്രട്ടറി | കാക്കണ്ടിയിൽ ഹൗസ് മേമുണ്ട പി.ഒ, വടകര, പിൻ -673104 |
| വിനേഷ് കുമാർ | ക്ലർക്ക് | മറക്കാ മുട്ടം<br>പുത്തൻ വീട്<br>വഴുതൂർ<br>നെയ്യാറ്റിൻ കര<br>തിരുവനന്തപുരം - 695201 |
| ശരത്ത് ടി.വി | പട്ടികജാതി വികസന ഓഫീസർ | താഴത്ത് ഹൗസ്<br>ഉദിനൂർ സൗത്ത്<br>ഉദിനൂർ പി.ഒ<br>കാസറഗോഡ് |
| ഏ കെ ദാമോദരൻ | ഹെൽത്ത് സൂപ്പർവൈസർ | ദേവപ്രിയ(H)<br>അന്നൂർ പി ഒ<br>കണ്ണൂർ-670322 |

| | | |
|---|---|---|
| ബി ആർ ബാബുരാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | ഉത്രാടം (H) കാവിൽവിള വെൺപകൽ പി ഒ തിരുവനന്തപുരം-695123 |
| ഷർമിള പി, | സെക്രട്ടറി | വൈഷ്ണവം, പെരുമ്പറമ്പ, ഇരിട്ടി, കണ്ണൂർ-670703 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 1995-96 | KSA/KSM2/367/2022(1) Dated: 02.09.2022 | 17 |
| 2 | 1997-98 | LF-KSD3/506/99 Dated : 01-10-1999 (Expenditure) | 11 |
| 3 | 1997-98 | LF-KSD.5/649/2001 Dated:30.03.2001 | 3 |
| 4 | 1998-99 | LF-KSD5/56/2001 Dated :15-09-2001 (Expenditure) | 9 |
| 5 | 1998-99 | LF-KSD8/529/2005 Dated : 30-11-2006(Final) | 12 |
| 6 | 1999-00 | LF-KSD6/50/2010 Dated: 01-06-2010 (Final) | 25 |
| 7 | 2000-01 | KSA/KSM2/367/2022(1) Dated: 02.09.2022 | 10 |
| 8 | 2001-02 | LF-KSD6/514/2009 Dated : 18-11-2009 | 16 |
| 9 | 2002-03 | LF-KSD8/875/2007 Dated :20-11-2010/06-10-2009 | 30 |
| 10 | 2003-04 | LF-KM2/165/2013 Dated : 21-04-2014 | 18 |
| 11 | 2004-05 | LF-KM2/94/2013 Dated : 29-05-2014 | 21 |
| 12 | 2005-06 | KSA-KSM2/443/2009 Dated : 25-03-2017 | 19 |
| 13 | 2006-07 | KSA-KSM2/06/2010 Dated : 30-03-2017 | 24 |
| 14 | 2007-08 | LF-KM2/248/2010 Dated : 15-03-2017 | 12 |
| 15 | 2008-09 | LF-KM2/74/2011 Dated :18-03-2017 | 20 |
| 16 | 2009-10 | KSA-KSM2/219/2010 Dated: 20-03-2017 | 14 |
| 17 | 2010-11 | KSA-KSM2/346/2015 Dated : 22-04-2017 | 14 |
| 18 | 2011-12 | LF-KM2/54/2015 Dated :17-03-2015 | 12 |
| 19 | 2012-13 | KSA-KSM2/231/2014 Dated : 20-05-2017 | 16 |
| 20 | 2013-14 | KSA-KSM2/185/2015 Dated : 14-07-2017 | 20 |
| 21 | 2014-15 | KSA-KSM2/302/2017 Dated : 14-09-2017 | 37 |
| 22 | 2015-16 | KSA/KSM2/367/2022(1) Dated: 02.09.2022 | 36 |
| 23 | 2016-17 | KSA-KSM2/360/2017 Dated : 03-11-2017 | 36 |

| | | | |
|---|---|---|---|
| 24 | 2017-18 | KSA/KSM2/367/2022(1) Dated: 02.09.2022 | 43 |
| 25 | 2018-19 | KSA/KSM2/367/2022(1) Dated: 02.09.2022 | 40 |
| 26 | 2019-20 | KSA/KSM2/367/2022(1) Dated: 02.09.2022 | 27 |
| 27 | 2020-21 | KSA-KSM2/410/2021 Dated : 14.03.2022 | 50 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ
നഗരസഭ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കാസറഗോഡ് മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Kasargod Municipality INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022.

| Code.No | Description of Items | Schedule No. | Amount. |
|---|---|---|---|
| 110000000 | Tax Revenue | 1-1 | 5,12,24,002.00 |
| 120000000 | Assigned Revenues & Compensation | 1-2 | |
| 130000000 | Rental income from Municipal Properties | 1-3 | 1,40,03,981.00 |
| 140000000 | Fees & User Charges | 1-4(b) | 95,00,971.00 |
| 150000000 | Sale & Hire Charges | 1-5(b) | 13,59,418.00 |
| 160000000 | Revenue Grants, Contributions & Subsidies | 1-6 | 20,32,92,640.00 |
| 170000000 | Income from investments | 1-7 | 1,04,118.00 |
| 171000000 | Interest Earned | 1-8 | 1,95,091.00 |
| 180000000 | Other income | 1-9 | 90.00 |
| A | Total-Income | | 27,96,80,311.00 |
| | Expentirue | | |
| 210000000 | Establishment Expenses | 1-10(b) | 7,63,18,991.00 |
| 220000000 | Administrative Expenses | 1-11(b) | 1,19,11,650.00 |
| 230000000 | Operation & Maintence | 1-12(b) | 1,62,88,179.00 |
| 240000000 | Interest & Finance Charges | 1-13 | 1,55,170.00 |
| 250000000 | Programme Expenses | 1-14 | 11,96,89,765.00 |
| 251000000 | Decentralised Plan Programme - Service Sector. | 1-14 | 1,57,59,131.00 |
| 252000000 | Decentralised Plan Programme - Infrastructure Sector. | 1-14 | 1,92,89,544.00 |
| 253000000 | Decentralised Plan Programme | 1-14 | 56,61,246.00 |

| | | | |
|---|---|---|---|
| | -Projects not included in Sector Division | | |
| 260000000 | Revenue Grants, Contribution and Subsidies. | 1-15 | 50,000.00 |
| B | Total -Expenditure | | 26,51,23,676.00 |
| C=A-B | Gross Surplus/Deficit of income over Expenditure | | 1,45,56,635.00 |
| D=280000000 | Prior Period item | 1-18 | (23,14,649.00) |
| E=C-D<br>290000000 | Gross Surplus/Deficit of income over Expenditure after Prior Period item<br>Transfer to Reserve Funds | | 1,68,71,284.00 |
| | Net Balance being Surplus/Deficit carried over to Balance sheet (Municipal Fund) | | 1,68,71,284.00 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

നഗരസഭ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

4

# റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്.

| Kasaragod Municipality RECEIPT & PAYMENT STATEMENT<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| | Bank<br><br>Cash | RP-40(a)<br><br>RP-40(a) | 8,37,76,606.04<br><br>15,89,873.00 |
| Code.No | Description of Items | Schedule No | Amount |
| 110000000 | Tax Revenue | RP-1 | 1,38,66,466.00 |
| 120000000 | Assigned Revenues & Compensation | RP-2 | 0.00 |
| 130000000 | Rental income from Municipal Properties | RP-3 | 2,58,300.00 |
| 140000000 | Fees & User Charges | RP-4 | 66,01,695.00 |
| 150000000 | Sale & Hire Charges | RP-5 | 13,59,418.00 |
| 160000000 | Revenue Grants, Contributions & Subsidies | RP-6 | 10,16,24,980.00 |
| 170000000 | Income from Investments | RP-7 | 1,04,118.00 |
| 171000000 | Interest Earned | RP-8 | 1,95,626.00 |
| 180000000 | Other Income | RP-9 | 90.00 |
| 341000000 | Deposit Works | RP-28 | 27,862.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 6,43,77,160.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-22 | 75,48,907.00 |
| 311000000 | Reserves | RP-23 | 0.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 4,42,13,177.00 |
| 340000000 | Deposits Received | RP-27 | 25,42,166.00 |
| 350000000 | Other Labilities | RP-29 | 1,91,32,834.00 |
| 460000000 | Loans Advances and Deposits | RP-41 | 1,03,174.00 |
| Grand Total | | | 34,73,22,452.04 |
| Operating | Payment | | |
| 210000000 | Establishment Expenses | RP-10 | 1,96,51,724.00 |
| 220000000 | Administrative Expenses | RP-11 | 23,26,376.00 |
| 230000000 | Operations & Maintences | RP-12 | 1,47,04,119.00 |
| 240000000 | Interest & Finance Charges | RP-13 | 1,55,170.00 |
| 250000000 | Progressive | RP-14 | 3,25,05,860.00 |

| | | | |
|---|---|---|---|
| | Expenses | | |
| 251000000 | Decentralised Plan Programme – Service Sector | RP-45 | 2,21,43,495.00 |
| 252000000 | Decentralised Plan Programme – Infrastructure Sector | RP-46 | 1,89,57,091.00 |
| 253000000 | Decentralized Plan Programme – Projects not included in Sector Division. | RP-47 | 71,40,943.00 |
| 260000000 | Revenue Grants, Contribution and Subsidies | RP-15 | 50,000.00 |
| 341000000 | Deposits Works | RP-28 | 17.00 |
| 350000000 | Other Liabilities | RP-29 | 3,44,76,311.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 64,51,057.00 |
| Non Operating | | | |
| 280000000 | Prior Period Item | RP-19 | 7,10,184.00 |
| 311000000 | Earmarked Funds | RP-22 | 20,04,674.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 2,76,28,553.00 |
| 340000000 | Deposits Received | RP-27 | 9,23,598.00 |
| 350000000 | Other Labilities | RP-29 | 4,94,85,575.00 |
| 410000000 | Fixed Assets | RP-31 | 54,04,069.00 |
| 412000000 | Capital Work in Progress | RP-33 | 81,60,323.00 |
| 460000000 | Loans, Advances and Deposits | RP-41 | 22,03,405.00 |
| Closing Balance | | | |
| Bank | | RP-40(b) | 9,10,07,777.04 |
| Cash | | RP-40(b) | 12,32,131.00 |
| Grand Total | | | 34,73,22,452.04 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

നഗരസഭ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## ബാലൻസ് ഷീറ്റ്

| Kasaragod Municipality BALANCE SHEET<br>For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| 310000000 | LIABILITIES<br>Reserve & Surplus<br>Municipal (General) Fund [Code No.310] | B-1 | 16,09,17,464.44 |
| 311000000 | Earmarked Funds | B-2 | 1,31,823.00 |
| 312000000 | Reserves | B-3 | 15,77,25,670.00 |
| | Total Reserve & Surplus | | 31,87,74,957.44 |
| 320000000 | Grants, Contributions for specific purposes<br>Grants, Contribution form spefific purposes | B-4 | 7,40,23,483.00 |
| | Total Grants, Contributions for specific purposes. | | 7,40,23,483.00 |
| 330000000 | Loans<br>Secured Loans | B-5 | 0.00 |
| 331000000 | Unsecured Loans. | B-6 | 0.00 |
| | Total Loans | | 0.00 |
| 340000000 | Current Liabilities and Provisions<br>Deposit Received | B-7 | 1,97,39,366.00 |
| 341000000 | Deposit Works | B-8 | 9,54,147.00 |
| 350000000 | Other Liabilities | B-9 | 4,34,26,193.81 |
| | Total Current Liabilities and Provisions | | 6,41,19,706.81 |
| 410000000 | TOTAL LIABILITIES<br>ASSETS<br>Fixed Assets<br>Fixed Assets | B-11 | 45,69,18,147.25<br>24,06,62,167.00 |
| 411000000 | Accumulated Depreciation | B-11 | -2,48,13,928.00 |
| 412000000 | Capital Work in Progress | B-11 | 74,52,439.00 |
| | Total Fixed Assets | | 22,33,00,678.00 |
| 420000000 | Investments<br>Investments-General Fund | B-12 | 20,29,000.00 |
| | Total Investments | | 20,29,000.00 |
| 430000000 | Current Assets-Loans and Advances<br>Stock-in hand | B-14 | 4,89,267.00 |
| 431000000 | Sundry Debtors (Receivables) | B-15 | 14,33,32,721.21 |
| 432000000 | Accumulated Provisions Against Debtors (Receibles) | B-21 | (1,22,17,872.00) |
| 450000000 | Cash and Bank Balance | B-17 | 9,22,39,908.04 |
| 460000000 | Loans, Advances and Deposits | B-18 | 77,44,445.00 |
| | Total Current Assets, Loans and Advances | | 23,15,88,469.25 |
| 480000000 | Miscellaneous Expenditure (To the Extent not written off)<br>Miscellaneous Expenditure to be written off | B-20 | 0.00 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.00 |
| | TOTAL ASSETS | | 45,69,18,147.25 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

നഗരസഭ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## 6

## വീട്ടുവാടക ബത്ത - അധിക നിരക്കിൽ നൽകിയതിന്റെ വിവരം

a) സ്ഥിര ജീവനക്കാർ:

| ക്രമ നമ്പർ | പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ശമ്പളം കൈപ്പറ്റിയ മാസം | അനവദനീയമായ HRA(6%) | അനവദിച്ച HRA (8%) | അധികം അനവദിച്ച തുക | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|---|---|---|
| 1. | ഷാർമിള പി, PA to Secretary | 81000 | 04/2021 | 4860 | 6480 | 1620 | 02/2021-2022 |
| | | | 05/2021 | 4860 | 6480 | 1620 | 77/2021-22 |
| | | | 06/2021 | 4860 | 6480 | 1620 | 99/2021-22 |
| | | | 07/2021 | 4860 | 6480 | 1620 | 170/2021-22 |
| | | | 08/2021 | 4860 | 6480 | 1620 | 216/2021-22 |
| | | | 09/2021 | 4860 | 6480 | 1620 | 265/2021-22 |
| | | | 10/2021 | 4860 | 6480 | 1620 | 294/2021-22 |
| | | | 11/2021 | 4860 | 6480 | 1620 | 374/2021-22 |
| | | | 12/2021 | 4860 | 6480 | 1620 | 433/2021-22 |
| | | | 01/2022 | 4860 | 6480 | 1620 | 504/2021-22 |
| | | | 02/2022 | 4860 | 6480 | 1620 | 576/2021-22 |
| | | 83000 | 03/2022 | 4980 | 6640 | 1660 | 641/2021-22 |
| 2. | അമിത ബി, Superintendent | 63700 | 04/2021 | 3822 | 5096 | 1274 | 02/2021-22 |
| | | | 05/2021 | 3822 | 5096 | 1274 | 77/2021-22 |
| | | | 06/2021 | 3822 | 5096 | 1274 | 99/2021-22 |
| | | | 07/2021 | 3822 | 5096 | 1274 | 170/2021-22 |
| | | | 08/2021 | 3822 | 5096 | 1274 | 216/2021-22 |
| | | | 09/2021 | 3822 | 5096 | 1274 | 265/2021-22 |
| | | 65200 | 10/2021 | 3912 | 5216 | 1304 | 294/2021-22 |
| | | | 11/2021 | 3912 | 5216 | 1304 | 374/2021-22 |
| | | | 12/2021 | 3912 | 5216 | 1304 | 433/2021-22 |
| | | | 01/2022 | 3912 | 5216 | 1304 | 504/2021-22 |
| | | | 02/2022 | 3912 | 5216 | 1304 | 576/2021-22 |
| 3. | മുഹമ്മദ് കുഞ്ഞി കെ, U D Typist | 49000 | 04/2021 | 2940 | 3920 | 980 | 02/2021-22 |
| | | 50200 | 05/2021 | 3012 | 4016 | 1004 | 77/2021-22 |
| | | | 06/2021 | 3012 | 4016 | 1004 | 99/2021-22 |
| | | | 07/2021 | 3012 | 4016 | 1004 | 170/2021-22 |
| | | | 08/2021 | 3012 | 4016 | 1004 | 216/2021-22 |
| | | | 09/2021 | 3012 | 4016 | 1004 | 265/2021-22 |
| | | | 10/2021 | 3012 | 4016 | 1004 | 294/2021-22 |
| | | | 11/2021 | 3012 | 4016 | 1004 | 374/2021-22 |
| | | | 12/2021 | 3012 | 4016 | 1004 | 433/2021-22 |
| | | | 01/2022 | 3012 | 4016 | 1004 | 504/2021-22 |
| | | | 02/2022 | 3012 | 4016 | 1004 | 576/2021-22 |
| 4. | വിജേഷ് ഇ, U D Typist | 47800 | 04/2021 | 2868 | 3824 | 956 | 641/2021-22 |
| | | | 05/2021 | 2868 | 3824 | 956 | 77/2021-22 |
| | | | 06/2021 | 2868 | 3824 | 956 | 99/2021-22 |
| | | | 07/2021 | 2868 | 3824 | 956 | 170/2021-22 |
| | | | 08/2021 | 2868 | 3824 | 956 | 216/2021-22 |
| | | | 09/2021 | 2868 | 3824 | 956 | 265/2021-22 |
| | | | 10/2021 | 2868 | 3824 | 956 | 294/2021-22 |
| | | | 11/2021 | 2868 | 3824 | 956 | 374/2021-22 |
| | | | 12/2021 | 2868 | 3824 | 956 | 433/2021-22 |
| | | | 01/2022 | 2868 | 3824 | 956 | 504/2021-22 |
| | | | 02/2022 | 2868 | 3824 | 956 | 576/2021-22 |
| | | | 03/2022 | 2868 | 3824 | 956 | 641/2021-22 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ജിനേഷ് കെ.ജെ, സീനിയർ ക്ലാർക്ക് | 38300 | 10/2021 | 2298 | 3064 | 766 | 375/2021-22 |
| | | | 11/2021 | 2298 | 3064 | 766 | 374/2021-22 |
| | | | 12/2021 | 2298 | 3064 | 766 | 433/2021-22 |
| | | | 01/2022 | 2298 | 3064 | 766 | 504/2021-22 |
| | | | 02/2022 | 2298 | 3064 | 766 | 576/2021-22 |
| 6. | രാജേഷ് എ, Senior Clerk | 36500 | 04/2021 | 2190 | 2920 | 730 | 02/2021-22 |
| | | | 05/2021 | 2190 | 2920 | 730 | 77/2021-22 |
| | | 37400 | 06/2021 | 2244 | 2992 | 748 | 99/2021-22 |
| | | | 07/2021 | 2244 | 2992 | 748 | 170/2021-22 |
| | | | 08/2021 | 2244 | 2992 | 748 | 216/2021-22 |
| | | | 09/2021 | 2244 | 2992 | 748 | 265/2021-22 |
| | | 9973.33 | 10/2021 | 598.39 | 797.87 | 199.48 | 294/2021-22 |
| 7. | രാജലക്ഷ്മി ആർ , സീനിയർ ക്ലർക്ക് | 29629.03 | 09/2021 | 1777.74 | 2503.55 | 725.81 | 295/2021-22 |
| | | 35600 | 10/2021 | 2136 | 2848 | 712 | 294/2021-22 |
| | | | 11/2021 | 2136 | 2848 | 712 | 374/2021-22 |
| | | | 12/2021 | 2136 | 2848 | 712 | 433/2021-22 |
| | | | 01/2022 | 2136 | 2848 | 712 | 504/2021-22 |
| | | | 02/2022 | 2136 | 2848 | 712 | 576/2021-22 |
| | | | 03/2022 | 2136 | 2848 | 712 | 641/2021-22 |
| 8. | മനീഷ് കെ വി , സീനിയർ ക്ലർക്ക് | 32154.84 | 09/2021 | 1929.29 | 2572.39 | 643.1 | 295/2021-22 |
| | | 35600 | 10/2021 | 2136 | 2848 | 712 | 294/2021-22 |
| | | 13780.65 | 11/2021 | 826.83 | 1102.45 | 275.62 | 374/2021-22 |
| 9. | വിനിത സി വി , സീനിയർ ക്ലർക്ക് | 35600 | 10/2021 | 2136 | 2848 | 712 | 294/2021-22 |
| | | | 11/2021 | 2136 | 2848 | 712 | 374/2021-22 |
| | | | 12/2021 | 2136 | 2848 | 712 | 433/2021-22 |
| | | | 01/2022 | 2136 | 2848 | 712 | 504/2021-22 |
| | | | 02/2022 | 2136 | 2848 | 712 | 576/2021-22 |
| | | | 03/2022 | 2136 | 2848 | 712 | 641/2021-22 |
| 10. | ചിഞ്ചു പി വിൽസൺ ,സീനിയർ ക്ലർക്ക് | 35600 | 10/2021 | 2136 | 2848 | 712 | 294/2021-22 |
| | | | 11/2021 | 2136 | 2848 | 712 | 374/2021-22 |
| | | | 12/2021 | 2136 | 2848 | 712 | 433/2021-22 |
| | | | 01/2022 | 2136 | 2848 | 712 | 504/2021-22 |
| | | | 02/2022 | 2136 | 2848 | 712 | 576/2021-22 |
| | | | 03/2022 | 2136 | 2848 | 712 | 641/2021-22 |
| 11. | ഷീബ ഐഎസ് , Senior Clerk | 35600 | 04/2021 | 2136 | 2848 | 712 | 02/2021-22 |
| | | | 05/2021 | 2136 | 2848 | 712 | 77/2021-22 |
| | | | 06/2021 | 2136 | 2848 | 712 | 99/2021-22 |
| | | | 07/2021 | 2136 | 2848 | 712 | 170/2021-22 |
| | | | 08/2021 | 2136 | 2848 | 712 | 216/2021-22 |
| | | | 09/2021 | 206.70 | 275.61 | 68.91 | 265/2021-22 |
| 12. | നസീർ എൻ എസ് , Clerk | 35600 | 04/2021 | 2136 | 2848 | 712 | 02/2021-22 |
| | | | 05/2021 | 2136 | 2848 | 712 | 77/2021-22 |
| | | | 06/2021 | 2136 | 2848 | 712 | 99/2021-22 |
| | | | 07/2021 | 2136 | 2848 | 712 | 170/2021-22 |
| | | | 08/2021 | 2136 | 2848 | 712 | 216/2021-22 |
| | | | 09/2021 | 2136 | 2848 | 712 | 265/2021-22 |
| | | | 10/2021 | 2136 | 2848 | 712 | 294/2021-22 |
| | | | 11/2021 | 2136 | 2848 | 712 | 374/2021-22 |
| | | | 12/2021 | 2136 | 2848 | 712 | 433/2021-22 |
| | | | 01/2022 | 2136 | 2848 | 712 | 504/2021-22 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 02/2022 | 2136 | 2848 | 712 | 576/2021-22 |
| | | | 03/2022 | 2136 | 2848 | 712 | 641/2021-22 |
| 13. | സിംലേഷ് കുമാർ , Driver | 25800 | 04/2021 | 1548 | 2064 | 516 | 02/2021-22 |
| | | | 05/2021 | 1548 | 2064 | 516 | 77/2021-22 |
